# മഹാത്മാഗാന്ധി സർവ്വകലാശാല

## 2026 ഏപ്രിൽ 07 ചൊവ്വാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (26.03) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ഡോ. സുമേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 3. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 4. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 5. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 7. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 8. | ഡോ. റോബിനെറ്റ് ജേക്കബ് | സിൻഡിക്കേറ്റംഗം |
| 9. | ശ്രീ. എം. എസ്. ബിജുക്കുട്ടൻ, അഡിഷണൽ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ | സിൻഡിക്കേറ്റംഗം |
| 10. | ശ്രീ. ഉബൈദുള്ള എ സി, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് | സിൻഡിക്കേറ്റംഗം |
| 11. | ശ്രീ. ഹരികൃഷ്ണൻ പി | സിൻഡിക്കേറ്റംഗം |
| 12. | അഡ്വ. റജി സഖറിയ | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. വാസന്തഗോപാൽ, ഡോ. പ്രമോദ് ഗോപിനാഥ്, അഡ്വ. പി. ബി. സതീഷ് കുമാർ എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

**അനുശോചന പ്രമേയം**

എം. ജി. സർവകലാശാല അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയൺമെൻറൽ സ്റ്റഡീസ് ആൻഡ് സസ്റ്റെയ്നബിൾ ഡവലപ്മെൻറ് ഓണററി ഡയറക്ടർ ഡോ. എ. പി. തോമസിന്റെ നിര്യാണത്തിൽ എംജി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു. പരിസ്ഥിതി പഠന വകുപ്പിന്റെയും, സുസ്ഥിര പഠന ഗവേഷണ കേന്ദ്രത്തിന്റെയും വളർച്ചക്ക് അദ്ദേഹം നൽകിയ സംഭാവനകളും, ഗവേഷണ അക്കാദമിക മേഖലകളിൽ നടത്തിയ ഇടപെടലുകളും വിലമതിക്കാനാകാത്തതാണ്. പരിസ്ഥിതി പഠനവകുപ്പിന്റെ ഡീൻ & ഡയറക്ടർ, സിൻഡിക്കേറ്റ് മെമ്പർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗം, വിവിധ സർവകലാശാലകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പ്ലാനിങ് ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച ഡോ. എ. പി. തോമസ് 170 ലേറെ ഗവേഷണ പ്രസിദ്ധീകരണങ്ങളും 23 ഗവേഷണ പ്രബന്ധങ്ങളും നിരവധി ശാസ്ത്ര ഗ്രന്ഥങ്ങളും സംഭാവനകളായുണ്ട്.

പ്രമുഖ ചരിത്രകാരനും കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ. എൻ. പണിക്കരുടെ നിര്യാണത്തിൽ ഈ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു. പ്രമുഖ കോൺഗ്രസ്-സോഷ്യലിസ്റ്റ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ കെ.പി. ഉണ്ണികൃഷ്ണൻ, മുതിർന്ന മാധ്യമ പ്രവർത്തകനും നയതന്ത്രജ്ഞനും രാജ്യസഭാംഗവുമായിരുന്ന എച്ച്.കെ. ദുവ, പ്രശസ്ത സാമൂഹിക ശാസ്ത്രജ്ഞൻ പ്രഫ. ടി.കെ.ഉമ്മൻ, പ്രമുഖ ബംഗാളി സാഹിത്യകാരൻ മണിശങ്കർ മുഖോപാധ്യായ, പ്രമുഖ മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ കെ. ഗോവിന്ദൻകുട്ടി, ചലച്ചിത്ര നടനും നാടക സംവിധായകനുമായ ഇ. എ. രാജേന്ദ്രൻ എന്നിവരുടെ നിര്യാണത്തിലും സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

**അനുമോദന പ്രമേയം**

ഉന്നത വിദ്യാഭ്യാസ രംഗത്ത് വിശിഷ്ട സംഭാവനകൾ നൽകിയ പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ പൂനെ സാവിത്രി ബായി ഫൂലെ സർവ്വകലാശാലയുടെ പുരസ്കാരം ലഭിച്ച മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. സി ടി അരവിന്ദകുമാറിന് സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

2025 ലെ ജ്ഞാനപീഠ പുരസ്കാരം നേടിയ തമിഴ്കവിയും നോവലിസ്റ്റും ഗാനരചയിതാവുമായ ആർ. വൈരമുത്തു, 2025 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ പ്രമുഖകഥാകൃത്തും നോവലിസ്റ്റുമായ എൻ. പ്രഭാകരൻ എന്നിവർക്ക് സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അഭിനന്ദനങ്ങൾ.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ദി തേർഡ് ഏജ് (MGU3A) കൂട്ടായ്മയുടെ മാന്നുരുത്തിൽ U3A എൻക്ലേവിലേക്കുള്ള റോഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ, MGU3A ഡയറക്ടർ, എസ്റ്റേറ്റ് ഓഫീസർ, സർവകലാശാല ജീവനക്കാർ, എൻക്ലേവിനും റോഡിനുമായി ഭൂമി വിട്ടു നൽകിയവർ എന്നിവരെ ഈ യോഗം അഭിനന്ദിക്കുന്നു.

ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ബയോമെഡിക്കൽ റിസർച്ചിലെ ഗവേഷകരായ നിഷാദ് കീത്തെടത്ത്, രാജേഷ് അനന്ത ഷെണോയ്, ഗൗതം ചന്ദ്ര, മോഹനകുമാർ കൊച്ചുപുരയ്ക്കൽ എന്നിവർ ചേർന്നു വികസിപ്പിച്ച നവീന നാനോ ഡ്രഗ് കാരിയർ സാങ്കേതികവിദ്യക്ക് ഇന്ത്യ ഗവൺമെൻറിൻറെ പേറ്റൻറ് ലഭിച്ചു. പാർക്കിൻസൻസ്, അൽഷിമേഴ്സ് രോഗചികിത്സയിൽ വൻ വഴിത്തിരിവായേക്കാവുന്ന ഈ കണ്ടുപിടിത്തത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ ഗവേഷകർക്കും അനുമോദനങ്ങൾ.

ചലച്ചിത്ര പ്രതിഭ മമ്മൂട്ടി, നാഗസ്വര വിദ്വാൻ തിരുവിഴ ജയശങ്കർ, പ്രശസ്ത വാസ്കലാർ സർജനും ചങ്ങനാശേരി ചെത്തിപ്പുഴ സെൻ്റ് തോമസ് ആശുപത്രി മെഡിക്കൽ അഡ്മിനിസ്ട്രേറ്ററുമായ ഡോ.എൻ.രാധാകൃഷ്ണൻ എന്നിവർക്ക് ഓണററി ഡോക്ടറേറ്റ് നൽകാൻ സർവകലാശാലാ അക്കാദമിക് കൗൺസിൽ തീരുമാനമായി. മൂവർക്കും ഈ സിൻഡിക്കേറ്റ് യോഗത്തിന്റെ അഭിനന്ദനങ്ങൾ.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിൽ തിരുവനന്തപുരത്തു സംഘടിപ്പിച്ച കേരള ഹയർ എജ്യുക്കേഷൻ എക്സ്പോയിൽ ആരോഗ്യശാസ്ത്ര മേഖലയിലെ മികച്ച പേപ്പർ അവാർഡ് വിഭാഗത്തിൽ ഓറൽ പ്രസൻറേഷന് തിരഞ്ഞെടുക്കപ്പെട്ട IUCBR & SSH ലെ ഗവേഷകയായ ജിംന മുഹമ്മദ് അമീറിനും മംഗളൂരുവിലെ യെനപോയ സർവകലാശാല സംഘടിപ്പിച്ച ദേശീയ കോൺഫറൻസിൽ മികച്ച പ്രബന്ധത്തിനുള്ള പുരസ്കാരം നേടിയ IUCBR & SSH ലെ ഗവേഷക വിദ്യാർത്ഥിയായ ആനന്ദ് കൃഷ്ണനും IUCBR&SSH ലെ എല്ലാ അധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഈ യോഗത്തിന്റെ അനുമോദനങ്ങൾ.

സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി വനിതാ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ എംജി സർവകലാശാലാ ടീമിനെ ഈ യോഗം അഭിനന്ദിക്കുന്നു.

2025-ലെ കേരള സംഗീത നാടക അക്കാദമി ശാസ്ത്രീയ സംഗീതത്തിനുള്ള അവാർഡ് ലഭിച്ച എറണാകുളം മഹാരാജാസ് കോളേജ് സംഗീത വിഭാഗം അസിസ്റ്റന്റ് പ്രഫസർ ഡോ. എൻ. ജെ. നന്ദിനിയ്ക്കും, കേരള ഫോക് ലോർ അക്കാദമിയുടെ ഡോക്യുമെന്ററി വിഭാഗത്തിൽ 'കുത്തിയോട്ടപ്പാട്ടുകൾ' എന്ന ഡോക്യുമെന്ററി ഒരുക്കി അവാർഡിനർഹയായ എറണാകുളം മഹാരാജാസ് കോളേജ് മലയാള വിഭാഗം അസിസ്റ്റന്റ് പ്രഫസർ ഡോ. മഞ്ജു വി മധുവിനും സിൻഡിക്കേറ്റിന്റെ അനുമോദനങ്ങൾ.

**(I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നവ:**

**ഇനംനമ്പർ 01/26.03/25736/AC A5-3/2026**

**മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നടത്തിവരുന്ന എം.എ പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് പ്രോഗ്രാമിന്റെ പ്രവേശനയോഗ്യത പരിഷ്ക്കരിക്കുന്നതിനുള്ള ഡയറക്ടറുടെ ശിപാർശ വൈസ് ചാൻസലർ അംഗീകരിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്-സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നടത്തിവരുന്ന എം.എ പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് പ്രോഗ്രാമിന്റെ പ്രവേശനയോഗ്യത സംബന്ധിച്ച്, "Students who have completed their undergraduate degree in foreign languages such as French, Russian, Chinese, Korean, German, or Arabic are eligible to apply for admission to the programme under the Languages category, subject to the condition that the medium of instruction for the programme will be English" എന്ന് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 19.03.2026 തീയതിയിലെ 3000/AC A 5/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 02/26.03/7816/P&D 2-1/2026**

**മഹാത്മാഗാന്ധി സർവകലാശാലയും സാഹിത്യ പ്രവർത്തക സഹകരണ സംഘം ലിമിറ്റഡ് നമ്പർ 2458, കോട്ടയവും തമ്മിൽ research, training partnership, collaboration എന്നീ മേഖലകളിലുള്ള സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയും സാഹിത്യ പ്രവർത്തക സഹകരണ സംഘം ലിമിറ്റഡ് നമ്പർ 2458, കോട്ടയവും തമ്മിൽ research, training partnership, collaboration എന്നീ മേഖലകളിലുള്ള സഹകരണത്തിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.02.2026 തീയതിയിലെ 2011/P&D 2/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 03/26.03/13691/AC A12-2/2026**

**B.Voc. (Honours) Food Technology and Analysis - രണ്ട്, അഞ്ച് സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:**

14.02.2026 തീയതിയിൽ Agriculture and Sustainability വിദഗ്ദ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Food Technology and Analysis പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Organoleptic Assessment of Food (MG2MDCFTA100) എന്ന വിഷയത്തിന്റെ End Semester Evaluation (ESE) ൽ തെറ്റായി രേഖപ്പെടുത്തിയിരുന്ന Mark Distribution തിരുത്തുന്നതിനും, അഞ്ചാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Meat,

Fish, Poultry Processing (MG5SDCFTA301) എന്ന വിഷയത്തിന്റെ End Semester Evaluation (ESE) ൽ തെറ്റായി രേഖപ്പെടുത്തിയിരുന്ന Duration of Examination തിരുത്തുന്നതിനും, ശിപാർശ നൽകിയിരുന്നു.

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 25.02.2026 തീയതിയിലെ 2060/AC A 12/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 04/26.03/13874/AC A12-2/2026** **B.Voc. (Honours) Business Accounting and Taxation/ Banking & Finance (Minor) - രണ്ടാം സെമസ്റ്ററിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

14.02.2026 തീയതിയിൽ Accounting and Banking വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Business Accounting and Taxation പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന IT for Business (MG2MDCBTX100) എന്ന കോഴ്സിന്റെ End Semester Evaluation (ESE) ലെ ചോദ്യ പേപ്പർ മാതൃകയിൽ തിരുത്തലുകൾ വരുത്തുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നു. അതോടൊപ്പം, Banking and Finance (Minor) ന്റെ രണ്ടാം സെമസ്റ്ററിലെ Financial Services (MG2MPCBFC100) കോഴ്സിന്റെ End Semester Evaluation (ESE) ലെ ചോദ്യ പേപ്പർ മാതൃകയിലും തിരുത്തലുകൾ വരുത്തുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 28.02.2026 തീയതിയിലെ 2197/AC A 12/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 05/26.03/14648/AC A12-2/2026** **എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 - B.Voc. (Honours) Banking and Financial Services - രണ്ട് മുതൽ ആറു വരെയുള്ള സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധിസർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

20.02.2026 തീയതിയിൽ Accounting and Banking വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Banking and Financial Services ന്റെ ഒന്നാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Business Operations (Course Code: MG1MDCBFS100), രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Auditing (Course Code: MG2SDCBFS100), Sustainable Banking (Course Code: MG2SDCBFS101), Indian Securities Market (Course Code: MG2SDCBFS102), മൂന്നാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Mutual Funds (Course Code: MG3SDCBFS201),AI in Banking (Course Code: MG3SDCBFS202), നാലാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Financial Accounting (Course Code:MG4SDCBFS200), Fundamentals of Co-operation (Course Code: MG4SDCBFS201), Consumer Affairs and Protection (Course Code: MG4SDCBFS202), അഞ്ചാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Customer Relationship management (Course Code: MG5SDEBFS300), Taxation- An Overview (Course Code:MG5SDEBFS301), Retail Management (Course Code: MG5SDCBFS301), Strategies in Retail and Customer Relationship Management ( Course Code: MG5MPCBFS300), ആറാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Entrepreneurship development (Course Code: MG6SDEBFS300), Gateway to Fintech (Course Code: MG6SDEBFS301), International Finance (Course Code: MG6MPCBFS300), Business Communication (Course Code: MG6SECBFS300) എന്നീ കോഴ്സുകളുടെ ചോദ്യപേപ്പർ മാതൃകയിൽ തിരുത്തലുകൾ വരുത്തുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.03.2026 തീയതിയിലെ 2212/AC A12/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/26.03/12871/AC A7-2/2026** **മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകളുടെ താല്ക്കാലിക അഫിലിയേഷൻ പുതുക്കുന്നത് സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകളുടെ താല്ക്കാലിക അഫിലിയേഷൻ വർഷം തോറും പുതുക്കേണ്ടതാണ്.ആയതിനാൽ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകൾ, പ്രസ്തുത കോളേജുകളിൽ നടന്നുവരുന്ന കോഴ്സുകൾ എന്നിവയുടെ താല്ക്കാലിക അഫിലിയേഷൻ 2026-2027 അദ്ധ്യയനവർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന സമിതികള രൂപീകരിക്കുന്നതിന് സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ അഫിലിയേഷൻ ശിപാർശ ചെയ്തിരുന്നു. സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ അഫിലിയേഷന്റെ ശിപാർശ വൈസ് ചാൻസലർ, മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 18.02.2026 തീയതിയിലെ 1705/ACA7/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 07/26.03/19462/AC A17-2/2026** **Mahatma Gandhi University Bachelor in Computer Applications(Honours) പ്രോഗ്രാമിന്റെ നാലാം സെമെസ്റ്ററിലെ MG4SECBCA200: Object Oriented Programming using Java കോഴ്സിന്റെ സിലബസിൽ Mode Of Assessment - Continouous Comprehensive Assessment -Practical Component ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024 - 2025 അദ്ധ്യയന വർഷം മുതൽ AICTE-യുടെ കീഴിലേക്ക് മാറ്റപ്പെട്ട BCA പ്രോഗ്രാമിന്റെ ഒന്ന് മുതൽ നാല് വരെയുള്ള സെമെസ്റ്ററുകളിലെ സിലബസ് തയ്യാർ ചെയ്ത് അക്കാദമിക് കൗൺസിൽ അംഗീകരിച്ച് സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ടി പ്രോഗ്രാമിന്റെ നാലാം സെമസ്റ്ററിന്റെ നിലവിലെ സിലബസിൽ പരിഷ്കരണം വരുത്തുന്നതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (യു.ജി) ഓൺലൈൻ ആയി യോഗം ചേരുകയും ശിപാർശ നൽകുകയും ചെയ്തു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിക്കുകയും സർവ്വകലാശാല ഉത്തരവ് നം.2366/ACA 17/2026/MGU തീയതി 05.03.2026 പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 05.03.2026 തീയതിയിലെ 2366/ACA17/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 08/26.03/25684/AD A3/4/2019 (PART I)** **സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഗവ. ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

1. UGC/AICTE/Medical Education Schemes എന്നിവയിൽ ഉൾപ്പെടുന്ന അദ്ധ്യാപകർ/ പെൻഷൻകാർ/ഫാമിലി പെൻഷൻകാർ എന്നിവർക്ക് നല്കിവന്നിരുന്ന Dearness Allowance / Dearness Relief എന്നിവ 50%-ൽ നിന്നും 58% ആയി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.26/2026/FIN, Dated 20.02.2026, പുറത്തെഴുത്ത് നം.35241/AD A3-4/2026/AD A 3, തീയതി. 28.02.2026 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.

2. പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നല്കിവരുന്ന Dearness Allowance, പെൻഷൻകാർക്ക്/ഫാമിലി പെൻഷൻകാർക്ക് നൽകി വരുന്ന Dearness Relief എന്നിവ 25% ൽ നിന്നും 35% ആയി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.27/2026/FIN, Dated 20.02.2026, പുറത്തെഴുത്ത് നം. 53716/AD A3-4/2021/ADMIN, തീയതി 28.02.2026 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.

3. സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ജനറൽ പ്രോവിഡന്റ് ഫണ്ട്, മറ്റ് സമാന പ്രോവിഡന്റ്

ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 01.01.2026 മുതൽ 31.03.2026 വരെയുള്ള കാലയളവിലേക്ക് 7.1% പലിശ നിരക്ക് നിശ്ചയിച്ച് കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 10.02.2026-ലെ സ.ഉ (അച്ചടി)നം.19/2026/FIN ഉത്തരവ്, പുറത്തെഴുത്ത് നം.151401/AD A3-4/2023/AD A 3 തീയതി 28.02.2026 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ മേല്പറഞ്ഞ പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല സർക്കുലറുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/26.03/64482/AC A6-3/2025** **തൊടുപുഴ ന്യൂമാൻ കോളേജിലെ ബിരുദാനന്തര ബിരുദ ഇക്കണോമിക്സ് വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിച്ച് കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം - തൊടുപുഴ ന്യൂമാൻ കോളേജിലെ ഇക്കണോമിക്സ് വിഭാഗം റിസർച്ച് ഗൈഡ് Dr. Jenni K Alexന്റെ ഗവേഷകരുടെ ഗവേഷണ കേന്ദ്രം മാറ്റുന്നത് - MGU ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം തൊടുപുഴ ന്യൂമാൻ കോളേജിലെ ബിരുദാനന്തര ബിരുദ ഇക്കണോമിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, കട്ടപ്പന ഗവൺമെന്റ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Arunkumar T.Aയെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിനും, തൊടുപുഴ ന്യൂമാൻ കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറും നിലവിൽ കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം റിസർച്ച് ഗൈഡുമായ Dr. Jenni K Alexന്റെ ഗവേഷണ മാർഗദർശിത്വം തൊടുപുഴ ന്യൂമാൻ കോളേജിലേക്ക് മാറ്റുന്നതിനും തീരുമാനിച്ചിരുന്നു.

പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനത്തിൽ Dr. Jenni K Alex-ന്റെ കീഴിലുള്ള ഗവേഷകരുടെ ഗവേഷണ കേന്ദ്രം മാറ്റുന്നത് സംബന്ധിച്ച് പരാമർശം ഇല്ലാത്തതിനാൽ Dr. Jenni K Alex-ന്റെ കീഴിൽ ഗവേഷകരായ Dino Mathew (MGUPHD231692), Rosemary Varghese (MGUPHD234722), Jinu Joseph (MGUPHD234127), Beetu Sebastian (MGUPHD231659) എന്നിവരുടെ ഗവേഷണ കേന്ദ്രം തൊടുപുഴ ന്യൂമാൻ കോളേജിലേക്ക് മാറ്റുന്നതിനു മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 03.03.2026 തീയതിയിലെ 2308/ACA6/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 10/26.03/27950/AD A3/3/2026 (PART I)** **സർവകലാശാല ഹെൽത്ത് സെന്ററിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗ നടപടിക്രമങ്ങൾ - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചതും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവകലാശാല ഹെൽത്ത് സെന്ററിൽ മെഡിക്കൽ ഓഫീസറെ കരാറടിസ്ഥാനത്തിൽ താത്കാലികമായി ഒരു വർഷത്തേയ്ക്ക് നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ യോഗനടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 06.03.2026 തീയതിയിലെ 2420/AD A3/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 11/26.03/86280/AC B7-1/2025 (PART I)** **തിരുവല്ല, MACFAST സ്വയംഭരണ കോളേജിലെ ബി.സി.എ (ഓണേഴ്സ്) പ്രോഗ്രാമിന് അധിക ബാച്ച് അനുവദിക്കുതിനുള്ള അപേക്ഷ സംബന്ധിച്ച് :-**

തിരുവല്ല, MACFAST സ്വയംഭരണ കോളേജിലെ ബി.സി.എ(ഓണേഴ്സ്) പ്രോഗ്രാമിന് അധിക ബാച്ച് 2026-27 അക്കാദമിക വർഷം മുതൽ അരംഭിക്കുന്നതിന് കോളേജിൽ നിന്നും പ്രിൻസിപ്പൽ നിശ്ചിത ഫോമിലുള്ള അപേക്ഷ, അപേക്ഷ ഫോം ഫീസ്, അപേക്ഷ പ്രോസസ്സിംഗ് ഫീസ്, AICTE നിന്നുള്ള അനുമതി പത്രം എന്നിവ സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. സിൻഡിക്കേറ്റ് അഫിലിയേഷൻ

ഉപസമിതി അദ്ധ്യക്ഷൻ അഡ്വ.പി.ബി സതീഷ് കുമാർ 06.03.26 ൽ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് അംഗം ശ്രീ അരുൺ കെ ശശീന്ദ്രൻ, Capt.ജോബിൻ വർഗീസ് പി, അസോസിയേറ്റ് പ്രൊഫസ്സർ, കെ ഇ കോളേജ് മാന്നാനം എന്നിവരെ പരിശോധന സമിതി ആയി നിയോഗിച്ച് കൊണ്ട് വൈസ്ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.03.2026 തീയതിയിലെ 2481/ACB7/2026/എംജിയു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 12/26.03/19540/AC A4-1/2026**

**2024 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വന്ന Master of Architecture (Advanced Architecture) പ്രോഗ്രാമിന്റെ സിലബസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG Combined) നൽകിയ ശിപാർശകൾ - വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

2024 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വന്ന Master of Architecture (Advanced Architecture) പ്രോഗ്രാമിന്റെ റെഗുലേഷൻസ് 09.04.2025 ലെ 3371/AC A 4/2025/MGU നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം, അംഗീകരിച്ചിട്ടുള്ളതാണ്. Master of Architecture (Advanced Architecture) റെഗുലേഷൻസ് - ക്ലോസ് 13.2 പ്രകാരം, യൂണിവേഴ്സിറ്റി പരീക്ഷകളിലും (UE) ജൂറിപരീക്ഷകളിലും improvement അനുവദനീയമല്ല. ഒരു സെമസ്റ്റർ പാസാകുന്നതിന്, പ്രസ്തുത സെമസ്റ്ററിലെ വ്യക്തിഗത കോഴ്സുകളിൽ കുറഞ്ഞത് E ഗ്രേഡും, 6 CGPA (SGPA എന്ന് വായിക്കണം) നേടുകയും വേണമെന്ന് റെഗുലേഷൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു വിദ്യാർത്ഥി എല്ലാ വിഷയങ്ങളിലും E ഗ്രേഡ് നേടിയാൽ, അയാൾക്ക്/അവൾക്ക് 5.5 SGPA ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ, സെമസ്റ്റർ വിജയിക്കാൻ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ SGPA ആയ 6 നേടാൻ കഴിയാത്തതിനാൽ വിദ്യാർത്ഥി സെമസ്റ്റർ പാസ്സാകില്ല. ഇതുമായി ബന്ധപ്പെട്ട് സിലബസിലെ അവ്യക്തതകൾ പരിഹരിക്കുന്നതിന്, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG സംയോജിത) ന്റെ അഭിപ്രായം ആരായുകയും, ബോർഡ് ഓഫ് സ്റ്റഡീസ് ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു. ബോർഡ് ഓഫ് സ്റ്റഡീസ് നൽകിയ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.03.2026 തീയതിയിലെ 2256/AC A 4/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 13/26.03/18390/AC A7-3/2026**

**സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- COLLEGE OF INDIGENOUS FOOD TECHNOLOGY, KONNI, PATHANAMTHITTA കോളേജിൽ 2026-2027 അദ്ധ്യയനവർഷത്തേയ്ക്ക് BSc (Hons) Clinical Nutrition & Dietetics എന്ന പുതിയ പ്രോഗ്രാമിന്റെ അപേക്ഷയിന്മേൽ നിയമിതയായിരുന്ന Subject Expert നെ മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൻമേൽ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2026-27 അധ്യയന വർഷത്തിലേക്കു പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ/സ്ഥിരമായ സീറ്റ് വർധനവ് എന്നിവയ്ക്കായി സർവകലാശാല ഉത്തരവ് നമ്പർ 973/ACA 7/2026/MGU, തീയ്യതി 28.01.2026 പ്രകാരം പരിശോധന സമിതികളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ SL NO:7 COLLEGE OF INDIGENOUS FOOD TECHNOLOGY,KONNI,PATHANAMTHITTA എന്ന കോളേജിൽ BSc (Hons) Clinical Nutrition & Dietetics എന്ന പുതിയ പ്രോഗ്രാമിന് Subject Expert ആയി നിയമിതയായ Dr. Reshmi H Poojara, Associate Professor, St.Theresa's College, Ernakulam നു ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെന്നു അറിയിച്ചതിനാൽ ടിയാൾക്കു പകരം Subject Expert ആയി Dr. Anooja Thomas K, Co-ordinator, School of Food Science and Technology, M G University-യെ മാറ്റി നിയമിക്കുന്നതിനു പരാമർശം സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി ഓൺ അഫിലിയേഷൻ ശുപാർശ ചെയ്യുകയും പ്രസ്തുത ശുപാർശ, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും,

തദനുസരണം പുറപ്പെടുവിച്ച 05.03.2026 തീയതിയിലെ 2386/AC A7/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ 14/26.03/114587/AC A5-3/2025** | **മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ പുതിയ എലെക്ടിവ് കോഴ്സ് ആയ 'IRM21E66-Disaster Management and Public Policy' ആരംഭിക്കുന്നതിനും, പ്രസ്തുത കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നതിനുമുള്ള ഡിപ്പാർട്ട്മെന്റ് ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശിപാർശ വൈസ് ചാൻസലർ അംഗീകരിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്- സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-** |

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ പുതിയ എലെക്ടിവ് കോഴ്സ് ആയ 'IRM21E66-Disaster Management and Public Policy' ആരംഭിക്കുന്നതിനും, പ്രസ്തുത കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നതിനുമുള്ള ഡിപ്പാർട്ട്മെന്റ് ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശിപാർശ, ഡയറക്ടർ 18.11.2025 തീയതിയിൽ കത്ത് മുഖേന സമർപ്പിച്ചിരുന്നു.

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് വകുപ്പിലെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശിപാർശ അംഗീകരിക്കുന്നതിനും, പുതുതായി ആരംഭിക്കുന്ന എലെക്ടിവ് കോഴ്സ് ആയ 'IRM21E66-Disaster Management and Public Policy'-യുടെ സിലബസ് അംഗീകരിക്കുന്നതിനും 16.02.2026 തീയതിയിൽ ഹൈബ്രിഡ് മോഡിൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗം ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 09.03.2026 തീയതിയിലെ 2494/AC A 5/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അദ്ധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ 15/26.03/52340/P&D 1/1/2019** | **സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവിടങ്ങളിലെ ടോയ്‌ലറ്റ് ബ്ലോക്കുകൾ നവീകരിക്കുന്ന പ്രവൃത്തിയുടെ സെക്കൻഡ് ആൻഡ് ഫൈനൽ ബില്ല് തുകയായ ₹22,18,834/- Sri. Binu K S, Corbel Constructions & Architects, Karuthechimamchuvattil, Mannanam, Kottayam - ന് അനുവദിച്ചുകൊണ്ടു വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്‍ഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-** |

സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവിടങ്ങളിലെ ടോയ്‌ലറ്റ് ബ്ലോക്കുകൾ നവീകരിക്കുന്ന പ്രവൃത്തിയുടെ സെക്കന്റ് ആൻഡ് ഫൈനൽ ബിൽ തുകയായ ₹22,18,834/- രൂപ Sri.Binu K S Corbel Constructions & Architects , Karuthechimamchuvattil, Mannanam, Kottayam-ന് അനുവദിക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ ബില്ലുകൾ സമർപ്പിച്ചിരുന്നു.

മേൽ ബില്ലുകൾ ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സെക്കൻഡ് & പാർട്ട് ബിൽ തുകയായ ₹22,18,834/- (ഇരുപത്തി രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി മുപ്പത്തി നാല് രൂപ മാത്രം) രൂപ അനുവദിക്കാവുന്നതാണെന്നും മേൽ തുകയിൽ നിന്നും IT(1% of BV)- ₹18,803/-, WWF (1% of BV)-₹18,803/-[(Amount of cess to the Board (KCWWF))-₹18,615/-+(Cost of collection charges remitted to FO's account(1% of WWF)- ₹188/-)], GST (2% of BV)- ₹37,607/-. എന്നീ നിയമാനുസൃതമായ കിഴിവുകൾ വകയിരുത്തേണ്ടതാണെന്നും ആദ്യ & പാർട്ട് ബില്ലിൽ Retention ഇനത്തിൽ deduct ചെയ്തു ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള Retention amount തുകയായ ₹10,444/- രൂപ കരാറുകാരന് പ്രത്യേകം തിരികെ നൽകാവുന്നതാണെന്നും , മേൽ കിഴിവുകൾ വരുത്തി റിടെൻഷൻ എമൗണ്ട് കൂടി ചേർത്ത് ബില്ലിനൊപ്പം statutory GST invoice സമർപ്പിക്കുന്ന പക്ഷം ₹21,54,065/- രൂപ Sri.Binu K S Corbel Constructions & Architects , Karuthechimamchuvattil, Mannanam, Kottayam ന

കൈമാറാവുന്നതാണെന്നും ടി തുക നടപ്പ് സാമ്പത്തികവർഷത്തെ "25 101 11 – Amphi Theatre, Rest Room for Ladied/Gents, New Canteen/Infrastructure Development" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കാവുന്നതാണെന്നും ഫിനാൻസ് വിഭാഗം ശുപാർശ ചെയ്തു. ടി ശുപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 06.03.2026 തീയതിയിലെ 2424/P&D 1/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 16/26.03/8474/AC A12-2/2026**

**എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 – B.Voc. (Honours) Broadcasting and Journalism – രണ്ട് മുതൽ ആറു വരെയുള്ള സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ- മഹാത്മാഗാന്ധിസർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

20.02.2026 തീയതിയിൽ Creative Knowledge Based Careers വിദഗ്ദ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Broadcasting and Journalism ന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Digital Journalism and Fact Checking (Course Code: MG2SDCBAJ101) കോഴ്സിന്റെ കോഴ്സ് ലെവലിലും കോഴ്സ് കണ്ടെന്റിലും, മൂന്നാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Content Writing (Course Code: MG3MPCBAJ200), ആറാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Data Journalism & Analytics (Course Code: MG6SDEBAJ301), Research Methodology (Course Code: MG6SDCBAJ300) എന്നീ കോഴ്സുകളുടെ കോഴ്സ് കണ്ടെന്റിലും, രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Introduction to Digital Photography (MG2SDCBAJ100), Radio Jockeying and Anchoring Skills (MG2MDCBAJ100), മൂന്നാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Foundations of Advertising ( MG3SDCBAJ200), Digital Audio Production : Radio Production and Podcasting (MG3SDCBAJ201), Malayalam Journalism (MG3MDCBAJ200), നാലാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Media Laws and Ethics (MG4SDCBAJ200), Television Production (MG4SDCBAJ201), AI in Media (MG4MPCBAJ200), അഞ്ചാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Introduction to New Media (MG5SDCBAJ300), Fundamentals of Audio – Video Editing (MG5SDCBAJ301), Foundations of Film and Documentary (MG5SDEBAJ300), Mobile Journalism (MG5MPCBAJ300), Development Communication (MG5SECBAJ300), Media and Society (MG5VACBAJ300), ആറാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Digital Marketing (MG6SDEBAJ300), Media Management (MG6SECBAJ300), Media and Human Rights (MG6VACBAJ300) എന്നീ കോഴ്സുകളുടെ ചോദ്യപേപ്പർ മാതൃകയിലും തിരുത്തലുകൾ വരുത്തുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 09.03.2026 തീയതിയിലെ 2487/AC A12/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 17/26.03/102106/AC A5-1/2025**

**ശ്രീ.Joshua Johny സമർപ്പിച്ച അപേക്ഷ- സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിലെ M.Phil in Business Studies ബിരുദത്തിനു സർവകലാശാലയുടെ M.Phil കൊമേഴ്സ് ബിരുദവുമായി എലിജിബിലിറ്റി നൽകുന്നതിനുള്ള ശിപാർശ-വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചതും തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചതും -സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിലെ M.Phil in Business Studies ബിരുദത്തിനു സർവകലാശാലയുടെ M.Phil in Commerce ബിരുദവുമായി യോഗ്യത സാക്ഷ്യപത്രം നൽകുന്നതിനു 16.02.2026 തീയതിയിൽ ഹൈബ്രിഡ് മോഡിൽ കൂടിയ അക്കാദമിക കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 07.03.2026 തീയതിയിലെ 2480/AC A 5/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ്, 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 18/26.03/36945/SC-ST CELL - 2/2022 (PART I)** **File Flow Management System ( FFMS ) : Payment of Rs. 12,05,402 to M/s Ospyn Technologies Ltd. for Annual Maintenance , Server Hosting & Administration Charges for 2025 - 2026 - Second and Final Instalment - Sanctioned by the Vice Chancellor by exercising powers under chapter III section 10(17) of the Mahatma Gandhi University Act 1985 - Issuance of U.O No.2804/P&D3&SC/ST/2026/MGU dated 16.03.2026 - Report to the Syndicate - reg.**

M/s Ospyn Technologies Ltd. had submitted an invoice for ₹12,05,402/- (₹10,21,527/- + ₹1,83,875/- [ GST@18 %] ) as per Invoice No.OT-K-25-26-3695 dated 04.03.2026, for the remaining 50% of the total amount for Annual Maintenance, Server Hosting & Administration. The Finance wing recommended the release of ₹12,05,402/- (Twelve Lakh Five Thousand Four Hundred & Two Only) inclusive of GST to M/s Ospyn Technologies Ltd. as the second & final installment towards annual maintenance and server hosting & administration charges for the period from 01 June 2025 to 31 May 2026.

On the basis of financial concurrence, the Vice Chancellor, exercising powers under chapter III section 10(17) of the Mahatma Gandhi University Act 1985, has sanctioned the payment of ₹12,05,402/-( Twelve Lakh Five Thousand Four Hundred & Two Only) inclusive of GST to M/s Ospyn Technologies Ltd. as the second & final instalment for annual maintenance, server hosting & administration charges of FFMS for the period of 01 June 2025 to 31 May 2026. U.O.No. 2804/P&D3&SC/ST/2026/MGU dated 16.03.2026 was issued in this regard.

The action of the Vice Chancellor by exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985 and the issuance of U.O.No. 2804/P&D3&SC/ST/2026/MGU dated 16.03.2026 was reported to the Syndicate.

**ഇനംനമ്പർ 19/26.03/91906/AC A7-3/2025 (PART V)** **അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 2026 - 2027 അദ്ധ്യയനവർഷത്തേയ്ക്ക് പുതിയ പ്രോഗ്രാമുകൾ/ അധിക ബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷയിൻമേൽ, വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) ഉപയോഗിച്ച് പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

അൺ എയ്ഡഡ് സ്വാശ്രയ/ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- 2026-2027 അദ്ധ്യയനവർഷത്തേയ്ക്ക് പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ/ സ്ഥിരമായ സീറ്റുവർദ്ധനവ് എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാരിൻറെ അനുമതിയ്ക്ക് വിധേയമായും AICTE-യുടെ അംഗീകാരത്തിന് വിധേയമായും 2026 -2027 അധ്യയന വർഷം മുതൽ അനുവദിക്കുന്നതിനും, രാമപുരം മാർ അഗസ്റ്റ്യാനോസ് കോളേജ്, MBA (പുതിയ പ്രോഗ്രാം) നായി സമർപ്പിച്ച അപേക്ഷയിന്മേൽ AICTE യുടെ അംഗീകാരം നിലവിൽ തേടിയിട്ടില്ലാത്തതിനാൽ AICTE യുടെ അംഗീകാരം തേടുന്നതിന് കോളേജിനോട് നിർദ്ദേശിക്കുന്നതിനും ആയത് ലഭിക്കുന്ന മുറയ്ക്ക് ഫയൽ പുനഃസമർപ്പിക്കുന്നതിനും സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി ഓൺ അഫിലിയേഷൻ ശുപാർശ ചെയ്തു. ടി ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 11.03.2026 തീയതിയിലെ 2596/ACA7/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 20/26.03/86284/AC B7-1/2025 (PART I)** **തിരുവല്ല മക്ഫാസ്റ്റ് സ്വാശ്രയ സ്വയംഭരണ കോളേജ്, 2026-27 അക്കാദമിക വർഷം മുതൽ ബി എസ് സി ഓണേഴ്സ് സൈക്കോളജി പ്രോഗ്രാം സാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായി 1985 ലെ മഹാത്മാ ഗാന്ധി സർവകലാശാല നിയമം, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

തിരുവല്ല മക്ഫാസ്റ്റ് സ്വാശ്രയ സ്വയംഭരണ കോളജ് 2026-27 അക്കാദമിക വർഷം മുതൽ ബിഎസ്സി ഓണേഴ്സ് സൈക്കോളജി പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനു നിശ്ചിത ഫീസ് സഹിതം നിശ്ചിത ഫോമിലുള്ള അപേക്ഷ, പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനു വേണ്ടി സമർപ്പിക്കേണ്ട ഗവേർണിംഗ് ബോഡി തീരുമാനം, എന്നിവ സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. മക്ഫാസ്റ്റ് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിനായി സിൻഡിക്കേറ്റ് അംഗം അഡ്വ.റജി സക്കറിയ, മാന്നാനം കെ ഇ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.ചിഞ്ചു റാണി എന്നിവരെ പരിശോധന സമിതി അംഗങ്ങളായി നിയമിച്ചിരുന്നു.പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി അദ്ധ്യക്ഷൻ അഡ്വ പി ബി സതീഷ്കുമാർ ഇപ്രകാരമുള്ള ശുപാർശകൾ സമർപ്പിച്ചിരുന്നു.

- *മക്ഫാസ്റ്റ് സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ബിഎസ്സി (ഓണേഴ്സ്) സൈക്കോളജി പ്രോഗ്രാം (24 സീറ്റ്) ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്.*

- *റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സത്യവാങ്മൂലം കോളേജ് സമർപ്പിച്ച ശേഷം മക്ഫാസ്റ്റ് സ്വാശ്രയ സ്വയംഭരണ കലാലയത്തിൽ 2026-27 അക്കാദമിക വർഷം മുതൽ ബിഎസ്സി (ഓണേഴ്സ്) സൈക്കോളജി പ്രോഗ്രാം (24 സീറ്റ്) ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.*

പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.03.2026 തീയതിയിലെ 2632/ACB7/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 21/26.03/25684/AD A3/4/2019 (PART III)** **സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഉത്തരവുകൾ നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

- Kerala Government Servant Medical Attendance Rules 1960 – മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അനുവദനീയമായ മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് പരിശോധനകൾ എന്നിവയോടൊപ്പം അധിക മരുന്നുകൾ ഉൾപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച G.O(P)No.22/2026/H&FWD,Dated 18.02.2026 ഉത്തരവ്, പുറത്തെഴുത്ത് നം.42084/AD A3-4/2019/ADMIN, തീയതി: 11.03.2026 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത്.

- 18.05.2013-ലെ സ.ഉ.(പി)നം.40/2013/SJD ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 08.03.2026-ലെ സ.ഉ.(അച്ചടി)നം.8/2026/SJD ഉത്തരവ്, പുറത്തെഴുത്ത് നം. 21881/AD A3-4/2026/AD A3, തീയതി: 11.03.2026 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത്.

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം മേൽ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിയ നടപടികളും തദനുസരണം പുറപ്പെടുവിച്ച സർക്കുലറുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 22/26.03/39554/AD B2-3/2025** **ഗ്രേഡ് കാർഡുകളുടെ മുദ്രണം -പ്രതിഫലം അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച :-**

18.09.2025 ലെ പ്രവൃത്തി ഉത്തരവ് 39554/ADB2-3/2025/ADB2 പ്രകാരം രണ്ട് ലക്ഷം കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകളും രണ്ടര ലക്ഷം സെമസ്റ്റർ വൈസ് ഗ്രേഡ് കാർഡുകളും മുദ്രണം ചെയ്ത് സർവകലാശാലയിൽ വിതരണം M/s The Universal Print Systems, Andhra Pradesh എന്ന സ്ഥാപനത്തിന് ₹8,44,014/- (എട്ടു ലക്ഷത്തി നാല്പതിനാലായിരത്തി പതിനാലു രൂപ മാത്രം) രൂപ 2025-26 സാമ്പത്തിക വർഷ ബഡ്ജറ്റിലെ 22 201 04- Printing, stationery, Paper & Computer Consumables എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985

അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.03.2026 തീയതിയിലെ 2491/AD B 2/2026/MGU നമ്പർ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 23/26.03/90356/AD B2-3/2025 (PART I) ഇൻഫർമേഷൻ ബുക്ക് 2026-ന്റെ മുദ്രണം - പ്രതിഫലം അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച്:-**

2026 വർഷത്തെ സർവകലാശാല ഇൻഫർമേഷൻ ബുക്കുകൾ 5000 എണ്ണം മുദ്രണം ചെയ്ത് സർവകലാശാലയിൽ വിതരണം ചെയ്യുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ -ഓപ്പറേറ്റീവ് സ്റ്റോഴ്സ് Ltd എന്ന സ്ഥാപനത്തിന് ₹5,79,000/- (അഞ്ചു ലക്ഷത്തി എഴുപത്തിയൊൻപതിനായിരം രൂപ മാത്രം) രൂപ 2025-26 സാമ്പത്തിക വർഷ ബഡ്ജറ്റിലെ "21 101 23 ad - Mahatma Gandhi University Information Book" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.03.2026 തീയതിയിലെ 2720/AD B 2/2026/MGU നമ്പർ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 24/26.03/AdAII/1/37(b)/93/Admn-subfile(1) സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് - പ്രൊഫസർ ഡോ. ജ്യോതിഷ ജെ. നായർ-നെ 04.05.2026 മുതൽ വകുപ്പ് മേധാവിയായി നിയമിച്ചത് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്-ൽ നിലവിൽ സേവനം ചെയുന്ന അദ്ധ്യാപകരുടെ മുൻഗണന പട്ടിക പ്രകാരം, 04.05.2026 മുതൽ ഡോ. ജ്യോതിഷ ജെ. നായർ -നെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് വകുപ്പ മേധാവിയായി നിയമിച്ചു കൊണ്ടും, തത്സ്ഥാനത്ത് നിന്നും ഡോ. ബിന്ദു വി. ആർ.- നെ വിടുതൽ ചെയ്തു കൊണ്ടും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.03.2026 തീയതിയിലെ 2383/ADA 2/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 25/26.03/24518/P&D3&SC- ST CELL-1/2026 VR App Development - Payment of ₹6,00,000/- to M/s. XR Horizon Pvt Ltd, Ernakulam- Sanctioned by the Vice Chancellor by exercising powers under chapter III section 10(17) of the Mahatma Gandhi University Act 1985 - Issuance of U.O No.2922/P&D3&SC/ST /2026/MGU dated 18.03.2026 - Report to the Syndicate - reg.**

Dr. Robinet Jacob, Principal Investigator of the RUSA project titled 'Content Enrichment for Effective Heritage Interpretation in Museum Environments through Augmented Reality, Virtual Reality and Holography", has reported that, in response to the tender invited for VR App Development, M/s. XR Horizon Pvt. Ltd.,Ernakulam was selected as the L1 bidder, and a work order was accordingly issued to the firm on 14.08.2024.

It has been further reported that the sanctioned amount of ₹24,00,000/- (Rupees Twenty Four Lakh only) for the project was insufficient to meet the additional expenditure of ₹6,00,000 (Rupees Six Lakh only) incurred towards VR App Development, as per Invoice No. XR-2025-26-157 dated 03.10.2025.

In the above circumstances, the Vice-Chancellor, in exercise of the powers vested under Chapter III, Section 10(17) of the Mahatma Gandhi University Act, 1985, has accorded sanction for the payment of ₹6,00,000/- (Rupees Six Lakh only), inclusive of GST, to M/s.XR Horizon Pvt. Ltd., Ernakulam. Accordingly, U.O. No. 2922/P&D3&SC/ST/2026/MGU dated 18.03.2026 was issued in this regard.

The action of the Vice Chancellor by exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985 and the issuance of U.O.No.2922/P&D3&SC/ST/2026/MGU dated 18.03.2026 was reported to the Syndicate.

**ഇനംനമ്പർ 26/26.03/85048/AC A12-2/2025**

**International & Inter University Centre for Nanoscience & Nanotechnology (IIUCNN) - M.Tech Polymer Science and Engineering പ്രോഗ്രാമിന്റെ റെഗുലേഷൻ - പ്രവേശന യോഗ്യതാ മാനദണ്ഡങ്ങളിൽ ഭേദഗതി നിർദ്ദേശിച്ച് Honorary Director സമർപ്പിച്ച അപേക്ഷ - അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും അനുസൃതമായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

16.02.2026 തീയതിയിലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി-യുടെ താഴെപ്പറയുന്ന ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.03.2026 തീയതിയിലെ 2518/ACA12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

"Recommended to approve the revised Eligibility Criteria for admission to the M.Tech Polymer Science and Engineering programme Proposed by the Honorary Director, IIUCNN as follows:-

1. M.Sc in Nanoscience and Nanotechnology, Physics, Chemistry, Biotechnology, Materials Science, Polymer Science or any other allied degree with not less than 50% marks,

Or

2. B.Tech in Polymer Engineering/ Technology or Nanoscience and Nanotechnology or Chemical Engineering/Technology or Electronics and Communication or Biotechnology or Material Science or Mechanical, or any allied degree with not less than 50% marks.

**ഇനംനമ്പർ 27/26.03/23347/AC A5-3/2026**

**Recommendation of the Academic Council - to confer Honorary Degrees to distinguished persons - Padmabhushan. Shri P. I. Muhammad Kutty (Mammootty), Dr. N.Radhakrishnan, Shri Thiruvizha Jayashankar - Report to the Syndicate-reg.**

Resolved to accept the recommendation of the Academic Council (as approved by the Vice-Chancellor in exercise of the powers of the Academic Council conferred under Section 10(17), Chapter III of the Mahatma Gandhi University Act, 1985) to confer Honorary Doctorates on the following distinguished personalities from diverse fields:

1. Padma Bhushan Shri P. I. Muhammad Kutty (Mammootty) - D.Litt., in recognition of his outstanding contributions to the Malayalam film industry.
2. Shri Thiruvizha Jayashankar - D.Litt., in recognition of his eminent contributions to Indian classical music, particularly as a renowned Nadaswaram artist.
3. Dr. N. Radhakrishnan - D.Sc., in recognition of his significant contributions to the treatment of venous disorders as a distinguished vascular surgeon.

Further resolved to recommend to the Hon'ble Chancellor to confirm the above decision of the Syndicate, as envisaged in Statute I, Chapter 31 of the Mahatma Gandhi University Statutes, 1997.

**ഇനംനമ്പർ 28/26.03/50133/AC A12-2/2025**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ലഭിച്ച Environmental Science- ൽ ഉള്ള Ph.D., ജോലി സംബന്ധമായ ആവശ്യത്തിനായി Zoology -ൽ ഉള്ള Ph.D. ക്ക് തുല്യമായി പരിഗണിക്കുന്നതിനുള്ള 'Certificate of Eligibility' നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് Dr. Banazair O. A നൽകിയ അപേക്ഷ - അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും അനുസൃതമായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും Environmental Science- വിഷയത്തിൽ നേടിയ Ph.D., ജോലി സംബന്ധമായ ആവശ്യത്തിനായി Zoology -വിഷയത്തിൽ ഉള്ള Ph.D. ക്ക് തുല്യമായി പരിഗണിക്കുന്നതിനുള്ള 'Certificate of Eligibility' നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് Dr. Banazair O. A അപേക്ഷ സമർപ്പിച്ചിരുന്നു. "Biomonitoring of Chalakudi River using Benthic Macro Invertebrates" എന്ന പ്രബന്ധത്തിന് 02.06.2022-ൽ അപേക്ഷകക്ക് Ph.D. നൽകിയിരുന്നു. വിഷയം പരിഗണിച്ച 16.02.2026 ലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി "Recommended to grant 'Certificate of Eligibility for Ph.D. Degree' to the degree of Ph.D. in Environmental Science awarded by Mahatma Gandhi University for Thesis titled "Biomonitoring of Chalakudi River using Benthic Macro Invertebrates" in the Subject Zoology" എന്ന് ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.03.2026 തീയതിയിലെ 2423/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 29/26.03/38077/AC A12-1/2023**

**School of Medical Education(CPAS)-ൽ നടത്തിവരുന്ന വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷനും സിലബസും പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ - അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

School of Medical Education(CPAS)-ൽ നടത്തിവരുന്ന വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷനും സിലബസും പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ച 16.02.2026 ലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി "Recommended to approve the submitted draft regulations and syllabi of the five PG programmes by the Principal, School of Medical Education on 02.07.2025 and also recommended to implement the same from the Academic Year 2026-27." എന്ന് ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.03.2026 തീയതിയിലെ 2528/ACA12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 30/26.03/18529/AD A9-2/2026**

**2025 – 2026 ലെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി അഞ്ചാം ഗഡു –₹30,00,000/- രൂപ താൽക്കാലിക മുൻകൂർ ആയി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് – സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2025 – 26 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാലാ കായികമത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി അഞ്ചാം ഗഡു തുക ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.03.2026 തീയതിയിലെ 2417/ADA9/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 31/26.03/20430/AD A9-2/2026**

**2026 മാർച്ച് 22 മുതൽ നടത്തുന്ന സൗത്ത് സോൺ ആൻഡ് ഓൾ ഇന്ത്യ ഹാൻഡ്ബോൾ (വനിത) ചാംപ്യൻഷിപ്പ് മത്സരങ്ങളുടെ നടത്തിപ്പിലേക്കായി ₹15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് – സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2026 മാർച്ച് 22 മുതൽ നടത്തപ്പെടുന്ന സൗത്ത് സോൺ ആൻഡ് ഓൾ ഇന്ത്യ ഹാൻഡ്ബോൾ ചാംപ്യൻഷിപ്പ് മത്സരങ്ങളുടെ നടത്തിപ്പിലേക്കായി ₹15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.03.2026 തീയതിയിലെ 2622/AD A 9/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 32/26.03/23020/AD A7-2/2026**

**International Centre for Asian Modernization രൂപീകരണം- വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകാലശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച നടപടി – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

International Centre for Asian Modernization രൂപീകരിക്കാൻ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 13.03.2026 തീയതിയിലെ 2758/AD A7/2026/mgu നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 33/26.03/45584/AD B2-3/2025**

**മെയിൻ ആൻസർ ബുക്കുകളുടെ മുദ്രണം – പ്രതിഫലം അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച :-**

നാല്പ ലക്ഷം ഉത്തരക്കടലാസുകൾ സർവകലാശാലയിൽ വിതരണം ചെയ്ത വകയിൽ M/s.Hitech Print System Limited എന്ന സ്ഥാപനത്തിന് ₹15,48,000/- (പതിനഞ്ച് ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) രൂപ 2025-26 സാമ്പത്തിക വർഷത്തിലെ "22 201 04 – Printing, Stationary, Paper& Computer Consumables എന്ന ബജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.03.2026 തീയതിയിലെ 2631/ADB2/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 34/26.03/114422/AC A14-1/2025** **Smt. Bushramol S ന് "EXPERIMENTAL AND THEORETICAL STUDIES ON VIBRATIONAL SPECTRAL ANALYSIS OF ANTI - PSYCHOTIC DRUGS" എന്ന ശീർഷകത്തിൽ Physics വിഷയത്തിൽ പി.എച്ച്.ഡി. അവാർഡ് ചെയ്ത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവായത് - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:**

CMS College, Kottayam കേന്ദ്രമാക്കി Dr. Ravikumar C യുടെ മാർഗ്ഗദർശനത്തിൽ Physics വിഷയത്തിൽ ഗവേഷണം നടത്തുന്ന Smt. Bushramol S സമർപ്പിച്ച EXPERIMENTAL AND THEORETICAL STUDIES ON VIBRATIONAL SPECTRAL ANALYSIS OF ANTI - PSYCHOTIC DRUGS എന്ന ശീർഷകത്തിൽ ഉള്ള പ്രബന്ധത്തിന്, വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പി.എച്ച്.ഡി ബിരുദം നൽകുവാൻ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.03.2026 തീയതിയിലെ No. ACA14/Ph.D/316/2026 നമ്പർ വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 35/26.03/118221/AD A5-4/2025** **സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് പഠനവകുപ്പിൽ, ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്ക് താൽക്കാലിക കരാർ നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ, ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്കുള്ള താൽക്കാലിക കരാർ നിയോഗത്തിനായി, രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ നടപടി ക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികയും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.03.2026 തീയതിയിലെ 2502/ADA5/ 2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 36/26.03/123331/AD B6-2/2025 (PART I)** **അഡ്വാൻസ്ഡ് മോളിക്യൂലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിൽ (AMMRC) സ്ഥാപിച്ചിരിക്കുന്ന UV-Visible Spectrophotometer, Thermogravimetric Analyzer(TGA) എന്നീ ഉപകരണങ്ങളുടെ വാർഷിക പരിപാലന കരാർ രണ്ട് വർഷത്തേക്ക് ഏർപ്പെടുന്നത് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17)-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

2017, 2019 വർഷങ്ങളിൽ ₹44,26,830/- രൂപയ്ക്കു വാങ്ങിയ, Thermogravimetric Analyzer(TGA), UV-Visible Spectrophotometer എന്നീ ഉപകരണങ്ങളുടെ കാലപ്പഴക്കം, പ്രസ്തുത ഉപകരണങ്ങളുടെ സേവന ദാതാവ് എന്ന നിലയിലുള്ള M/s.Perkin Elmer എന്ന സ്ഥാപനത്തിന്റെ പ്രവർത്തി പരിചയം എന്നിവ പരിഗണിച്ച് രണ്ട് വർഷത്തേക്ക് ₹9,94,758/-രൂപയ്ക്ക് പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നത് പരിഗണിക്കാവുന്നതാണെന്ന ധനകാര്യ വിഭാഗത്തിന്റെ ശിപാർശയിന്മേൽ, AMMRC-യിൽ സ്ഥാപിച്ചിരിക്കുന്ന UV-Visible Spectrophotometer, Thermogravimetric Analyzer(TGA) എന്നീ ഉപകരണങ്ങളുടെ പരിപാലന കരാർ നികുതിയുൾപ്പെടെ 9,94,758/- (ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി എഴുന്നൂറ്റി അമ്പത്തി എട്ട് രൂപ മാത്രം) രൂപയ്ക്ക് M/s. Perkin Elmer എന്ന സ്ഥാപനവുമായി കരാർ ഒപ്പ് വയ്ക്കുന്ന തീയതി മുതൽ രണ്ട് വർഷത്തേക്ക് ഏർപ്പെടുന്നതിനും, കരാർ തുക രണ്ട് തുല്യ ഗഡുക്കളായി, ആദ്യ ഗഡു കരാറിൽ ഒപ്പ് വച്ചതിനു ശേഷവും ,രണ്ടാം ഗഡു സ്ഥാപനത്തിന്റെ തൃപ്തികരമായ മുഴുവൻ വർഷ സേവനത്തിന് ശേഷം , 2025 - 26 സാമ്പത്തിക വർഷത്തിൽ AMMRC-ക്കായി അനുവദിച്ചിട്ടുള്ള സ്റ്റേറ്റ് പ്ലാൻഫണ്ടിലെ "25 336 01 - Empowering the facilities for advanced material research" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നത് അനുവദിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.03.2026 തീയതിയിലെ 2615/ADB6/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 37/26.03/23559/P&D3&SC- ST CELL-1/2026** **Holography Stage Services – Payment of ₹ 8,26,000/- to M/s. OpEzee Pvt Ltd, Karnataka- Sanctioned by the Vice Chancellor by exercising powers under chapter III section 10(17) of the Mahatma Gandhi University Act 1985 – Issuance of U.O No.2921/P&D3&SC/ST /2026/MGU dated 18.03.2026 – Report to the Syndicate – reg.**

As reported by Dr. Robinet Jacob, Principal Investigator of the RUSA project titled 'Content Enrichment for Effective Heritage Interpretation in Museum Environments through Augmented Reality, Virtual Reality and Holography", tenders were invited for the provision of Holography Stage Services. M/s.OpEzee Pvt. Ltd., Karnataka, emerged as the L1 bidder, and a work order was accordingly issued to the firm on 14.08.2024.

It has been further reported that the sanctioned project outlay of ₹24,00,000/- (Rupees Twenty Four Lakh only) was insufficient to meet the additional expenditure of ₹8,26,000/- (Rupees Eight Lakh Twenty Six Thousand only) incurred towards Holography Stage Services, as per Invoice No. OI-521 dated 23.04.2025.

In the above circumstances, the Vice-Chancellor, in exercise of the powers vested under Chapter III, Section 10(17) of the Mahatma Gandhi University Act, 1985, has accorded sanction for the payment of ₹8,26,000/- (Rupees Eight Lakh Twenty Six Thousand only), inclusive of GST, to M/s. OpEzee Pvt. Ltd., Karnataka. Accordingly, U.O. No. 2921/P&D3&SC/ST/2026/MGU dated 18.03.2026 was issued in this regard.

The action of the Vice Chancellor by exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985 and the issuance of U.O.No.2921/P&D3&SC/ST/2026/MGU dated 18.03.2026 was reported to the Syndicate.

**ഇനംനമ്പർ 38/26.03/19713/EA 2-1/2026** **സർവ്വകലാശാല പരീക്ഷകൾ – UG CBCS മോഡൽ 2, മോഡൽ 3 റെഗുലർ കോഴ്സ് നാല് സെമസ്റ്റർ വരെ പഠിച്ച ശേഷം പ്രൈവറ്റ് ആയി കോഴ്സ് പൂർത്തീകരിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് – കോഴ്സ് പൂർത്തീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച ശിപാർശകൾ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

CBCS Model 2, Model 3 സ്കീമിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനകാലയളവിൽ വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്ന സാഹചര്യങ്ങളിൽ പ്രൈവറ്റ് സ്കീമിലേയ്ക്ക് മാറുന്നതിനായി അപേക്ഷ സമർപ്പിക്കാറുണ്ടെങ്കിലും, ടി വിദ്യാർത്ഥികൾക്ക് നിലവിലെ റെഗുലേഷൻ മൂലം തുടർ പഠനം സാധ്യമാകാതെ വന്നിരിക്കുകയാണ്. UG Model 1 കോഴ്സുകൾ മാത്രമാണ് പ്രൈവറ്റ് സ്റ്റഡി വിഭാഗത്തിൽ ഉൾപ്പെടുന്നത്. Model 2, Model 3 എന്നീ സ്കീമുകളിൽ റെഗുലറായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർന്നുള്ള സെമസ്റ്ററുകൾ പ്രൈവറ്റ് സ്കീമിൽ പൂർത്തിയാക്കുവാൻ സാധിക്കുകയില്ല. നാല് സെമസ്റ്ററുകൾ വരെ റെഗുലർ പഠനം പൂർത്തീകരിച്ച ശേഷം ജോലിയിൽ പ്രവേശിക്കേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് പഠനം പ്രൈവറ്റ് സ്കീമിലൂടെ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം പരിഗണിച്ച്, താഴെ പറയുന്ന ശിപാർശകൾ നടപ്പിലാക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരംവൈസ് ചാൻസലർ അനുമതി നൽകി ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 04.03.2026 തീയതിയിലെ 2346/EA 2/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

- ടി UG വിദ്യാർത്ഥികൾക്ക് അവശേഷിക്കുന്ന സെമസ്റ്റർ പരീക്ഷകൾ കോളജിൽ റെഗുലർ ആയി പഠനം തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന റെഗുലർ ചാൻസ് പരീക്ഷയ്ക്കൊപ്പമോ അല്ലെങ്കിൽ തുടർന്ന് സപ്ലിമെന്ററിയായോ എഴുതുന്നതിനും ആയത് പ്രൈവറ്റ് സ്കീമിൽ പരീക്ഷ എഴുതി കോഴ്സ് പൂർത്തിയായതായി പരിഗണിക്കുന്നതിനും.

- അപ്രകാരം പരീക്ഷ എഴുതാൻ അനുവദിക്കുമ്പോൾ Model, Scheme എന്നിവ പരിഗണിക്കാതെ UG പ്രൈവറ്റ് സ്കീമിൽ സർവ്വകലാശാല ഓഫർ ചെയ്തിരുന്ന വിഷയങ്ങൾക്ക് മാത്രമായി ടി അവസരം പരിമിതപ്പെടുത്തുന്നതിന്.

- UG റെഗുലർ സ്കീമിൽ നാല് സെമസ്റ്റർ വരെ പൂർത്തീകരിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി ടി ആനുകൂല്യം പരിമിതപ്പെടുത്തുന്നതിന്.

| | |
|---|---|
| **ഇനംനമ്പർ 39/26.03/3242/1/2024** | **സർവ്വകലാശാലയിലെ 15 പി ജി ബോർഡ് ഓഫ് സ്റ്റഡീസ്, 15 യു ജി ബോർഡ് ഓഫ് സ്റ്റഡീസ്, 24 യു ജി & പി ജി കംബൈൻഡ് - ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടന - വിജ്ഞാപനം പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.** |

The Syndicate at its meeting considered the action of the Vice-Chancellor in issuing notification constituting the Boards of Studies in various Departments of Study by invoking the powers of the Syndicate under Section 10(17) of Chapter III of the Mahatma Gandhi University Act, 1985. The matter was deliberated in detail with reference to the statutory provisions governing the constitution and functioning of Boards of Studies.

The Syndicate noted the following statutory provisions:

1. Section 28(1), Chapter IV mandates the constitution of separate Boards of Studies for Undergraduate and Postgraduate Departments to ensure academic quality.
2. Section 28(1A)(a) stipulates that the Chairperson shall be the Head of the Department concerned.
3. Section 28(1A)(b) provides that members shall be nominated by the Chancellor from among teachers of the University and affiliated colleges by rotation.
4. Sections 109 and 110(i), Chapter IX prescribe that autonomous colleges shall have their own Boards of Studies with defined academic functions, including curriculum preparation subject to approval by the Academic Council.
5. Section 118, Chapter IX assigns the University Board of Studies the role of approving syllabi of autonomous colleges.

In this context, the Syndicate expressed serious concern that the constitution of certain University Boards of Studies, with a predominance of members from autonomous colleges or from outside the University system, and the appointment of Chairpersons not conforming to statutory requirements, may adversely affect academic transparency, accountability, and the statutory role of the University.

Upon examination, the Syndicate identified the following discrepancies in the notified Boards of Studies:

- **Sanskrit (UG):** Chairperson is not the Head of the Department; no separate Sanskrit Department exists.
- **Zoology (UG):** Chairperson is not the Head of the PG Department; no separate PG Department exists.
- **History (PG):** Chairperson is not the Head of the Department and is not heading a History Department.
- **Mathematics (PG):** Chairperson is a Principal and not the Head of the Department.
- **Botany (PG):** Majority of members are from autonomous institutions; Chairperson also from an autonomous college.
- **Home Science:** Inadequate representation from University departments; significant external membership.
- **Social Work:** Chairperson is not the Head of the Department.
- **Sociology:** No member directly involved in University curriculum/examination processes.
- **Geology:** Entire Board consists of members from outside the University.
- **Islamic History:** Overwhelming external representation; minimal University participation.
- **Psychology:** Majority from outside; only Chairperson directly involved in University academic processes.
- **Journalism:** Predominantly external membership with limited subject-specific University representation.
- **Aquaculture:** Limited representation of teachers directly engaged in University academic activities.
- **Tourism:** Majority from autonomous institutions; Chairperson also from an autonomous college.
- **Library and Information Science:** Chairperson from an autonomous college.
- **Law, Tamil, Music and Performing Arts:** Chairpersons are neither Heads of Departments nor directly involved in University academic administration.

In view of the above, the Syndicate concluded that the notified constitution of the Boards of Studies is not in conformity with the provisions of the Mahatma Gandhi University Act, 1985.

Accordingly, the Syndicate resolved to bring these statutory violations to the notice of the Hon'ble Chancellor for appropriate intervention.

**ഇനംനമ്പർ 40/26.03/26517/AC B1-1/2026** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം - കേരള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 27.02.2026 തീയതിയിലെ സ.ഉ(സാധാ)നം-289/2026/HEDN സർക്കാർ ഉത്തരവ് -സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം-III, വകുപ്പ് - 10(17) പ്രകാരം വൈസ്-ചാൻസലർ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

എയ്ഡഡ് കോളേജ് ഡി.ഡി.ഒ/പ്രിൻസിപ്പൽമാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസാകുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതിനുള്ള ശിപാർശ ഉൾപ്പെടുത്തി കോളജ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ട് പരിഗണിച്ച്, എയ്ഡഡ് കോളജുകളുടെ സുഗമമായ പ്രവർത്തനത്തിനും സാമ്പത്തിക കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി, നിലവിൽ ഡി.ഡി.ഒ ചുമതല വഹിക്കുന്ന പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കും അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസാകുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി, ഉത്തരവ് തീയതി(27.02.2026) മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉന്നത വിദ്യാഭ്യാസ വകുപ്പ് 27.02.2026 തീയതിയിലെ ഉത്തരവ് നമ്പർ സ.ഉ.(സാധാ) നം 289/2026/HEDN പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് 2026 മാർച്ച് മാസം 13-ന് നടന്ന സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി അപ്പ്രൂവൽ നടപടികുറിപ്പ് ഇനം നമ്പർ :ഒ.എ1 പ്രകാരം പരിഗണിക്കുകയും "27.02.2026 തീയതിയിലെ സ.ഉ (സാധാ) നം.289/2026/HEDN സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു".

ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 23.03.2026 ലെ 3128/ACB1/2026എം.ജി.യു.നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 41/26.03/106748/AC A12-1/2025** **B.Voc പ്രോഗ്രാമുകൾക്ക് അഞ്ചാം സെമസ്റ്ററിൽ Special Supplementary Exam അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

St. Paul's College, Kalamassery-യിലെ, 2022 അഡ്മിഷൻ ബാച്ച് ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം വിദ്യാർത്ഥികൾ അഞ്ചാം സെമസ്റ്ററിൽ പ്രത്യേക സപ്ലിമെന്ററി പരീക്ഷ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ വിദഗ്ധ അഭിപ്രായം ലഭ്യമാക്കുന്നതിനായി ഫിസിക്സ് (UG)-യുടെ എക്സ്പർട്ട് കമ്മിറ്റി കൺവീനറുടെ അഭിപ്രായം തേടിയിരുന്നു. എക്സ്പർട്ട് കമ്മിറ്റി ഈ വിഷയത്തിൽ ചർച്ച നടത്തുകയും, കൺവീനർ ചുവടെ ചേർക്കുംപോലെ ശിപാർശ നൽകുകയും ചെയ്തു :

" അഞ്ചാം സെമസ്റ്ററിൽ സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തുന്നത് വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സ് പൂർത്തിയാക്കുന്നതിൽ ഒരു വർഷം ലാഭിക്കുവാൻ സഹായിക്കും . നിലവിൽ സർവകലാശാല CBCS വിദ്യാർത്ഥികൾക്ക് പ്രത്യേക സപ്ലിമെന്ററി പരീക്ഷകൾ നടത്തിവരുന്നു. ഈ സാഹചര്യത്തിൽ, ബി.വോക് കോഴ്സുകളുടെ അഞ്ചാം സെമസ്റ്ററിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രത്യേക സപ്ലിമെന്ററി പരീക്ഷ നടത്തുന്നത് നല്ല തീരുമാനമായിരിക്കും. അതിനാൽ, ബി.വോക് കോഴ്സുകളുടെ അഞ്ചാം സെമസ്റ്ററിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്കായി സർവകലാശാല പ്രത്യേക സപ്ലിമെന്ററി പരീക്ഷ നടത്തണമെന്ന് ശിപാർശ ചെയ്യുന്നു."

മേൽ ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.03.2026 തീയതിയിലെ 2908/ACA 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 42/26.03/20190/AC A12-2/2026** **B.Voc. (Honours) Food Technology and Analysis – രണ്ട് മുതൽ ആറുവരെയുള്ള സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

03.03.2026 തീയതിയിൽ Agriculture and Sustainability വിദഗ്ദ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Food Technology and Analysis പ്രോഗ്രാമിന്റെ രണ്ട് മുതൽ ആറുവരെയുള്ള സെമസ്റ്ററുകളിൽ താഴെ പറയുന്ന പരിഷ്കരണങ്ങൾ ശിപാർശ ചെയ്തിരുന്നു:

- രണ്ടാം സെമസ്റ്ററിലെ Food Additives and Packaging (MG2SDCFTA102) എന്ന കോഴ്സിന്റെ Course Outcome പരിഷ്കരിക്കരണം,
- മൂന്നാം സെമസ്റ്ററിലെ Fruits and Vegetable Processing (MG3SDCFTA201) എന്ന കോഴ്സിന്റെ Course Outcome, Course Content എന്നിവയിലെ പരിഷ്കരിക്കരണം,
- നാലാം സെമസ്റ്ററില Food Engineering (MG4SDCFTA200) എന്ന കോഴ്സിന്റെ Course Outcome പരിഷ്കരിക്കരണം,
- അഞ്ചാം സെമസ്റ്ററിലെ Post – Harvest Technology of Animal Foods (MG5MPCFTA300) എന്ന കോഴ്സിന്റെ Course Outcome പരിഷ്കരിക്കരണം,
- ആറാം സെമസ്റ്ററിലെ Entrepreneurship Development in Food Industry (MG6SDEFTA302) എന്ന കോഴ്സിന്റെ Course Outcome, Course Content എന്നിവയിലെ പരിഷ്കരിക്കരണം
- അതേ സെമസ്റ്ററിലെ Sensory Analysis of Food (MG6SECFTA300) എന്ന കോഴ്സിന്റെ Course Outcome, Course Content എന്നിവയിലെ പരിഷ്കരിക്കരണം

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.03.2026 തീയതിയിലെ 2954/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 43/26.03/59596/AD A7-3/2023 (PART II)** **ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) – പ്രോജെക്ട് അസിസ്റ്റന്റ് (Technology/Management) എന്ന താത്കാലിക തസ്തികയിലേക്ക് നിയോഗത്തിനായി നടത്തപ്പെട്ട ഇന്റർവ്യൂ നടപടി ക്രമങ്ങൾ – വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകാലശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച നടപടി – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) – ൽ പ്രോജെക്ട് അസിസ്റ്റന്റ് (Technology/Management) എന്ന താത്കാലിക തസ്തികയിലേയ്ക്ക് നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകാലശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 11.03.2026 തീയതിയിലെ 2583/AD A 7/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 44/26.03/29152/AD A4-3/2025 (PART IV)** **ഐ ടി സെൽ - താത്ക്കാലിക - കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ - ഫുൾ സ്റ്റാക്ക്, സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ, ജൂനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ തസ്തികകളിലേക്കുള്ള അഭിമുഖത്തിന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഐ ടി സെൽ വിഭാഗത്തിൽ താത്ക്കാലിക - കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ - ഫുൾ സ്റ്റാക്ക്, സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ, ജൂനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ തസ്തികകളിലേക്ക് നിയോഗം നടത്തുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് നം. 101/AD A4/2026/എം.ജി.യു., തീയതി: 12.03.2026, സർവകലാശാല ഉത്തരവ് നം. 102/AD A4/2026/എം.ജി.യു, തീയതി: 12.03.2026, സർവകലാശാല ഉത്തരവ് നം. 103/AD A4/2026/എം.ജി.യു, തീയതി: 12.03.2026 എന്നീ സർവകലാശാല ഉത്തരവുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 45/26.03/8650/AC A5-3/2024** **അക്കാദമികം- എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേർണിംഗ് ഡിസെബിലിറ്റി) പ്രോഗ്രാം -സിലബസ് - മൂന്നാം സെമസ്റ്ററിലെ എലെക്റ്റിവ് കോഴ്സുകളുടെ കോഴ്സ് കോഡ് പരിഷ്കരണം- വൈസ് ചാൻസലർ അംഗീകരിച്ച്- മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്- സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്- സംബന്ധിച്ച്:-**

എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേർണിംഗ് ഡിസെബിലിറ്റി) പ്രോഗ്രാമിന്റെ പ്രോഗ്രാം ഘടന, സിലബസ് എന്നിവ അംഗീകരിച്ചുകൊണ്ട് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സിലബസിലെ മൂന്നാം സെമസ്റ്ററിലെ എലെക്റ്റിവ് കോഴ്സുകളുടെ കോഴ്സ് കോഡുകളും എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റെലെക്ച്വൽ ഡിസെബിലിറ്റി) പ്രോഗ്രാമിന്റെ(2019 അഡ്മിഷൻ മുതൽ) എലെക്റ്റിവ് കോഴ്സുകളുടെ കോഴ്സ് കോഡുകളും ഒരുപോലെ ആയതിനാൽ, എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേർണിംഗ് ഡിസെബിലിറ്റി) പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിലെ എലെക്റ്റിവ് കോഴ്സുകളുടെ കോഴ്സ് കോഡുകൾ പരിഷ്കരിക്കുന്നതിന് കൺവീനർ, എക്സ്പെർട്ട് കമ്മിറ്റി ഫോർ സ്പെഷ്യൽ എഡ്യൂക്കേഷൻ(പി.ജി) കത്ത് മുഖേന ശിപാർശ സമർപ്പിച്ചിരുന്നു. ടി ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.03.2026 തീയതിയിലെ 3390/AC A 5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 46/26.03/120401/P&D 1-2/2024** **Construction of Sewage Treatment Plant- Estimate of ₹ 4,54,41,000/- approved - exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985 -issuance of U.O No. 3178/P&D 1/2026/MGU dated. 23.03.2026 - reported-reg**

The Syndicate resolved to implement the Sewage Treatment Plant under DBOT (Design, Build, Operation, Transfer) model by inviting limited tender from Government accredited Non-PMC agencies that are qualified and have executed similar projects and to include one year operation and maintenance of the plant in the tender. Further it was also resolved to execute the said work under the strict supervision of University Engineering Unit. Also to execute a suitable MoU with the agency, to ensure the quality of the work and to carry out maintenance on a long term basis.

Vide Letter No. EUW/102/2024-25 dated. 05.03.2026, the University Engineer submitted an estimate of ₹ 4,54,41,000/- (Rupees Four Crore Fifty Four Lakh Forty One Thousand only) for the construction of Sewage Treatment Plant in the University. The estimate was verified and given concurrence by the Finance Wing.

Sanction has been accorded by the Vice Chancellor exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985, to the following, consequent to which U.O No 3178/P&D 1/2026/MGU dated. 23.03.2026 has been issued.

- to approve the estimate of ₹ 4,54,41,000/- (Rupees Four Crore Fifty Four Lakh Forty One Thousand only) for the construction of Sewage Treatment Plant
- to debit the expenditure from the head of account "25 101 09 Sewage Treatment Plant/ Effluent Treatment" provided in the MGU Budget Estimates for 2026-27

The action of the Vice Chancellor by exercising powers under chapter III Section 10(17) of the Mahatma Gandhi University Act 1985 and the issuance of U.O No. 3178/P&D 1/2026/MGU dated. 23.03.2026 was reported to the Syndicate.

**ഇനംനമ്പർ 47/26.03/25424/AC A5-1/2026** **സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, IIUCNN എന്നീ പഠനവകുപ്പുകളിലെ FYUGP വിദ്യാർത്ഥികൾക്കായി, സമ്മർ ഇന്റേൺഷിപ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അനുമതിക്കായി വകുപ്പ് മേധാവി, സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി സമർപ്പിച്ച ശിപാർശ വൈസ് ചാൻസലർ അംഗീകരിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, IIUCNN എന്നീ പഠനവകുപ്പുകളിലെ FYUGP വിദ്യാർത്ഥികൾക്കായി, ഓരോ വിദ്യാർത്ഥിക്കും ₹3000/- രജിസ്ട്രേഷൻ ഫീസ് ഈടാക്കിക്കൊണ്ട് സമ്മർ ഇന്റേൺഷിപ് പ്രോഗ്രാമുകൾ (2 ക്രെഡിറ്റുകൾ, 120 മണിക്കൂർ) ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ചുവടെ ചേർത്തിരിക്കുന്ന കോഴ്സുകളുടെ സിലബസ് ഉള്ളടക്കം ചെയ്തുകൊണ്ട് വകുപ്പ് മേധാവി, സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി ശിപാർശ സമർപ്പിച്ചിരുന്നു.

- Skill Enhancement in Polymer Product Development (School of Polymer Science and Technology).
- Advanced Polymer Techniques in Waste Water Treatment and Water Quality Analysis (School of Polymer Science and Technology).
- Nanomaterial Engineering: Concepts and Laboratory Practices (IIUCNN).
- Smart Energy Materials; Design and Fabrication (School of Energy Materials).
- Nano-the Mini marvels for Treating Cancer (School of Nanoscience and Nanotechnology).

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.03.2026 തീയതിയിലെ 3096/AC A 5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 48/26.03/23912/AC A5-1/2026** **സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ്സ് സ്റ്റഡീസിൽ 2026-2027 അക്കാദമിക വർഷം മുതൽ 30 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി BBA പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള വകുപ്പ് മേധാവിയുടെ ശിപാർശ- മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠന വകുപ്പായ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ്സ് സ്റ്റഡീസിൽ 2026-2027 അക്കാദമിക വർഷം മുതൽ 30 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി BBA പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അനുമതിക്കായി പ്രസ്തുത പഠനവകുപ്പ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു. ടി പ്രോഗ്രാമിന്, ഏതെങ്കിലും സ്ട്രീമിൽ 10+2 സ്കൂൾ വിദ്യാഭ്യാസം യോഗ്യത മാനദണ്ഡമായി സ്വീകരിക്കുന്നതിനും, അതിനുള്ള അംഗീകാരം ലഭിക്കുന്നതിനുമാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി

സർവകലാശാലാ ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.03.2026 തീയതിയിലെ 2946/AC A 5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 49/26.03/56275/AC B1-2/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - ബി.എ. എം കോളേജ്, തുരുത്തിക്കാട് - കോളേജ് മാനേജരുടെ പുനർനിയമനം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തുരുത്തിക്കാട് ബി.എ.എം കോളേജിലെ മാനേജർ പദവിയിൽ 06.02.2026 തീയതി മുതൽ ഒരു വർഷത്തേക്ക് ഡോ. മാത്യു പി ജോസഫ് - നെ പുനർ നിയമനം അംഗീകരിച്ച കോളേജിന്റെ മാനേജിങ് കമ്മിറ്റി തീരുമാനം കൈക്കൊണ്ടതായി ടി കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19(2) ൽ ഇപ്രകാരം പ്രതിപാദിക്കുന്നുണ്ട്. "All changes in the membership of the Governing Body or the Managing council and all appointments, transfers, promotions, demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate."

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) ൽ പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിക്കുന്നുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 56 (2) ൽ "The appointment or removal of the manager shall be intimated to the University by the unitary management or the corporate management, as the case may be." എന്ന് പരാമർശിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, തുരുത്തിക്കാട് ബി.എ.എം കോളേജിലെ മാനേജർ പദവിയിൽ 06.02.2026 തീയതി മുതൽ ഡോ. മാത്യു പി ജോസഫ് - ന് പുനർനിയമനം നൽകിയ മാനേജിങ് കമ്മിറ്റിയുടെ തീരുമാനം, സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 50/26.03/16595/AC B1-3/2026** **പ്രൈവറ്റ് എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ - സെന്റ്. തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, പാലാ - പുതിയ മാനേജർ ചുമതല ഏറ്റെടുത്തത് - സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

പാലാ, സെന്റ്. തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ-ന്റെ മാനേജരായിരുന്ന ഡോ. ജോസഫ് തടത്തിൽ പ്രസ്തുത ചുമതലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ടതിനെ തുടർന്ന് ടി കോളേജിന്റെ പുതിയ മാനേജരായി ഫാ. ജോസഫ് കണിയോടിക്കൽ 07.02.2026 മുതൽ നിയമിതനായ വിവരം കോളേജ് പ്രിൻസിപ്പൽ സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 56 (2) ൽ "The appointment or removal of the manager shall be intimated to the University by the unitary management or the corporate management, as the case may be." എന്ന് പരാമർശിക്കുന്നു. കൂടാതെ മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19(2) ൽ ഇപ്രകാരം പ്രതിപാദിക്കുന്നുണ്ട്. "All changes in the membership of the Governing Body or the Managing council and all appointments, transfers, promotions, demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate." മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) ൽ പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേണിംഗ് ബോഡിയുടെ ചെയർമാൻ

മേൽസാഹചര്യത്തിൽ, പാലാ, സെന്റ്. തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ മാനേജരുടെ സ്ഥാനമാറ്റം സംബന്ധിച്ച വിഷയം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 51/26.03/17657/AC B2-2/2026** **അരുവിത്തുറ സെന്റ് ജോർജ്സ് കോളേജിലെ മാനേജർ മാറ്റം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അരുവിത്തുറ സെന്റ് ജോർജ്സ് കോളേജ് മാനേജർ ആയിരുന്ന Fr. Sebastian Vettukallel കോളേജിന്റെ മാനേജർ സ്ഥാനം 07.02.2026 അപരാഹ്നം ഒഴിയുകയും പകരം Fr.Mathew Chandrankunnel 08.02.2026 പൂർവാഹ്നം മുതൽ കോളേജിന്റെ മാനേജരായി ചാർജെടുത്തതായുമുള്ള വിവരം സർവ്വകലാശാലയെ അറിയിച്ചിരുന്നു.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 56(2) ഇപ്രകാരം പ്രതിപാദിക്കുന്നു, " The appointment or removal of the manager shall be intimated to the University by the unitary management or the corporate management, as the case may be". കൂടാതെ, മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19(2) ഇപ്രകാരം പ്രതിപാദിക്കുന്നു, "All changes in the membership of the Governing Body or the Managing council and all appointments, transfers, promotions, demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate." മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) ൽ പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിക്കുന്നുണ്ട്.

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 52/26.03/19148/AC B1-1/2026** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - സെന്റ് അലോഷ്യസ് കോളേജ്, എടത്വ മാനേജരുടെ മാറ്റം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

എടത്വ സെന്റ് അലോഷ്യസ് കോളേജിലെ മാനേജർ സ്ഥാനത്തേക്ക്, റവ.ഫാ.ജോസ് തോമസ് കളരിക്കൽ 10.02.2026 തീയതി പൂർവാഹ്നം മുതൽ നിയമിതനായി എന്ന് കോളേജ് പ്രിൻസിപ്പൽ സർവ്വകലാശാലയെ അറിയിച്ചിരിക്കുന്നു .

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23,സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി (യൂണിറ്ററി മാനേജ്മെന്റ്) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ (കോർപ്പറേറ്റ് മാനേജ്മെന്റ്) എന്നിവയിലെ മാറ്റങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട് ( *"All changes in the membership of the Governing Body or the Managing Council and all appointments, transfers, promotions,demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate.")*.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 56 (2) പ്രകാരം "The appointment or removal of the manager shall be intimated to the University by the unitary management or the corporate management, as the case may be"കൂടാതെ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) - പ്രകാരം യൂണിറ്ററി മാനേജ്മെന്റ്-ന്റെ കീഴിൽ വരുന്ന പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്നും പരാമർശിച്ചിട്ടുണ്ട്.

എടത്വ, സെന്റ് അലോഷ്യസ് കോളജിലെ മാനേജർ മാറ്റം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (II) ക്രമ ഇനങ്ങൾ

## (I) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 53/26.03/142610/CBCSS 24-3/2024** **CBCSS നാലാം സെമസ്റ്റർ മാർച്ച് 2018 പരീക്ഷയിൽ ക്രമക്കേട് നടത്തിയതിനെ തുടർന്ന്, സിൻഡിക്കേറ്റ് പരീക്ഷാ വിലക്ക് ഏർപ്പെടുത്തിയ കാലയളവിൽ AJIL WILSON (PRN:150021000727, B.Com CBCSS Model I Finance & Taxation, Bharata Mata College of Commerce and Arts, Aluva) എന്ന വിദ്യാർത്ഥി CBCSS ബികോം രണ്ടാം സെമസ്റ്റർ മെയ് 2018 സപ്ലിമെന്ററി പരീക്ഷയിലെ English-Critical Thinking, Academic Writing & Presentation എന്ന വിഷയത്തിന്റെ പരീക്ഷ എഴുതിയതുമായി ബന്ധപ്പെട്ട -അന്വേഷണ കമ്മീഷൻ റിപ്പോർട്ട് -സംബന്ധിച്ച് .**

അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് പരിഗണിച്ച് താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

- പരീക്ഷ ചട്ടങ്ങൾ പാലിക്കാതെ വിദ്യാർത്ഥിക്ക് ക്രമവിരുദ്ധമായി പരീക്ഷ എഴുതുവാൻ അനുവാദം നൽകിയ കോളേജ് പ്രിൻസിപ്പലിൽ നിന്നും 7500/- (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ പിഴ ഈടാക്കുവാനും, തന്റെ അയോഗ്യത കണക്കാക്കാതെ ക്രമവിരുദ്ധമായി പരീക്ഷ എഴുതിയ വിദ്യാർത്ഥിയിൽ നിന്നും 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ പിഴയായി ഈടാക്കുവാനും തീരുമാനിച്ചു.

- പിഴ ഒടുക്കിയ രസീത് ഹാജരാക്കുന്ന മുറയ്ക്ക് വിദ്യാർത്ഥിയുടെ അപേക്ഷ പരിഗണിച്ച് അർഹമായ മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 54/26.03/8380/AC A6-1/2026** **തിരുവല്ല, മാർ തോമാ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Renjith Joseph അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തിരുവല്ല, മാർ തോമാ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Renjith Joseph-ന് ഇതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 55/26.03/7881/AC A6-1/2026** **തിരുവല്ല, മാർ തോമാ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Roshan Sara Philipose അതേ കോളേജിലെ തന്നെ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാത്തമാറ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തിരുവല്ല, മാർ തോമാ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Roshan Sara Philipose-ന് ഇതേ കോളേജിലെ തന്നെ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മാത്തമാറ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 56/26.03/7906/AC A6-1/2026** **എറണാകുളം, മഹാരാജാസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Priyesh C.U., അതേ കോളേജിലെ തന്നെ പൊളിറ്റിക്കൽ സയൻസ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ പൊളിറ്റിക്കൽ സയൻസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എറണാകുളം, മഹാരാജാസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Priyesh C.U-ന് ഇതേ കോളേജിലെ തന്നെ പൊളിറ്റിക്കൽ സയൻസ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ പൊളിറ്റിക്കൽ സയൻസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 57/26.03/8804/AC A6-1/2026** **എറണാകുളം, മഹാരാജാസ് കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Jineesh P.S അതേ കോളേജിലെ തന്നെ ഹിസ്റ്ററി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഹിസ്റ്ററിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എറണാകുളം, മഹാരാജാസ് കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Jineesh P.S -ന് ഇതേ കോളേജിലെ തന്നെ ഹിസ്റ്ററി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഹിസ്റ്ററിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 58/26.03/8132/AC A2-1/2026** **ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2016 അഡ്മിഷൻ - ജിമ്മി ജെയിംസ് - ഗവേഷണ മാർഗദർശി മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്**

ബസേലിയസ് കോളേജ്, കോട്ടയം ഗവേഷണ കേന്ദ്രമായി ഇംഗ്ലീഷ് വിഷയത്തിൽ ഗവേഷണം നടത്തുന്ന ജിമ്മി ജയിംസിന്റെ ഗവേഷണ മാർഗ്ഗദർശിത്വം ഡോ. ലാറ്റ മറീന വർഗീസ്-ൽ നിന്നും ഇതേ ഗവേഷണ കേന്ദ്രത്തിലെ ഗവേഷണ മാർഗ്ഗദർശിയായ ഡോ. കവിത ഗോപാലകൃഷ്ണൻ-ലേയ്ക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 59/26.03/5839/AC A6-1/2026**

**ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Benny Thomas, അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി എസ്.ബി കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Benny Thomas-ന് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 60/26.03/8165/AC A6-1/2026**

**എറണാകുളം, മഹാരാജാസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Surya Aravindakshan അതേ കോളേജിലെ തന്നെ പൊളിറ്റിക്കൽ സയൻസ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ പൊളിറ്റിക്കൽ സയൻസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എറണാകുളം, മഹാരാജാസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Surya Aravindakshan-ന് ഇതേ കോളേജിലെ തന്നെ പൊളിറ്റിക്കൽ സയൻസ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ പൊളിറ്റിക്കൽ സയൻസിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 61/26.03/81649/AC A6-3/2025**

**മാല്യങ്കര, SNM കോളേജിലെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിന് മികവിന്റെ കേന്ദ്രമായി അംഗീകാരം നൽകുവാനുള്ള അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട്, SNM കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ എന്നിവ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്**

Deferred to Next Syndicate.

**ഇനംനമ്പർ 62/26.03/11494/AC A6-2/2026**

**സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (UJRF) വർധിപ്പിക്കുന്നത് - ഗവേഷക വിദ്യാർഥികളുടെ സംഘടനയായ AKRSA സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

സർവകലാശാലാ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (UJRF) Rs. 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനമായതിനാൽ ഫയൽ മടക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 63/26.03/12538/AC A13-3/2026**

**Jose James (MGUPHD236692) - 2023 അഡ്മിഷൻ part-time ഗവേഷകൻ - പൊളിറ്റിക്കൽ സയൻസ് വിഷയം - നിലവിലെ ഗവേഷണ മാർഗ്ഗദർശിയെ മാറ്റി , പുതിയ ഗവേഷണ മാർഗ്ഗദർശിയെ അനുവദിക്കണമെന്ന് കാണിച്ചുകൊണ്ട്, മതിയായ ഫീസ് അടച്ച് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്:-**

എറണാകുളം മഹാരാജാസ് കോളേജ് ഗവേഷണ കേന്ദ്രമായി പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ഗവേഷണം നടത്തുന്ന Jose James-ന്റെ ഗവേഷണ മാർഗ്ഗദർശിത്വം Dr. Reshmi H Fernandez-ൽ നിന്നും ഇതേ ഗവേഷണ കേന്ദ്രത്തിലെ ഗവേഷണ മാർഗ്ഗദർശിയായ Dr. Joby Verghese-ലേയ്ക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 64/26.03/9518/AC A6-1/2026**

**പാലാ, അൽഫോൻസാ കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Anila Thomas പാല, സെന്റ് തോമസ് കോളേജിലെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

പാലാ, അൽഫോൻസാ കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Anila Thomas-ന് പാലാ സെന്റ് തോമസ് കോളേജിലെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 65/26.03/12511/AC A13-1/2026** **ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനായി 2003 ജൂലൈ അഡ്മിഷൻ ഹിസ്റ്ററി ഗവേഷകയായിരുന്ന Twincy Varghese സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

ആലുവ യുസി കോളേജ് ഗവേഷണ കേന്ദ്രമായി ഹിസ്റ്ററി വിഷയത്തിൽ ഗവേഷകയായിരുന്ന Twincy Varghese-ന്റെ (2003-ജൂലൈ അഡ്മിഷൻ) " Panampilly Govinda Menon: A Freedom Fighter and an Administrator of Cochin State" എന്ന ശീർഷകത്തിലുള്ള ഗവേഷണ പ്രബന്ധം പൂർണ്ണമായി പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 66/26.03/126324/AC A6-3/2025** **കട്ടപ്പന ഗവൺമെന്റ് കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

കട്ടപ്പന ഗവൺമെന്റ് കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച്. ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എ എസ് സുമേഷ് (സിൻഡിക്കേറ്റ് അംഗം), Dr. George Sebastian, Assistant Professor, Newman College, Thodupuzha (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 67/26.03/126502/AC A6-3/2025** **തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കാൻ നൽകിയ അപേക്ഷ - സംബന്ധിച്ച്.**

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), Dr. Preethy K. Pillai, Associate Professor, NSS College, Changanassery (വിഷയ വിദഗ്ധ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 68/26.03/2404/AC A6-1/2026** **തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Sreelakshmi K.M അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Sreelakshmi K.M-ന് ഇതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 69/26.03/67704/AC A6-3/2025** **അങ്കമാലി മോർണിംഗ് സ്റ്റാർ കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി(Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽ കിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് അങ്കമാലി മോർണിംഗ് സ്റ്റാർ കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി (Self Financing) വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Navya Antony (നിലവിൽ എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ റിസർച്ച് ഗൈഡ്), Dr. Marilyn Mary Xavier (നിലവിൽ തൃക്കാക്കര ഭാരതമാതാ കോളേജിലെ റിസർച്ച്

ഗൈഡ്) എന്നിവരുടെ ഗവേഷണ മാർഗ്ഗദർശ്ശിത്വം മോർണിംഗ് സ്റ്റാർ കോളേജിലേക്കു മാറ്റി അനുവദിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 70/26.03/9789/AC A 10-1/2024** | **പി.എച്ച്.ഡി. പ്രോഗ്രാം – കോമേഴ്സ് – 2021 അഡ്മിഷൻ – Nikhil S Nair ന് എതിരെ അച്ചടക്കപരമായുള്ള നടപടികൾ സ്വീകരിക്കുന്നതിന് – ABVP പത്തനംതിട്ട ജില്ലാ സെക്രട്ടറി Aswin S സമർപ്പിച്ച കത്ത് – സംബന്ധിച്ച്.** |

സർവ്വകലാശാല ക്യാമ്പസുമായോ, വിദ്യാർത്ഥി ഗവേഷണം ചെയ്യുന്ന കോളേജിന്റെ ക്യാമ്പസുമായോ ബന്ധമില്ലാത്ത കേസായതിനാൽ പരാതി നിരസിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 71/26.03/12500/AC A6-3/2026** | **റാന്നി, സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയ അപേക്ഷ സംബന്ധിച്ച്.** |

റാന്നി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം), ഡോ. ലിബിൻ കുര്യാക്കോസ്, അസ്സോസിയേറ്റ് പ്രൊഫസർ, സെന്റ് തോമസ് കോളേജ്, പാലാ (വിഷയ വിദഗ്ദ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 72/26.03/16098/AC A6-1/2026** | **എറണാകുളം, മഹാരാജാസ് കോളേജിലെ മ്യൂസിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Nandini N J അതേ കോളേജിലെ തന്നെ മ്യൂസിക് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മ്യൂസിക്കിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്** |

എറണാകുളം, മഹാരാജാസ് കോളേജിലെ മ്യൂസിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Nandini N J-ക്ക് ഇതേ കോളേജിലെ തന്നെ മ്യൂസിക് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മ്യൂസിക്കിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 73/26.03/9551/AC A6-1/2026** | **നെടുങ്കണ്ടം, എം.ഇ.എസ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Midhun H പാലാ, സെന്റ് തോമസ് കോളേജിലെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്** |

നെടുങ്കണ്ടം, എം.ഇ.എസ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Midhun H-ന് പാലാ, സെന്റ് തോമസ് കോളേജിലെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 74/26.03/113148/AC A6-1/2025** | **മൂത്തകുന്നം, എസ്.എൻ.എം ട്രെയിനിംഗ് കോളേജിലെ എഡ്യൂക്കേഷൻ വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Laya A.B അതേ കോളേജിലെ തന്നെ എഡ്യൂക്കേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരുന്ന അപേക്ഷയിൽ 30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം.122/26.01/113148/ACA6-1/2025 പ്രകാരമുള്ള തീരുമാനം പരിഷ്കരിക്കുന്നത് – സംബന്ധിച്ച്** |

30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.122/26.01/113148/ACA61/2025 പ്രകാരമുള്ള തീരുമാനം "സർവകലാശാല ഉത്തരവ് നം.2619/ACA6/2025/എം.ജി .യു തീയതി 18.03.2025 പ്രകാരം, അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു" എന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 75/26.03/78250/AC A6-1/2025** **പത്തനംതിട്ട, കാതോലിക്കേറ്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Vidya Merlin Varghese കോഴഞ്ചേരി, സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേലുള്ള സിൻഡിക്കേറ്റ് യോഗ തീരുമാനം പരിഷ്കരിക്കുന്നത് - സംബന്ധിച്ച്**

30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.121/26.01/78250/ACA6-1/2025 പ്രകാരമുള്ള തീരുമാനം "പത്തനംതിട്ട, കാതോലിക്കേറ്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ Dr.Vidya Merlin Varghese നെ കോഴഞ്ചേരി, സെൻറ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു" എന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 76/26.03/16769/AC A6-3/2025** **കോട്ടയം, മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൻ-ലെ ബിരുദാനന്തര ബിരുദ എഡ്യൂക്കേഷൻ വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ - 30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം.86/26.01/16769/ACA6-3/2025 പ്രകാരമുള്ള തീരുമാനം പരിഷ്കരിക്കുന്നത് സംബന്ധിച്ച്**

30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 86/26.01/16769/ACA6-3/2025 പ്രകാരമുള്ള തീരുമാനം "സർവകലാശാല ഉത്തരവ് നം.2619/ACA6/2025/എം.ജി.യു തീയതി 18.03.2025 പ്രകാരം ഫയൽ മടക്കുന്നതിനു തീരുമാനിച്ചു" എന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 77/26.03/930/AC A6-1/2026** **തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Aparna S. Kumar അതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്;**

തലയോലപ്പറമ്പ്, ദേവസ്വം ബോർഡ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Aparna S. Kumar-ന് ഇതേ കോളേജിലെ തന്നെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രത്തിൽ മലയാളത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 78/26.03/72317/AC A6-1/2024** **മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജിലെ എഡ്യൂക്കേഷൻ (ഇംഗ്ലീഷ്) വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Latha Joseph അതേ കോളേജിലെ തന്നെ എഡ്യൂക്കേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരുന്ന അപേക്ഷയിൽ 30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം.75/26.01/72317/ACA6-1/2024 പ്രകാരം സ്വീകരിച്ച തീരുമാനം പരിഷ്കരിക്കുന്നത് - സംബന്ധിച്ച്**

"സർവകലാശാല ഉത്തരവ് നം.2619/ACA6/2025/എം.ജി .യു തീയതി 18.03.2025 പ്രകാരവും, ടി അധ്യാപിക സമർപ്പിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങൾ നിലവാരം പുലർത്താത്തതിനാലും അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു" എന്ന രീതിയിൽ ഉത്തരവ് പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 79/26.03/71327/AC A6-1/2024** **മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജിലെ എഡ്യൂക്കേഷൻ (മാത്തമാറ്റിക്സ്) വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Praveena Gopinath അതേ കോളേജിലെ തന്നെ എഡ്യൂക്കേഷൻ വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരുന്ന അപേക്ഷയിൽ 30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം.76/26.01/71327/ACA6-1/2024 പ്രകാരം സ്വീകരിച്ച തീരുമാനം പരിഷ്കരിക്കുന്നത് - സംബന്ധിച്ച്**

"30.01.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 76/26.01/71327/ACA6-1/2024 പ്രകാരമുള്ള തീരുമാനം "സർവകലാശാല ഉത്തരവ് നം.2619/ACA6/2025/എം.ജി.യു തീയതി 18.03.2025 പ്രകാരവും, ടി അധ്യാപിക സമർപ്പിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങൾ നിലവാരം പുലർത്താത്തതിനാലും അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു" എന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 80/26.03/94482/AC A6-3/2025** **കോട്ടയം ബി.സി.എം കോളേജിലെ ഹോം സയൻസ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോട്ടയം ബി.സി.എം കോളേജിലെ ഹോം സയൻസ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. പി.ബി സതീഷ് കുമാർ (സിൻഡിക്കേറ്റ് അംഗം), Dr. Anooja Thomas K., Co-ordinator, School of food science and technology (വിഷയ വിദഗ്ധ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 81/26.03/31606/AC A6-1/2024** **ആലുവ, Union Christian കോളേജിലെ ഇക്കണോമിക്സ് വിഭാഗം ഗവേഷണ കേന്ദ്രം പുനരുജ്ജീവിപ്പിക്കുവാൻ നൽകിയ അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്**

പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ആലുവ Union Christian കോളേജിലെ ഇക്കണോമിക്സ് വിഭാഗം ഗവേഷണ കേന്ദ്രം പുനരുജ്ജീവിപ്പിക്കുന്നതിനും ഇതേ കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Sunil Abraham Thomas, Dr. Ann George എന്നിവരെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 82/26.03/101653/AC A6-1/2025** **കോട്ടയം, സി.എം.എസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Ann Abraham അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

കോട്ടയം, സി.എം.എസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Ann Abraham-ന് ഇതേ കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 83/26.03/107017/AC A6-1/2025** **കോട്ടയം, സി.എം.എസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Tilda Mary Daniel അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോട്ടയം, സി.എം.എസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Tilda Mary Daniel-ന് ഇതേ കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 84/26.03/122133/AC A6-1/2025** **കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. John Mathew അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. John Mathew-ന് ഇതേ കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/26.03/122138/AC A6-1/2025** **തേവര, സേക്രഡ് ഹാർട്ട് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Lakshmi Priya R, എറണാകുളം, മഹാരാജാസ് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ സ്റ്റാറ്റിസ്റ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

തേവര, സേക്രഡ് ഹാർട്ട് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Lakshmi Priya R-ന് എറണാകുളം, മഹാരാജാസ് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ സ്റ്റാറ്റിസ്റ്റിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 86/26.03/123773/AC A6-1/2025** **കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Liya Peter അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Liya Peter-ന് ഇതേ കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 87/26.03/123774/AC A6-1/2025** **കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Riya Mary അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Riya Mary-ക്ക് ഇതേ കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 88/26.03/123025/AC A6-1/2025** **കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Shiju C R അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr.Shiju C R-ന് ഇതേ കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 89/26.03/Ac. AII/2/7894/Mal/2016 – Rajani P T** **ഗവേഷണ വിഷയം – മലയാളം – 2015 പ്രവേശന വർഷം – രജനി പി ടി(160/2015) – പ്രബന്ധസമർപ്പണത്തിന് സമയപരിധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്**

സർവകലാശാല ഉത്തരവ് നം.1287/ACA10/2026/MGU തീയതി 06.02.2026 പ്രകാരം പ്രബന്ധം സമർപ്പിക്കുവാനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 90/26.03/331/AC A6-1/2026**

**തൃപ്പൂണിത്തുറ, ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Anne Placid തേവര, സേക്രഡ് ഹാർട്ട് കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തൃപ്പൂണിത്തുറ, ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Anne Placid-ന് തേവര, സേക്രഡ് ഹാർട്ട് കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 91/26.03/4549/AC A6-1/2026**

**ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഫിസിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Sajith Mathews T അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ഫിസിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Sajith Mathews T-ക്ക് ഇതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഫിസിക്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 92/26.03/4737/CBCSS 18-3/2026**

**ബാലഗ്രാം, ജവാഹർലാൽ നെഹ്റു ആർട്സ് ആൻഡ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് - 2024 അഡ്മിഷൻ നാലാം സെമസ്റ്റർ MGU-UGP പ്രോഗ്രാം വിദ്യാർത്ഥികളുടെ കോഴ്സ് സെലക്ഷൻ അപ്രൂവൽ യഥാസമയം പൂർത്തിയാക്കാത്തത് - സംബന്ധിച്ച്.**

ബാലഗ്രാം ജവാഹർലാൽ നെഹ്റു ആർട്സ് ആൻഡ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്-ലെ 2024 അഡ്മിഷൻ നാലാം സെമസ്റ്റർ MGU-UGP വിദ്യാർത്ഥികളുടെ കോഴ്സ് സെലക്ഷൻ അപ്രൂവൽ പ്രിൻസിപ്പൽ പാനലിൽ നിന്നും യഥാസമയം പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് അടയ്ക്കേണ്ട പിഴത്തുക 25000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയായി ഇളവ് ചെയ്തു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 93/26.03/112925/EJ 10-2/2025**

**ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിലെ അപാകത - അദ്ധ്യാപികയ്ക്കെതിരെ ശിക്ഷാനടപടി സംബന്ധിച്ച്:**

MA Political Science Fourth Semester ഏപ്രിൽ 2025 പരീക്ഷയുടെ 'United Nations: Peace and Global Governance' എന്ന വിഷയത്തിന്റെ 450702 ഫാൾസ് നമ്പറിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് മൂല്യനിർണയത്തിലും, ഒന്ന്, രണ്ട് പുനർമൂല്യനിർണയങ്ങളിലും അസാധാരണമായ വ്യത്യാസം ഉണ്ടായത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗം ഡോ. ജോജി അലക്സ്-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 94/26.03/91810/EJ 7-2/2025**

**2024 ഒക്ടോബർ മാസം നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്.സി (സി ബി സി എസ്) പരീക്ഷയുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട പരാതി - സംബന്ധിച്ച് :**

ഒന്നും രണ്ടും ഘട്ട പുനർമൂല്യനിർണയം നടത്തിയ ഡോ. അനില ബി.എൻ. (ഗവ. കോളേജ് നാട്ടകം), ലേഖ പി.കെ. (സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി) എന്നീ അദ്ധ്യാപികമാരിൽ നിന്നും 500 രൂപ വീതം പിഴ ഈടാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 95/26.03/4272/CBCSS 13-3/2026**

**ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്-FYUGP നാലാം സെമസ്റ്റർ കോഴ്സ് രജിസ്ട്രേഷൻ നടത്തുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഫൈൻ തുകയിൽ ഇളവ് അനുവദിക്കുന്നത് - സംബന്ധിച്ച്:-**

പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പിഴത്തുക 10000/- (പതിനായിരം രൂപ മാത്രം) രൂപയായി ഇളവ് ചെയ്തു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 96/26.03/10017/AD A2-2/2026** **സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സിന്ധു ആർ ബാബു, MTTM മൂന്നാം സെമസ്റ്ററിലെ ടൂറിസം എന്റർപ്രെണർഷിപ് എന്ന വിഷയത്തിന്റെ ഇന്റേർണൽ അസ്സെസ്സ്മെന്റ് മാർക്ക് സമർപ്പിച്ചതിലെ അപാകത - വകുപ്പ് മേധാവി സമർപ്പിച്ച റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗം ഡോ. സുജ ടി.വി.-യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 97/26.03/90448/EI 38-2/2025** **എറണാകുളം സെൻറ് ആൽബെർട്സ് (ഓട്ടോണോമസ്) കോളേജിലെ 2022 പ്രവേശനം വിദ്യാർത്ഥിയുടെ പരീക്ഷാഫലം തെറ്റായി രേഖപ്പെടുത്തി സമർപ്പിച്ച ടാബുലേഷൻ രജിസ്റ്റർ പരിഷ്ക്കരിച്ച് പുനഃ സമർപ്പിച്ചത് അംഗീകരിക്കുന്നതിനുള്ള കോളേജ് പ്രിൻസിപ്പലിന്റെ അപേക്ഷ പരിശോധിക്കുന്നതിനായി നിയോഗിച്ച അന്വേഷണ കമ്മീഷൻറെ റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച് :-**

സ.ഉ. നം. 725/EI 38/2026/MGU തീയതി 20.01.2026 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 98/26.03/101577/EH 12-3/2025** **രണ്ടാം സെമസ്റ്റർ എം എസ് സി സൈക്കോളജി മെയ് 2025 പരീക്ഷ -PY010201 : Psychology of Intelligence, Learning and Motivation എന്ന കോഴ്സിന്റെ മൂല്യനിർണയം - MES T O Abdulla Memorial College, Kunnukara-യിലെ വിദ്യാർത്ഥികൾ നൽകിയ പരാതി - മൂല്യനിർണയം/പുനർമൂല്യനിർണയം എന്നിവയിൽ മാർക്ക് വ്യത്യാസം - അപാകത പരിശോധിക്കുന്നതിനു - വിദഗ്ധ സമിതിയെ നിയോഗിക്കുന്നത് - സംബന്ധിച്ച്.**

രണ്ടാം സെമസ്റ്റർ എം എസ് സി സൈക്കോളജി മെയ് 2025 പരീക്ഷയിലെ PY010201 : Psychology of Intelligence, Learning and Motivation എന്ന കോഴ്സിന്റെ മൂല്യനിർണയം സംബന്ധിച്ച് MES T O Abdulla Memorial College, Kunnukara-ലെ 2024 അഡ്മിഷൻ വിദ്യാർത്ഥികൾ നൽകിയ പരാതി പരിഗണിച്ച്, മൂല്യനിർണയത്തിൽ/പുനർമൂല്യനിർണയത്തിൽ സംഭവിച്ച അപാകതകൾ പരിശോധിക്കുന്നതിനായി മാന്നാനം കെ. ഇ. കോളേജിലെ അദ്ധ്യാപികമാരായ ചിഞ്ചുറാണി വിൻസന്റ്, കാർത്തിക എലിസബത്ത് എന്നിവരുൾപ്പെട്ട വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 99/26.03/15370/AC A5-1/2026** **സ്കൂൾ ഓഫ് ലെറ്റേഴ്സ്-ൽ M.Phil. Theatre Arts(2012-2013) വിദ്യാർത്ഥിയായിരുന്ന ശ്രീ.അജീഷ് കുമാർ എ ജെ (രജി.നം.061265), പ്രോഗ്രാം പൂർത്തിയാക്കുന്നതിനായി Dissertation സമർപ്പിക്കുന്നതിനും, Viva-voce-ൽ പങ്കെടുക്കുന്നതിനുമുള്ള അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ-സിൻഡിക്കേറ്റിന് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

സ.ഉ. നം. 1250/A 1/2007/Academic. തീയതി 25.07.2007 പ്രകാരവും യു.ജി.സി. ചട്ടങ്ങൾ, സർവ്വകലാശാല സി.എസ്.എസ്. റഗുലേഷൻ എന്നിവ പരിഗണിച്ചും പ്രസ്തുത അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 100/26.03/73193/CBCSS 23-2/2025** **പുനർമൂല്യനിർണയഫലത്തിൽ 4 മടങ്ങ് മാർക്ക് വ്യത്യാസം - മൂല്യനിർണയത്തിലെ അപാകത കണ്ടെത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച്**

വെങ്ങോല Jai Bharat College -ലെ BA English Model III Double main വിദ്യാർത്ഥിനിയായ Farsana P.S.-ന് 2024 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക്, Symphony of Verses എന്ന വിഷയത്തിന് പുനർമൂല്യനിർണയത്തിലൂടെ യഥാർത്ഥ മൂല്യനിർണയഫലത്തേക്കാൾ 4 മടങ്ങ് മാർക്ക് ലഭിച്ചതുമായി ബന്ധപ്പെട്ട്, മൂല്യനിർണയത്തിൽ/പുനർമൂല്യനിർണയത്തിൽ സംഭവിച്ച അപാകതകൾ

പരിശോധിക്കുന്നതിനായി ഡോ. ജോജി ജോൺ പണിക്കർ (CMS കോളേജ്, കോട്ടയം), ഡോ. റിയ സൂസൻ സ്കറിയ (BCM College, Kottayam) എന്നിവരുൾപ്പെട്ട വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിനും, ഭാവിയിൽ ഇത്തരം സാഹചര്യങ്ങളിൽ പരീക്ഷാ കൺട്രോളറെ തന്നെ വിദഗ്ധ സമിതിയെ നിയോഗിക്കുവാൻ അധികാരപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 101/26.03/96784/El 5-1/2024** **ബി.എഡ് രണ്ടാം സെമസ്റ്റർ ഡിസംബർ 2020 പരീക്ഷ ഫല പ്രഖ്യാപനത്തിൽ സംഭവിച്ച ടെക്നിക്കൽ പിശക് മൂലം ബി. എഡ് പ്രോഗ്രാം പാസ്സാകുകയും ഒപ്പം ഡിഗ്രി സർട്ടിഫിക്കറ്റ് കൈപ്പറ്റുകയും ചെയ്ത കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, വൈക്കം – ലെ ആരണ്യ എം. പി (PRN – 193240111612) എന്ന വിദ്യാർത്ഥിനിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ ഡോ. സുജ ടി.വി., ഡോ. ജോജി അലക്സ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 102/26.03/118472/EN 6-1/2025** **ഇലാഹിയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ൽ നിന്നും ലഭിച്ച Cost Accounting എന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ അടങ്ങിയ പായ്ക്കറ്റിൽ ഒരു ഉത്തരക്കടലാസ് കാണാതായത് സംബന്ധിച്ച്:**

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ ഡോ. സുജ ടി.വി., ഡോ. ജോജി അലക്സ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 103/26.03/124173/EA 1-3/2024** **സർവ്വകലാശാല നടത്തുന്ന എല്ലാ കോഴ്സുകളുടെയും / പ്രോഗ്രാമുകളുടെയും റെഗുലറായി വരുന്ന അവസാന സെമസ്റ്ററിലെ വിഷയങ്ങൾ മാത്രം വിജയിക്കുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കായി അവസാന സെമസ്റ്ററിനു മാത്രമായി ഒരു Save A Year പരീക്ഷ പുതുതായി സർവകലാശാലയിൽ നടപ്പിൽ വരുത്തുന്നത് – സംബന്ധിച്ച് .**

നിലവിൽ CBCS വിഭാഗത്തിലുള്ള ഡിഗ്രി വിദ്യാർത്ഥികൾക്കും മൂന്ന് വർഷ എൽ.എൽ.ബി., അഞ്ച് വർഷ എൽ.എൽ.ബി. വിദ്യാർത്ഥികൾക്കും 'Save A Year' പദ്ധതി നടപ്പിലാക്കിയിട്ടുള്ളതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 104/26.03/137805/ED 1-2/2024** **ബി . എസ് .സി കോഴ്സുകളുടെ LAST & FINAL SPECIAL MERCY CHANCE പരീക്ഷയുടെ ഫീസ് കുറയ്ക്കുന്നതിനുള്ള തീരുമാനം പുനഃ പരിശോധിക്കുന്നത് സംബന്ധിച്ച്:-**

ബി.എസ് സി. കോഴ്സുകളുടെ Last and Final Special Mercy Chance പരീക്ഷയുടെ ഫീസ് കുറയ്ക്കുന്നത് സംബന്ധിച്ച തീരുമാനം പുനഃപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 105/26.03/169682/EA2 SO/2021** **20.11.2021 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം . 119/21.05/210085 ൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.**

ക്വസ്റ്റ്യൻ ബാങ്ക് നിർമ്മാണം പൂർത്തിയായി അഞ്ച് വർഷം കഴിഞ്ഞതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 106/26.03/15920/AC A3-1/2025**

**ഇന്റലെക്ചൽ ഡിസബിലിറ്റി വിഭാഗത്തിലെ വിദ്യാർത്ഥികൾ, ഇന്റലെക്ചൽ ഡിസബിലിറ്റി വിഭാഗത്തിൽപ്പെടുന്ന Dyslexia, Dysgraphia, Dyscalculia എന്നീ ലേർണിംഗ് ഡിസബിലിറ്റീസ് ഉള്ള വിദ്യാർത്ഥികൾ എന്നിവർക്ക് എഴുത്തു പരീക്ഷ ഒഴിവാക്കി ബദൽ മൂല്യനിർണ്ണയ മാർഗ്ഗങ്ങളായ ഓറൽ പരീക്ഷകൾ, പ്രൊജക്ട് ആധാരമാക്കിയുള്ള വിലയിരുത്തൽ, ഓപ്പൺ ബുക്ക് പരീക്ഷകൾ എന്നിവ നടപ്പിലാക്കുക, ഓരോ പ്രോഗ്രാമിനും പ്രസക്തമായ സ്കിൽ ബേസ്ഡ് ഘടകങ്ങൾ മാനദണ്ഡമാക്കിക്കൊണ്ടു വിദ്യാർത്ഥികളെ വിലയിരുത്തുക, ഇത്തരം സ്കിൽ ബേസ്ഡ് ഘടകങ്ങൾ അടിസ്ഥാനമാക്കി ഡിഗ്രി നൽകുക, തുടർ പഠനത്തിനും ജോലിക്കും അവരെ യോഗ്യരാക്കുക എന്നീ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഡോ.ആബിദ ഫറൂകി, ഡോ. സുനിൽ ജോസ് കെ എന്നിവർ സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്:-**

നിലവിൽ സർവകലാശാലയിൽ RPWD ആക്ട് 2016 അടിസ്ഥാനമാക്കി നമ്പർ.11645/ACA3/2023/MGU dtd. 20.11.2023 എന്ന ഉത്തരവ് പ്രകാരം ഇന്റലെക്ചൽ ഡിസബിലിറ്റിയുള്ള വിദ്യാർത്ഥികൾക്ക് ഡിസബിലിറ്റിയുടെ തോത് അനുസരിച്ച് പരീക്ഷകളിൽ 25% വരെ ഗ്രേസ് മാർക്കും, പരീക്ഷകളിൽ മറ്റ് ആനുകൂല്യങ്ങളും (Compensatory time of maximum 20min/hr, Service of scribe/reader/interpreter/lab assistant, Use of computer/Braille converter, Exemption from writing second language, Exemption from appearing for oral viva-voce examination) അനുവദിക്കുന്നുണ്ട്. ആയതിനാൽ നിവേദനം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 107/26.03/1030/AD A3-4/2026**

**പൊതുമേഖലാ സ്ഥാപനങ്ങൾ/ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ/വികസന അതോറിറ്റികൾ /ബോർഡുകൾ/കോർപറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

പൊതുമേഖലാ സ്ഥാപനങ്ങൾ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ/വികസന അതോറിറ്റികൾ/ബോർഡുകൾ/കോർപറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നം. സ.ഉ. (കൈ) നം, 109/2025/ധന. തീയതി 30.08.2025 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 108/26.03/59570/ADA9 SO/2025**

**സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് (SGS) വകുപ്പിൽ 2025 ജൂലൈ മാസത്തിലെ മൂന്ന് ആഴ്ചകളിലായി ഒരു ലെക്ചർ സീരീസ് നടത്തുന്നതിനുള്ള ചെലവിലേയ്ക്കായി, പ്രസ്തുത പഠന വകുപ്പിന്റെ ഡയറക്ടർ (I/c) ഡോ. ഇലിയാസ് എം. എച്ച് - ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ ₹25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്**

സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് (SGS) വകുപ്പിൽ 2025 ജൂലൈ മാസത്തിലെ മൂന്ന് ആഴ്ചകളിലായി ഒരു ലെക്ചർ സീരീസ് നടത്തുന്നതിനുള്ള ചെലവിലേയ്ക്കായി, പ്രസ്തുത പഠന വകുപ്പിന്റെ ഡയറക്ടർ (i/c) ഡോ. ഇലിയാസ് എം. എച്ച്-ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം), പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 109/26.03/91359/DSW 3/2025**

**മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ (2024-25) ന്റെ ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബർ 16,17,18,19 എന്നീ തീയതികളിൽ 'അന്താരാഷ്ട്ര ചലച്ചിത്രോത്സവം' നടത്തിയതിന്റെ ചെലവിലേയ്ക്കായി താൽക്കാലിക മുൻകൂർ തുക അനുവദിച്ചതിൽ, അധികമായി ചെലവഴിച്ച തുക തിരികെ നൽകുന്നത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ (2024-25) ന്റെ ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബർ 16,17,18,19 എന്നീ തീയതികളിൽ നടത്തിയ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ചെലവിലേക്കായി താൽക്കാലിക മുൻകൂർ തുക അനുവദിച്ചതിൽ അധികരിച്ച് ചെലവഴിച്ച തുകയായ 22,600/- രൂപയിൽ നിന്നും പിഴപലിശയായ 4,993/- രൂപ കുറവ് ചെയ്തതിനുശേഷമുള്ള തുകയായ 17,607/- രൂപ (പതിനേഴായിരത്തി അറുനൂറ്റിയേഴ് രൂപ മാത്രം) തിരികെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 110/26.03/28759/AD A9-2/2025**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) - AIIU Soft base Ball 2024-25 ടൂർണമെന്റ് നടത്തിപ്പിനായി താൽകാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ച ₹ 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയും,one time ഗ്രാന്റ് ആയി അനുവദിച്ച ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും ചേർത്ത് ₹6,00,000/- ആറ് ലക്ഷം രൂപ - ക്രമീകരിക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) - AIIU Soft base Ball 2024-25 ടൂർണമെന്റ് നടത്തിപ്പിനായി താൽകാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ച 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയും, one time ഗ്രാന്റ് ആയി അനുവദിച്ച 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും, ചേർത്ത് ആകെ 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

1. AIIU Softbaseball (M&W) 2024-25 ടൂർണമെന്റ് നടത്തിയ വകയിൽ ആകെ ചെലവഴിച്ച തുകയായ 5,20,978/-(അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) അംഗീകരിക്കുന്നതിനും

2. ചെലവഴിക്കാതെ ബാക്കി വന്ന തുകയായ 79,002/- രൂപ (എഴുപത്തി ഒൻപതിനായിരത്തി രണ്ട് രൂപ മാത്രം) സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും

3. ഓഡിറ്റ് പരിശോധനയിൽ അധിക ക്ലെയിം ചെയ്ത 20/- (ഇരുപത് രൂപ മാത്രം) സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും

4. SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി സർവകലാശാല ഉത്തരവ് നമ്പർ 2824/AD A9/2025/MGU തീയതി 25.03.2025 & സർവകലാശാല ഉത്തരവ് നമ്പർ 3629/ADA9/2025/MGU തീയതി 22.04.2025 (ഭേദഗതി ഉത്തരവ്) എന്നിവ പ്രകാരം അനുവദിച്ച 5,00,000/ - (അഞ്ചു ലക്ഷം രൂപ മാത്രം) രൂപയും സർവകലാശാല ഉത്തരവ് നമ്പർ 2985/ADA5/2025/MGU തീയതി 28.03.2025, സർവകലാശാല ഉത്തരവ് നമ്പർ 3024/AD A5/2025/MGU തീയതി 29.03.2025, (ഭേദഗതി ഉത്തരവ്) പ്രകാരം one time grant ആയി അനുവദിച്ച 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ '22 401 58 -Intercollegiate/Inter Uty Tournament 'എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 111/26.03/13689/FO SECTION-ASSISTANT1/2026**

**2025-26 സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിൽ " 22 419 17 Other Expenses " എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തൽ - സംബന്ധിച്ച്.**

2025-26 സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിൽ " 22 419 17 Other Expenses " എന്ന ശീർഷകത്തിൽ 45000/- രൂപ (നാൽപ്പത്തയ്യായിരം രൂപ മാത്രം) അധിക തുക വകയിരുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 112/26.03/12244/AD A3-3/2025** **സർവകലാശാല പഠനവകുപ്പുകളിൽ അസ്സോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി സെക്ഷൻ ഓഫീസർ, ശ്രീമതി സിജി അന്ന കുര്യൻ-ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി ആകെ അനുവദിച്ച ₹5,50,000/- രൂപ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്.**

സർവകലാശാല പഠനവകുപ്പുകളിൽ അസ്സോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി സെക്ഷൻ ഓഫീസർ, ശ്രീമതി സിജി അന്ന കുര്യൻ-ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 5,50,000/- രൂപ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ ക്രമപ്പെടുത്തുന്നതിന് തീരുമാനിച്ചു.

1. സർവകലാശാല പഠനവകുപ്പുകളിൽ അസ്സോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തുന്നതിനോടനുബന്ധിച്ച് ചെലവഴിച്ച തുകയായ 5,58,655/- രൂപ (അഞ്ച് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി അറുന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) അംഗീകരിക്കുന്നതിനും

2. അധികമായി ചെലവഴിച്ച തുകയായ 8,655/- രൂപ (എണ്ണായിരത്തി അറുന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) ടിയാൾക്ക് തിരികെ നൽകുന്നതിനും

3. മുൻകൂർ തുകയ്ക്ക് ബാങ്ക് പലിശയിനത്തിൽ ലഭിച്ച 5,332/- രൂപ (അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപ സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും

4. സർവകലാശാല പഠനവകുപ്പുകളിൽ അസ്സോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തുന്നതിനോടനുബന്ധിച്ചുള്ള ചെലവിലേയ്ക്കായി സെക്ഷൻ ഓഫീസർ ശ്രീമതി സിജി അന്ന കുര്യൻ-ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ 5,50,000/- (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ, സർവകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷ ബജറ്റിലെ "22 101 17 – Other Expenses"എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു

**ഇനംനമ്പർ 113/26.03/4753/AD B2/1/2020** **School of Pure & Applied Physics-ൽ സ്ഥാപിച്ചിരിക്കുന്ന Thermogravimetric Analyser-ന്റെ Controller PCB ₹7,21,535/- (ഏഴ് ലക്ഷത്തി, ഇരുപത്തിയൊന്നായിരത്തി, അഞ്ഞൂറ്റി, മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ ചെലവിൽ Spectralytic Scientific India Pvt. Ltd. (Indian counterpart of Perkin Elmer) എന്ന സ്ഥാപനം മുഖേന വാങ്ങി മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് -**

School of Pure & Applied Physics-ൽ സ്ഥാപിച്ചിരിക്കുന്ന Thermogravimetric Analyser-ന്റെ Controller PCB 7,21,535/-(ഏഴ് ലക്ഷത്തി, ഇരുപത്തിയൊന്നായിരത്തി, അഞ്ഞൂറ്റി, മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ ചെലവിൽ Spectralytic Scientific India Pvt. Ltd. (Indian counterpart of Perkin Elmer) എന്ന സ്ഥാപനം മുഖേന മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടി സ്ഥാപനവുമായി ചെലവ് സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്ത് ചെലവ് കുറച്ചുകൊണ്ട് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 114/26.03/58565/AD B4-2/2025** **സർവകലാശാലയിലെ വിദ്യാർഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ എൻട്രി/എക്സിറ്റ്-ലും CCTV ക്യാമറകൾ സ്ഥാപിക്കുന്നത് – സംബന്ധിച്ച്:**

CCTV ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തുന്നതിനും, എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 115/26.03/27411/ADA5 SO/2026**

**മഹാത്മാഗാന്ധി സർവകലാശാലാ യൂണിയൻ (2024 – '25) ന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ വച്ച് 2026 ഫെബ്രുവരി 27 മുതൽ മാർച്ച് 05 വരെ തീയതികളിലായി സംഘടിപ്പിക്കുന്ന സർവകലാശാലാ കലോൽത്സവത്തിനായി ലൈറ്റ് & സൗണ്ട്, സ്റ്റേജ് & ഡെക്കറേഷൻ, ഭക്ഷണം, ബാക് ഡ്രോപ്പ് & ആർച്ച്, മൊമെന്റോ, പ്രിന്റിംഗ് തുടങ്ങിയവയ്ക്ക് ടെൻഡർ ക്ഷണിക്കാതെ, ക്വട്ടേഷൻ നോട്ടീസ് മുഖേന നടപടികൾ പൂർത്തിയാക്കുന്നതിന് അനുമതി നൽകണമെന്നുള്ള സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറിയുടെ അപേക്ഷ അനുവദിക്കുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലാ യൂണിയൻ (2024 – '25) ന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ വച്ച് 2026 ഫെബ്രുവരി 27 മുതൽ മാർച്ച് 05 വരെ തീയതികളിലായി സംഘടിപ്പിച്ച സർവകലാശാലാ കലോത്സവത്തിനായി ലൈറ്റ് & സൗണ്ട്, സ്റ്റേജ് & ഡെക്കറേഷൻ, ഭക്ഷണം, ബാക് ഡ്രോപ്പ് & ആർച്ച്, മൊമെന്റോ, പ്രിന്റിംഗ് തുടങ്ങിയവയ്ക്ക് ടെൻഡർ ക്ഷണിക്കാതെ, ക്വട്ടേഷൻ നോട്ടീസ് മുഖേന നടപടികൾ പൂർത്തിയാക്കുന്നതിനുള്ള അനുമതി ടി പരിപാടി നടന്നുകഴിഞ്ഞതിനാൽ നൽകുന്നതിനും മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു. ഇനി വരാനിരിക്കുന്ന പരിപാടികളിൽ ഇത്തരം വർക്കുകൾ ചെയ്യുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്ത് ലിസ്റ്റ് തയ്യാറാക്കുന്നതിനും പ്രസ്തുത ഏജൻസികൾ വഴി മാത്രം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് DSW സെക്ഷനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

(ടെൻഡർ ക്ഷണിക്കാതെ മേൽ പ്രവർത്തികൾ ചെയ്തത് അംഗീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. ഉബൈദുള്ള എ സി, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് വിയോജിപ്പ് രേഖപ്പെടുത്തി)

**ഇനംനമ്പർ 116/26.03/28936/AD A9/1/2019**

**സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് (SOBS) വകുപ്പിലെ നിലവിലുള്ള വകുപ്പമേധാവിയുടെ കാലാവധി അവസാനിക്കുന്നതിനെ തുടർന്ന് പുതിയ വകുപ്പ്മേധാവിയെ നിയോഗിക്കുന്നത് സംബന്ധിച്ച്.**

ഡോ വിനോദ് കുമാർ എസ്. (പ്രൊഫസർ, SoBS) സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പമേധാവിയായി 3 വർഷം പൂർത്തീകരിക്കുന്നതിനാൽ, 01.04.2026 മുതൽ ടി സ്കൂളിലെ പുതിയ വകുപ്പമേധാവിയായി അടുത്ത സീനിയർ അദ്ധ്യാപകൻ ഡോ. രാജീവ് കുമാർ എൻ-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 117/26.03/106859/AD A9-2/2025**

**സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (SGTDS)-ലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സി ആർ ഹരിലക്ഷ്മീന്ദ്രകുമാറിനെതിരെ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി MSc വിദ്യാർത്ഥി രവീന്ദ്രൻ നായർ കെ പി സമർപ്പിച്ച പരാതി / അതിനു CYN HOD നൽകിയ വിശദീകരണം – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (SGTDS)-ലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാറിനെതിരെ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി M.Sc. വിദ്യാർത്ഥി രവീന്ദ്രൻ നായർ കെ പി സമർപ്പിച്ച പരാതി / അതിനു CYN HOD നൽകിയ വിശദീകരണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, ഡോ. എ.എസ്. സുമേഷ് എന്നിവരടങ്ങുന്ന അന്വേഷണ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 118/26.03/32212/AD A2/2/2019**

**സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സിന്ധു ആർ. ബാബു, 21.03.2025 തീയതിയിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് -ൽ വച്ച് നടത്തിയ ഡോക്ടറൽ കമ്മിറ്റിയുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർക്ക് നൽകിയ പരാതിയിൽ തുടരന്വേഷണം നടത്തുന്നതിന് നിയമിതമായ അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാല ഉത്തരവ് നം. 6885/AD A 2/2025/MGU തീയതി: 26.07.2025 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 119/26.03/50183/AD A2-2/2023** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്-ലെ (SCS) നിലവിലുള്ള വകുപ്പധ്യക്ഷന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ വകുപ്പധ്യക്ഷന്റെ (HoD) നിയമനം - സംബന്ധിച്ച്.**

ഡോ. അനിത സി. കുമാർ (പ്രൊഫസർ, SCS) സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പുമേധാവിയായി 3 വർഷം പൂർത്തീകരിക്കുന്നതിനാൽ, 16.05.2026 മുതൽ ടി സ്കൂളിലെ പുതിയ വകുപ്പുമേധാവിയായി ഡോ. അനസ് എസ്. (പ്രൊഫസർ, SCS) -നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 120/26.03/39208/EI 31-3/2025** **പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ ബി (Hons.) ഡിഗ്രി കോഴ്സിന്റെ ഒന്നാം സെമസ്റ്റർ ഡിസംബർ 2025 സപ്ലിമെന്ററി പരീക്ഷയിൽ ,പൂത്തോട്ട ശ്രീ നാരായണ ലോ കോളേജിലെ, അഞ്ജന മധുസൂദനൻ (PRN-243241510384) എന്ന വിദ്യാർത്ഥിനിയിൽ ആരോപിക്കപ്പെട്ട പരീക്ഷ ക്രമക്കേട് സംബന്ധിച്ച്:-**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷനായി ഡോ. ജോജി അലക്സ്, സിൻഡിക്കേറ്റ് അംഗം-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

## (III) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 23/26.02/17368/AC B7-2/2025** **കോതമംഗലം മാർ അത്തനേഷ്യസ് സ്വയംഭരണ കലാലയത്തിലെ പരിഷ്കരിച്ച പരീക്ഷാ മാന്വലിൽ സർവ്വകലാശാലയുടെ അഭിപ്രായം തിരുത്തുന്നത് സംബന്ധിച്ച്**

കോളേജ് സമർപ്പിച്ച പരീക്ഷ മാനുവലിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന അച്ചടക്ക നടപടികളെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന 'Malpractice and the punishments', സർവ്വകലാശാലാ പരീക്ഷാ മാനുവലിന് സമാനമായി തിരുത്തി പരിഷ്ക്കരിക്കുന്നതിന് കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകുന്നതിനും തദനുസരണം സ.ഉ. നം. 9749/Ac B7/2025 തീയതി 21.10.2025 പരിഷ്ക്കരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ OA 84/24.04/29062/AC A3-1/2024** **ശ്രവണ സംസാര വൈകല്യം നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുന്ന തരത്തിൽ നിലവിലെ അദ്ധ്യയന രീതിയിലും, പരീക്ഷാ സമ്പ്രദായത്തിലും മാറ്റം വരുത്തുവാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് : -**

നിലവിൽ ഇത്തരം വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയനരീതിയിലും പരീക്ഷാ സമ്പ്രദായത്തിലും മാറ്റങ്ങൾ വരുത്തിയിട്ടുള്ളതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 05/26.02/13894/AD A10-2/2020** **സർവ്വകലാശാലാ സേവനത്തിൽ നിന്നും 31.03.2020 ൽ വിരമിക്കുകയും 02.08.2023 ൽ മരണപ്പെടുകയും ചെയ്ത IIRBS മുൻ ഓണററി ഡയറക്ടറും സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസ്സറും ആയിരുന്ന ഡോ. ഐ. ഇബ്നു സൗദ്-ന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ടിയാളുടെ ബാധ്യതകൾ തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് - ഫയൽ സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലാ സേവനത്തിൽ നിന്നും 31.03.2020 ൽ വിരമിക്കുകയും 02.08.2023 ൽ മരണപ്പെടുകയും ചെയ്ത IIRBS മുൻ ഓണററി ഡയറക്ടറും സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസ്സറും ആയിരുന്ന ഡോ. ഐ. ഇബ്നു സൗദ്-ന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടിയാളുടെ ബാധ്യതകൾ ക്രോഡീകരിച്ച് ഫിനാൻസ് വിഭാഗം പരിശോധിച്ച് സമർപ്പിച്ചത് പരിഗണിച്ച് 12,49,638.30/- രൂപ ആകെ ബാദ്ധ്യതയായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

## അഡീഷണൽ അജൻഡ

**ഇനംനമ്പർ 121/26.03/9546/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ- Kottayam, Baker College for Women - പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

Kottayam, Baker College for Women സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com Finance and Taxation & Accounting (Hons) (40 Seats) എന്ന പ്രോഗ്രാം 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 122/26.03/46205/Ac A1-3/2025/AC A 1 (PART- VI)** **സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് കോഴ്സിന്റെ താല്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് കോഴ്സിന്റെ താല്കാലിക അഫിലിയേഷൻ തുടരുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റേയും സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപപത്രത്തിന്റേയും അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് പ്രോഗ്രാമിന്റെ താല്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

| Sl. No | Name of College | Programme | Govt. NOC |
|---|---|---|---|
| 1 | National College for Teacher Education, Perumbavoor, Ernakulam | B.Ed<br>M.Ed | G.O(Ms) No.65/2026/HEDN dtd 24.01.2026 |
| 2 | Patriarch Ignatius Zakka-I Training College, Malecruz, Puthencruz, Ernakulam | B.Ed | G.O(Ms) No.110/2026/HEDN dtd 17.02.2026 |
| 3 | Sree Narayana Training College, Okkal, Perumbavoor, Ernakulam | B.Ed | G.O(Ms) No.36/2026/HEDN dtd 19.01.2026 |

**ഇനംനമ്പർ 123/26.03/67140/AC A1-1/2025** **മുരിക്കുംവയൽ, ശ്രീ ശബരീശ കോളേജ് - 2025 - 26 അദ്ധ്യയന വർഷം മുതൽ താത്ക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷൻ റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച് :-**

മുരിക്കുംവയൽ, ശ്രീ ശബരീശ കോളേജ് 2025-26 അദ്ധ്യയന വർഷം മുതൽ താത്ക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുരിക്കുംവയൽ, ശ്രീ ശബരീശ കോളേജിന് 2025-26 അദ്ധ്യയന വർഷത്തേക്ക് താത്ക്കാലിക അഫിലിയേഷൻ പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 124/26.03/43985/AC A1-1/2025** **പാമ്പനാർ, ശ്രീ നാരായണ ട്രസ്റ്റ് ആർട്സ് & സയൻസ് കോളേജ് -താത്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ കമ്മീഷൻ റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച് :-**

പാമ്പനാർ, ശ്രീ നാരായണ ട്രസ്റ്റ് ആർട്സ് & സയൻസ് കോളേജ് 2025-26 അദ്ധ്യയന വർഷം താത്ക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാമ്പനാർ, ശ്രീ നാരായണ ട്രസ്റ്റ് ആർട്സ് & സയൻസ് കോളേജിന് 2025-26 അദ്ധ്യയന വർഷത്തേക്ക് താത്ക്കാലിക അഫിലിയേഷൻ പുതുക്കിനൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 125/26.03/60355/AC A1-1/2025** **ദി കൊച്ചിൻ കോളേജ്, കൊച്ചി - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

ദി കൊച്ചിൻ കോളേജ്, കൊച്ചി സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Govt.NOC | Course |
|---|---|---|
| The Cochin College, Kochi | G.O(Rt)No.298/2025/HEDN Dated, 22.05.2025 | 1. BSc (Hons) Mathematics – Artificial Intelligence and Machine Learning<br>2. BCom (Hons) – Finance and Taxation & Accounting<br>3. BCom (Hons) Logistics Management & Marketing<br>4. Bachelor of Business Administration (Honours) – Human Resource Management & International Business<br>5. Bachelor of Computer Applications (Honours) – Data Science<br>6. MSc Chemistry<br>7. MSc Mathematics<br>8. MSc Zoology |

**ഇനംനമ്പർ 126/26.03/49382/AC B7-1/2025** **ചങ്ങനാശ്ശേരി അസംപ്ഷൻ സ്വയംഭരണ കലാലയത്തിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താത്കാലിക അഫിലിയേഷൻ 2025-26 അക്കാദമിക വർഷത്തിൽ പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്:-**

ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കലാലയത്തിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താത്കാലിക അഫിലിയേഷൻ 2025-26 അക്കാദമിക വർഷത്തിൽ പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനും തീരുമാനിച്ചു.

1. ബി എ മ്യൂസിയോളജി & ആർക്കിയോളജി - 30
2. ബിഎ ഇംഗ്ലീഷ് ലിറ്ററേച്ചർ കമ്മ്യൂണിക്കേഷൻ&ജേർണലിസം (ട്രിപ്പിൾ മെയിൻ) - 30
3. ബി.കോം മോഡൽ 1 (ഫിനാൻസ് &ടാക്സേഷൻ )- 40
4. ബി,കോം മോഡൽ 1 (കമ്പ്യൂട്ടർ അപ്ലിക്കേഷൻ - 60
5. ബി ബി എ -40
6. ബി സി എ -30
7. ബി എസ് സി (ഓണേഴ്സ്) ഫാഷൻ ഡിസൈനിങ് -30
8. എംഎസ്സി ഹോം സയൻസ് (ഡയറ്ററ്റിക്സ് & ഫുഡ്സർവീസ് മാനേജ്മെന്റ് -20
9. എം എസ് സി ടെക്സ്റ്റൈൽസ് ആൻഡ് ഫാഷൻ ടെക്നോളജി -15
10. എം കോം ഫിനാൻസ് - 15
11. എം എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ - 30
12. മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് -30

**ഇനംനമ്പർ 127/26.03/5001/Ac B1-1/2019**

**സ്വകാര്യ എയ്ഡഡ് കോളേജ് -മാർത്തോമാ കോളേജ്, തിരുവല്ല- സർവ്വകലാശാല ആക്ടിലേയും സ്റ്റാറ്റ്യൂട്ട്സിലെയും ബന്ധപ്പെട്ട വ്യവസ്ഥകൾ - ഗവേണിംഗ് ബോഡിയിലേയ്ക്ക് പുതിയ സർവ്വകലാശാല പ്രതിനിധിയെ - നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്:-**

Deferred to Next Syndicate.

**ഇനംനമ്പർ 128/26.03/31824/AC A7-1/2025**

**അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - രാമംഗലം, അവ സ്റ്റെല്ല മേരിസ് കോളേജ് - പ്രോഗ്രാം 2026 -'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

രാമംഗലം, അവ സ്റ്റെല്ല മേരിസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BCom. (Hons) E-Commerce & Data Science, BCom (Hons) Logistics Management & Accounting എന്നീ പ്രോഗ്രാമുകൾ 2026-27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 129/26.03/57168/AC A7-1/2025**

**അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - Bhavan's College of Arts and Commerce, Kakkanad - 2025-'26 അദ്ധ്യയന വർഷം മുതൽ college സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ - അന്വേഷണ കമ്മീഷന്റെ ശുപാർശ - സംബന്ധിച്ച്.**

Kakkanad, Bhavan's College of Arts and Commerce 2025-'26 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിൽ മുൻപും നിലവിലും പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളുടെ സർവ്വകലാശാല പരീക്ഷകൾ സുഗമമായി നടത്തുന്നതിനും, അദ്ധ്യയനം പൂർത്തിയാകുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് നൽകേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും നൽകാമെന്നും ടി കോളേജിലെ അധ്യാപക/ അനധ്യാപക ജീവനക്കാരുമായുള്ള ബാധ്യതകൾ തീർത്തുകൊള്ളാമെന്നും നിലവിലെ കോളേജിലെ പരീക്ഷ കേന്ദ്രം മാറ്റാം എന്നിവ സംബന്ധിച്ചും വിശദമായ അഫിഡവിറ്റ് കോളേജ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കോളേജ് 2026-'27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 130/26.03/7356/AC A7-1/2026**

**അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - മുവാറ്റുപുഴ ഇലാഹിയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് - വിവിധ പ്രോഗ്രാമുകൾ സ്ഥിരമായും താത്കാലികമായിയും നിർത്തലാക്കുന്നതിനും പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

മൂവാറ്റുപുഴ, ഇലാഹിയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Com Marketing (15 Seats) പ്രോഗ്രാം 2026-27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

1. BA (Hons) Economics - 60 seats
2. BA (Hons) English - 60 Seats
3. B.Sc (Hons) Electronics - 60 Seats
4. BLISc - 30 Seats
5. MA English - 30 Seats
6. MA Economics - 12 Seats
7. MSc Computer Science - 30 Seats
8. MSc Electronics - 30 Seats
9. M.Com Finance - 45 Seats
10. MSW - 20 Seats

**ഇനംനമ്പർ 131/26.03/118802/AC A7-1/2025** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - Christ College, Puliyanmala - പ്രോഗ്രാം 2026 -'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

Puliyanmala, Christ College സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Cooperation (40 Seats) എന്ന പ്രോഗ്രാം 2026-27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 132/26.03/122812/AC A7-3/2025** **സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ SCHOOL OF TECHNOLOGY AND APPLIED SCIENCES, Edappally, Ernakulam- കോളേജിലെ MSc Applied Electronics എന്ന പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച് :**

SCHOOL OF TECHNOLOGY AND APPLIED SCIENCES, Edappally, Ernakulam സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ MSc Applied Electronics (30 സീറ്റ്) എന്ന പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 133/26.03/51063/AC A1-1/2025** **അൽ - അമീൻ കോളേജ്, എടത്തല - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -'26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

എടത്തല, അൽ - അമീൻ കോളേജ് വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താത്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റേയും സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപപത്രത്തിന്റെയും അടിസ്ഥാനത്തിൽ ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കിനൽകുന്നതിനും തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization |
|---|---|---|
| Al-Ameen College, Edathala | G.O(Ms)No.651/2025/ HEDN Dated, 09.09.2025 | 1. B.A (Hons) English -Media Studies & Film Studies<br>2. B.Com (Hons) -Finance and Taxation<br>3. B.Sc (Hons) Biotechnology<br>4. Bachelor of Business Administration (Honours)<br>5. Bachelor of Computer Applications (Honours)<br>6. B.Sc (Hons) Computer Science - Data Science & Analytics<br>7. BTTM (Hons) - Aviation Management & Tour Operation Management<br>8. B.Voc Sound Engineering |

**ഇനംനമ്പർ 134/26.03/46205/Ac A1-3/2025(PART- VII)** **സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം തുടരുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റേയും സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപ പത്രത്തിന്റേയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ ട്രെയിനിംഗ് കോളേജിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ് പ്രോഗ്രാമിന്റെ താല്ക്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Sl. No | Name of College | Programme | Govt. NOC |
|---|---|---|---|
| 1 | Nirmala Training College, Thalacode, Mulanthuruthy, Ernakulam | B.Ed | G.O(Ms) No.112/2026/HEDN dtd 17.02.2026 |

**ഇനംനമ്പർ 135/26.03/124325/AC A7-2/2025** **Mar Elias College, Kottappady, Kothamangalam എന്ന കോളേജിൽ നടന്നുവന്നിരുന്ന BA (Hons) English- Cultural Studies and Media Studies (30 Seats) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച് :-**

Mar Elias College, Kottappady, Kothamangalam സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English- Cultural Studies and Media Studies (30 Seats) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 136/26.03/OA -1 (86280/AC B7-1/2025)** **മക്ഫാസ്റ്റ് സ്വയംഭരണ സ്വാശ്രയ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ബിസിഎ (ഓണേഴ്സ്) പ്രോഗ്രാമിന് അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷയിലെ പരിശോധനാസമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് - സംബന്ധിച്ച്.**

Deferred to Next Syndicate.

**ഇനംനമ്പർ 137/26.03/41857/AC B7-1/2025** **ചങ്ങനാശ്ശേരി എസ്.ബി സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ എം.സി.എ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്.**

ചങ്ങനാശ്ശേരി, എസ്.ബി സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ എം.സി.എ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), ഹരികൃഷ്ണൻ പി (സിൻഡിക്കേറ്റ് അംഗം), ഡോ. മായ എൻ, അസ്സോസിയേറ്റ് പ്രൊഫസർ, എൻ എസ് എസ് കോളേജ്, രാജകുമാരി എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 138/26.03/87766/AC B7-2/2025** **കോട്ടയം, സി എം എസ് സ്വയംഭരണ കോളേജിൽ 2026-27 അധ്യയന വർഷം മുതൽ സ്വാശ്രയ ധാരയിൽ വിവിധ പ്രോഗ്രാമുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്.**

കോട്ടയം, സി എം എസ് സ്വയംഭരണ കോളേജിൽ 2026-27 അധ്യയന വർഷം മുതൽ സ്വാശ്രയ ധാരയിൽ വിവിധ പ്രോഗ്രാമുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വ. റെജി സക്കറിയ(സിൻഡിക്കേറ്റ് അംഗം), ഡോ. സുമേഷ് എ എസ് (സിൻഡിക്കേറ്റ് അംഗം), ജോബിൻ വർഗ്ഗീസ്, അസ്സോസിയേറ്റ് പ്രൊഫസർ, കെ ഇ കോളേജ്, മാന്നാനം, ചിഞ്ചു റാണി, അസിസ്റ്റന്റ് പ്രൊഫസർ, കെ ഇ കോളേജ് മാന്നാനം, ഡോ. സുധ ആർ, സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി, ഡോ. വിനോദ് വി, അസിസ്റ്റന്റ് പ്രൊഫസർ, മാർത്തോമ കോളേജ്, പെരുമ്പാവൂർ, ഹരീഷ് കുമാർ വി ജി, അസിസ്റ്റന്റ് പ്രൊഫസർ, ശ്രീ.ശബരീശ കോളേജ്, മുരിക്കുംവയൽ എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 139/26.03/85104/AC B7-1/2025** **പാലാ സെന്റ് തോമസ് സ്വയംഭരണ കോളേജിൽ 2026-27 അധ്യയന വർഷം മുതൽ ബിഎസ്സി - (ഓണേഴ്സ്) ഡേറ്റ സയൻസ് പ്രോഗ്രാമും എംഎസ്സി - ഫുഡ് സയൻസ് ആൻഡ് ടെക്നോളജി പ്രോഗ്രാമിന് അധിക ബാച്ചും ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച് .**

പാലാ സെന്റ് തോമസ് സ്വയംഭരണ കോളേജിൽ 2026-27 അധ്യയന വർഷം മുതൽ ബിഎസ്സി - (ഓണേഴ്സ്) ഡേറ്റ സയൻസ് പ്രോഗ്രാമും എംഎസ്സി - ഫുഡ് സയൻസ് ആൻഡ് ടെക്നോളജി പ്രോഗ്രാമിന് അധിക ബാച്ചും ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വ. സതീഷ്

കുമാർ കെ ബി (സിൻഡിക്കേറ്റ് അംഗം), ഡോ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം), ഡോ. രാജിമോൾ എ, അസ്സോസിയേറ്റ് പ്രൊഫസർ, മരിയൻ കോളേജ്, കുട്ടിക്കാനം, ഡോ. ഹരി നാരായണൻ ജി, അസിസ്റ്റന്റ് പ്രൊഫസർ, ഡി ബി കോളേജ്, തലയോലപ്പറമ്പ് എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 140/26.03/14929/AC B7-1/2026** **ചങ്ങനാശ്ശേരി എസ്.ബി സ്വയംഭരണ കോളേജിൽ 2026 -27 അക്കാദമിക് വർഷം മുതൽ ബി.ബി.എ പ്രോഗ്രാം സ്വാശ്രയ അടിസ്ഥാനത്തിൽ (30 സീറ്റ്) ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എസ്.ബി സ്വയംഭരണ കോളേജിൽ 2026 – 27 അക്കാദമിക വർഷം മുതൽ ബി.ബി.എ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), ഹരികൃഷ്ണൻ പി (സിൻഡിക്കേറ്റ് അംഗം), മിഷേൽ എലിസബത്ത് ബേക്കബ്, അസിസ്റ്റന്റ് പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 141/26.03/3531/AC B7-1/2025** **ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കോളജിൽ 2025-26 അക്കാദമിക് വർഷം മുതൽ പുതിയ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കോളജിൽ 2025-26 അക്കാദമിക് വർഷം മുതൽ BSW പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വ. സതീഷ് കുമാർ പി ബി (സിൻഡിക്കേറ്റ് അംഗം), ഡോ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം), ഹരീഷ് കുമാർ വി ജി, അസിസ്റ്റന്റ് പ്രൊഫസർ, ശ്രീ.ശബരീശ കോളേജ്, മുരിക്കുംവയൽ എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 142/26.03/86191/AC B7-1/2025** **മൂലമറ്റം സെന്റ് ജോസഫ്സ് കോളേജ് 2026-27 അക്കാദമിക വർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായുള്ള അപേക്ഷ സംബന്ധിച്ച്**

മൂലമറ്റം, സെന്റ് ജോസഫ്സ് കോളേജ് 2026-27 അക്കാദമിക വർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം), ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), ഹരീഷ് കുമാർ വി ജി, അസിസ്റ്റന്റ് പ്രൊഫസർ, ശ്രീ ശബരീശ കോളേജ്, മുരിക്കുംവയൽ, ഡോ. ലീന സി ശേഖർ, അസ്സോസിയേറ്റ് പ്രൊഫസർ, MES College Nedumkandam എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 143/26.03/105045/AC B7-2/2024** **തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കലാലയത്തിൽ 2025-26 അദ്ധ്യയന വർഷം വിവിധ സ്വാശ്രയ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കുന്നത് - സംബന്ധിച്ച്**

തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കലാലയത്തിൽ 2025-26 അദ്ധ്യയന വർഷം വിവിധ സ്വാശ്രയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), ഡോ. ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം), ചിഞ്ചു റാണി, കെ ഇ കോളേജ്, മാന്നാനം, ഡോ. ലീന സി ശേഖർ, അസ്സോസിയേറ്റ് പ്രൊഫസർ, MES Nedumkandam എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 144/26.03/14971/AC B7-1/2025** **ആലുവ, സെന്റ് സേവിയേഴ്സ് വനിതാ സ്വയംഭരണ കോളേജ് - 2025-26 അക്കാദമിക വർഷത്തിൽ പുതിയ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാരിന്റെ മറുപടി ലഭ്യമായത് - സംബന്ധിച്ച്**

ആലുവ, സെന്റ് സേവിയേഴ്സ് വനിതാ സ്വയംഭരണ കോളേജ് 2025-26 അക്കാദമിക വർഷത്തിൽ പുതിയ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം), ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), ഡോ. ലീന സി ശേഖർ, അസ്സോസിയേറ്റ് പ്രൊഫസർ, MES Nedumkandam എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 145/26.03/85656/AC B7-2/2025** **ആലുവ യൂണിയൻ ക്രിസ്ത്യൻ സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ബി.കോം (ഓണേഴ്സ് ) പ്രോഗ്രാം സ്വാശ്രയ ധാരയിൽ അനുവദിക്കുന്നത് സംബന്ധിച്ച്.**

ആലുവ, യൂണിയൻ ക്രിസ്ത്യൻ സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ബി.കോം (ഓണേഴ്സ് ) പ്രോഗ്രാം സ്വാശ്രയ ധാരയിൽ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വ. റെജി സക്കറിയ (സിൻഡിക്കേറ്റ് അംഗം), ഹരികൃഷ്ണൻ പി (സിൻഡിക്കേറ്റ് അംഗം), Dr. Unniraja P S, Assistant Professor, The Kochin college, Kochi എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 146/26.03/17211/AC B7-2/2025** **മൂവാറ്റുപുഴ നിർമലാ സ്വയംഭരണ കലാലയത്തിൽ 2025-26 അക്കാദമിക വർഷത്തിൽ BSW, MSW, BBA പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്.**

മൂവാറ്റുപുഴ നിർമലാ സ്വയംഭരണ കലാലയത്തിൽ 2025-26 അക്കാദമിക വർഷം മുതൽ സ്വാശ്രയ ധാരയിൽ BSW, MSW, BBA പ്രോഗ്രാമുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വ. സതീഷ് കുമാർ പി ബി (സിൻഡിക്കേറ്റ് അംഗം), ഡോ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം), Dr. Kiran Thambi, അസ്സോസിയേറ്റ് പ്രൊഫസർ, Rajagiri College of Social Science, മിഷേൽ എലിസബത്ത് ജേക്കബ്, അസിസ്റ്റന്റ് പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 147/26.03/85515/P&D 1-1/2022** **ഭവാനി ക്വാർട്ടേഴ്സിൽ റീറ്റെയ്നിങ് വാൾ, കോറിഡോറിൽ ഗ്രിൽ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കും അതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹19,65,000/- (പത്തൊൻപത് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതും - സംബന്ധിച്ച് :-**

ഭവാനി ക്വാർട്ടേഴ്സിൽ റീറ്റെയ്നിങ് വാൾ, കോറിഡോറിൽ ഗ്രിൽ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും, മേൽ പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹19,65,000/- (പത്തൊൻപത് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഈ ഇനത്തിൽ ഉള്ള ചെലവ് സർവ്വകലാശാലയുടെ നടപ്പ സാമ്പത്തിക വർഷത്തെ "25 101 11 - Amphi Theatre, Rest Room for Ladies /Gents, New Canteen/ Infrastructure Development " എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 148/26.03/143150/P&D 1-1/2021** **മഹാത്മാഗാന്ധി സർവ്വകലാശാല SIRP കെട്ടിടത്തിന്റെ റൂഫ്ടോപ്പിൽ പുതിയതായി സെമിനാർ ഹാൾ നിർമിക്കുന്ന പ്രവൃത്തിയിലേക്കായി സിവിൽ വർക്കുകൾക്ക് ₹17,46,300/- (പതിനേഴ് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും ഇലക്ട്രിക്കൽ വർക്കുകൾക്ക് ₹2,71,300/-(രണ്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും ചേർത്ത് ആകെ ₹20,17,600/- (ഇരുപത് ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല SIRP കെട്ടിടത്തിന്റെ റൂഫ്ടോപ്പിൽ പുതിയതായി സെമിനാർ ഹാൾ നിർമിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാല SIRP കെട്ടിടത്തിന്റെ Roof top -ൽ പുതിയതായി സെമിനാർ ഹാൾ നിർമിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും, മേൽ പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച സിവിൽ വർക്കുകൾക്ക് ₹17,46,300/- (പതിനേഴ് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി മുന്നൂറ് രൂപ മാത്രം) ഇലക്ട്രിക്കൽ വർക്കുകൾക്ക് ₹2,71,300 (രണ്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മുന്നൂറ് രൂപ മാത്രം) ചേർത്ത് ആകെ ₹20,17,600/- (ഇരുപത് ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഈ ഇനത്തിൽ ഉള്ള ചെലവ് സർവ്വകലാശാലയുടെ നടപ്പ സാമ്പത്തിക വർഷത്തെ"" 25 303 01 - SIRP - Upgradation Facilities for School of International Relations & Politics " എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 149/26.03/8203/P&D 1-1/2026** **മഹാത്മാഗാന്ധി സർവകലാശാലയിൽ ഒരു ഇൻഡോർ ബാഡ്മിന്റൺ കോർട്ട് നിർമിക്കണമെന്നുമുള്ള വിദ്യാർത്ഥികളുടെ ആവശ്യം – DSU Chairperson സമർപ്പിച്ച കത്ത് – സംബന്ധിച്ച് :-**

2026-2027 സാമ്പത്തിക വർഷത്തിലെ സർവ്വകലാശാലാ ബഡ്ജറ്റിൽ വിദ്യാർത്ഥികൾക്കുമാത്രമായി ഒരു ഇൻഡോർ ബാഡ്മിന്റൺ കോർട്ടിന് വേണ്ടി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിനാൽ ടി പദ്ധതി തുടങ്ങുന്നതിനുള്ള Location Identify ചെയ്ത് അനുവദിച്ച തുകയ്ക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ യൂണിവേഴ്സിറ്റി എഞ്ചിനീയറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 150/26.03/111057/P&D 2-1/2025** **KRISTU JAYANTI (Deemed to be) University, ബാംഗ്ലൂരും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് – സംബന്ധിച്ച്.**

KRISTU JAYANTI (Deemed to be) University, ബാംഗ്ലൂരും മഹാത്മാഗാന്ധി സർവകലാശാലയും അക്കാദമിക സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 151/26.03/132465/P&D 2-1/2024** **രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (Autonomous), കൊച്ചിയും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ അക്കാദമിക ഗവേഷണ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് – സംബന്ധിച്ച്.**

Item Deferred.

**ഇനംനമ്പർ 152/26.03/120288/P&D 2-1/2025** **ATW Solid State Hydrogen Research Center (ATW-SSHE-RC), National Taiwan University of Science and Technology, Taipei,Taiwan – ഉം മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് – സംബന്ധിച്ച്.**

ATW Solid State Hydrogen Research Center (ATW-SSHE-RC), National Taiwan University of Science and Technology, Taipei,Taiwan-ഉം മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി നിയമപരമായും സാമ്പത്തിക പരമായും സർവ്വകലാശാലയ്ക്ക് ബാധ്യത വരാത്ത വിധത്തിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 153/26.03/6826/P&D 2-1/2026** **School of Santhi, തിരുവനന്തപുരവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് – സംബന്ധിച്ച്.**

Item Deferred.

## ഔട്ട് ഓഫ് അജൻഡ

**ഇനംനമ്പർ: ഒ.എ്.01/26.03** **Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties – reg.**

Resolved to award Certificate/Degree/Diploma to successful candidates of Autonomous Colleges under the University, who have followed University regulations under different faculties till 07.04.2026.

Also resolved to ratify the action taken by the Vice-Chancellor in awarding the Degree/Diploma/Certificate, in concurrence with the approval of the Syndicate, to the successful candidates who have passed various examinations conducted by the University, under different faculties during the period from 26.02.2026 to 06.04.2026.

**ഇനംനമ്പർ: ഒ.എ്.02/26.03** **Awarding of Ph.D. Degree – reg.**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.

Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 07.04.2026 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Name & Address of the Co-Guide | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|---|
| 1. | 85720/AC A14-1/2025/AC A14 | Smt. Neethu Reghukumar Souparnika (H), Nattasserry, S H Mount P. O, Kottayam - 686006 | Dr. Arathi P M Assistant Professor, School of Indian LegalThought, Mahatma Gandhi University, Kottayam. | Nil | Law / Law | REPRODUCTIVE JUSTICE AND TRADITIONAL KNOWLEDGE : A STUDY OF TRADITIONAL REPRODUCTIVE HEALTH CARE PRACTICES IN KERALA |
| 2. | 76741/AC A14-2/2025/AC A14 | Smt. Theja Joseph Chirayil House Mannanam P.O. Kottayam Pin - 686 561 | Dr J G Ray, Professor (Retd) School of Bio Sciences, Mahatma Gandhi University, Kottayam, Kerala - 686560 | Nil | Botany / Science | Phycoremediation of Eutrophic waters using selected Indigenous green algal species of Kerala |
| 3. | 68613/AC A14-1/2025/AC A14 | Sri. Blesson Varghese Vempala House Thottakad P O Kottayam PIN - 686539 | Prof. (Dr.) Sibu G Netto School of Distance and Online Education, School of Pedagogical Sciences, Mahatma Gandhi University, Kottayam | Nil | Education / Education | EFFECTIVENESS OF GAMIFICATION STRATEGY ON MOTIVATIONAL NEEDS, PROFESSIONAL COMPETENCY AND ACADEMIC ACHIEVEMENT OF STUDENT TEACHERS AT SECONDARY LEVEL |
| 4. | 74426/AC A14-1/2025/AC A14 | Smt. Renimole K J Urumbil House Kallar P O Thookkupalam Idukki - 685552 | Dr. Betty P J Professor, St. Joseph College of Teacher Education for Women, Eranakulam | Nil | Education / Education | EMOTIONAL DISTRESS, LEARNING DIFFICULTIES AND LOCUS OF CONTROL IN RELATION TO HAPPINESS OF DISASTER EXPOSED ADOLESCENTS |
| 5. | 71660/AC A14-2/2025/AC A14 | Smt. Rima Joseph Rhythm C.S.I Road Aluva - 683101 | Dr.Binitha R N, Associate Professor, Department of Zoology, Mar Athanasius College (Autonomous), Kothamangalam, Kerala, India | Dr. Nisha A R Professor & Head, Department of Veterinary Pharmacology and ToxicologyCollege of Veterinary and Animal Sciences, Mannuthy-680651,Kerala, India. | Zoology / Science | Integrative In Silico and In Vivo Investigations into the Antiandrogenic Mechanism and Therapeutic Potential of a Hydrolysable Tannin Fraction from Terminalia chebula |

| | | | | | | |
|---|---|---|---|---|---|---|
| 6. | 100485/AC A14-3/2025/AC A14 | Smt. Sreena S R<br>Srivilla<br>Kozhuvalloor P.O.<br>Chengannur<br>Alappuzha<br>Pin – 689 521 | Dr. Satheesh E N<br>Research Supervisor<br>Department of Mathematics<br>Mar Thoma College Tiruvalla<br>Kuttapuzha P.O.<br>Tiruvalla | Dr. Varughese Mathew<br>Research Guide in Mathematics<br>Department of Mathematics<br>Mar Thoma College Tiruvalla<br>Kuttapuzha P.O.<br>Tiruvalla | Mathematics / Science | A STUDY ON wπgr CLOSED SETS AND SIMILAR SETS IN TOPOLOGICAL SPACES |
| 7. | 85439/AC A14-3/2025/AC A14 | Smt. Parvathy Haridas<br>Puthrasseril<br>Edayirickapuzha P.O.<br>Kangazha<br>Kottayam – 686 541 | Dr. Shery Fernandez<br>Research Guide<br>Department of Mathematics<br>St. Albert's College<br>Ernakulam | Nil | Mathematics / Science | A STUDY OF HESITANCY FUZZY GRAPHS AND ITS APPLICATIONS |
| 8. | 113685/AC A14-1/2025/AC A14 | Smt. Savitha V<br>Vithan (H)<br>Kotradi, Padiyotuchal P.O.<br>Payyannur<br>Kannur-670353 | Prof. (Dr.) Binu George Varghese,<br>Dean & Director,<br>School of Physical Education and Sports Sciences,<br>Mahatma Gandhi University,<br>Kottayam. | NIL | Physical Education / Physical Education and Sports Sciences | KINEMATIC ANALYSIS OF SELECTED BIOMECHANICAL PARAMETERS IN RELATION TO BALL VELOCITY OF JUMP SHOTS AMONG NATIONAL LEVEL HANDBALL PLAYERS |
| 9. | 59148/AC A14-1/2025/AC A14 | Smt. Blessy Paul P<br>Pattath House<br>P.O. Kaduppassery<br>Irinjalakuda<br>Thrissur – 680 683 | Prof. (Dr.) Cini Kurian<br>Principal,<br>Al-Ameen College,<br>Edathala,<br>Aluva. | NIL | Computer Science / Science | An Extensible Model for Intelligent Question Generation and Evaluation in OBE Framework using NLP |
| 10. | 117614/AC A15-1/2025/AC A15 | Smt. Amal Sharin T J<br>Chavara(H)<br>Villoonni P.O<br>Arpookara<br>Kottayam District<br>PIN – 686008 | Dr. Cyriac Joseph<br>Associate Professor(Rtd.) & Research Guide<br>Research and Post Graduate Department of Economics<br>Kuriakose Elias College<br>Mannanam | Nil | Economics/ Social Sciences | DETERMINANTS OF MATERNAL HEALTH CARE EXPENDITURE IN KERALA |
| 11. | 85514/AC A15-1/2025/AC A15 | Smt. Sivymol T<br>V.S Cottage<br>West Pallisserickal P.O<br>Sasthamkotta<br>Kollam – 690521 | Dr. Sivakumar M. V.<br>Director<br>Capital Centre<br>Central University of Kerala<br>Thiruvananthapuram | Nil | Political Science/ Social Sciences | IDENTITY POLITICS AND DALITS; A CASE STUDY OF KERALA DALIT PANTHERS |
| 12. | 67690/AC A14-2/2025/AC A14 | Smt. Hafiza P<br>Padinharayil (H)<br>Cheruvadi P.O.<br>Mavoor Road<br>Kozhikode 673 661 | Dr Jinsu Varghese,<br>Associate Professor,<br>Department of Zoology,<br>St. Thomas College,<br>Kozhencherry,<br>Pathanamthitta District,Kerala – 689641 | Dr. P. R Varghese,<br>Research Co-Ordinator,<br>Jubilee Centre For Medical Research,<br>Jubilee Mission Medical College & Research Institute,<br>Thrissur, Kerala – 680005 | Zoology / Science | Regulatory Effects of Sortilin and Extracellular Vesicle Trafficking in Lung Cancer Progression |

| | | | | | | |
|---|---|---|---|---|---|---|
| 13. | 85687/AC A14-3/2025/AC A14 | Smt. Saranya P V<br>Madathil Valappil<br>Vilayancode P O<br>Mandur<br>Kannur- 670504 | Dr. G Anilkumar<br>Senior Professor (Rtd)<br>School of Chemical Sciences<br>Mahatma Gandhi University<br>Kottayam | Nil | Chemistry / Science | Uncovering the Copper- and Cobalt-catalyzed strategies toward the synthesis of Nitrogen- and Sulfur-containing Heterocycles |
| 14. | 101027/AC A15-1/2025/AC A15 | Smt. Sheena B S<br>Sreevalsam<br>Vellappally Lane<br>Kottayam District<br>PIN - 686001 | Prof. Dr. Leena Mathew<br>Rtd. Professor & Research Guide<br>Research and Post Graduate<br>Department of Economics<br>Bishop Kurialacherry College for Women<br>Amalagiri P O<br>Kottayam | Nil | Economics/ Social Sciences | PROBLEMS AND PROSPECTS OF TUBER CROPS CULTIVATORS IN KERALA |
| 15. | 19907/AC A15-2/2025/AC A15 | Smt. Vijayalakshmi V<br>Maippan House<br>West Chalakkudy<br>Chalakkudy P O<br>Thrissur- 680 307 | Dr. Naveena J Narithookil<br>Assistant Professor in Hindi, BCM College,Kottayam<br>Research Supervisor, Research Centre and Post Graduate<br>Department of Hindi<br>St. Thomas College, Palai | Nil | Hindi/ Language & Literature | Katyayani Ki Kavitavom Mein Paristhitik Narivimarsh |
| 16. | 35754/AC A15-1/2025/AC A15 | Smt. Karthika K<br>Kausthubham<br>Perumpilly P O<br>Mulanthuruthy<br>Ernakulam<br>PIN 682314 | Dr. Nirmala Padmanabhan<br>Research Guide<br>Department of Economics and Center for Research<br>St. Teresa's College<br>Ernakulam | Nil | Economics/ Social Sciences | UNPAID CAREGIVERS OF CANCER PATIENTS : A STUDY OF HOME BASED PALLIATIVE CARE IN KOZHIKODE |
| 17. | 85260/AC A14-1/2025/AC A14 | Sri. Pranav George<br>Thottian (H)<br>Chettiparambu<br>Irinjalakuda P.O<br>Thrissur<br>PIN- 680 121 | Dr. Saritha A C<br>Professor<br>School of Pure and Applied Physics,<br>Mahatma Gandhi University,<br>Kottayam. | Dr. Ajith R<br>Assistant Professor,<br>Department of Physics,<br>Christ College,<br>Irinjalakuda. | Physics / Science | A Theoretical Study on Whispering Gallery Mode Microresonators for Sensing Applications |
| 18. | 83964/AC A14-1/2025/AC A14 | Smt. Mary Linsa K S<br>Kaithakkal House<br>S.L. Puram P.O.<br>Alappuzha<br>PIN- 688 523 | Dr. Sajeev U.S<br>Professor,<br>Department of Physics,<br>Government College,<br>Kottayam | Nil | Physics / Science | INVESTIGATIONS ON THE CONTROL OF STRUCTURAL AND PHYSICAL PROPERTIES OF NANOSTRUCTURES BASED ON CONDUCTIVE POLYMERS AND THEIR COMPOSITES |
| 19 | 8676/AC A15-2/2025/AC A15 | Smt. Heba Thankam Varghese<br>Elemplavil,<br>Bharanicavu,<br>Pallikal P O,<br>Kayamkulam<br>Pin 690503 | Dr. Aleena Manoharan<br>Assoc. Professor & Research Guide<br>Department of English<br>CMS College, Kottayam-686 001 | Nil | English/ Language & Literature | Imagining the Diasporic Self: A Study of Gulf-Kerala<br>Labour Migration in Literary and Cinematic Representation |

| | | | | | | |
|---|---|---|---|---|---|---|
| 20 | 90352/AC A15-1/2025/AC A15 | Smt. Ayana Antony<br>Kattiparambil House<br>Chirakkal<br>Mundamveli P O<br>Kochi – 682507 | Prof. Vinodkumar Kallolickal<br>Faculty and Research Guide<br>Department of History<br>Maharaja's College<br>Ernakulam | Nil | History/ Social Sciences | From Botanists to Healers: Portuguese Health Interventions in Medieval Kerala |
| 21 | 148106/AC A15-2/2024/AC A15 | Smt. Silja Roy<br>Thukalan (H),<br>Thiruvankulam P O,<br>Ernakulam<br>Pin 682 305 | Dr. R. Anitha<br>Research Guide<br>Principal<br>DB College,<br>Thalayolaparambu<br>PIN- 686605 | Nil | English/ Language & Literature | Literary Cartography in Territorial Dialectics: A Geocritical Analysis of Select Textual Representations of Fort Kochi |
| 22 | 89135/AC A15-3/2025/AC A15 | Sri. Philip Sam Tharakan<br>Ayyakavil (H)<br>Ayroor North<br>Tiruvalla<br>Pathanamthitta- 689612 | Prof. (Dr.) M Geetha<br>Professor & Research Guide<br>Post Graduate and Research Development of Commerce<br>The Cochin College<br>Kochi- 2 | Nil | Commerce / Commerce | Role of Strategic Leadership Practices in Crisis Management among Small and Medium Enterprises in Kerala |
| 23 | 89189/AC A15-3/2025/AC A15 | Sri. Shanmughadas K G<br>Kalangara House<br>Peechanickadu<br>Puliyanam PO<br>Angamaly<br>Ernakulam- 683572 | Prof. (Dr.) Anitha M N<br>Professor & Research Supervisor<br>PG and Research Department of Commerce<br>Maharaja's College<br>Ernakulam- 682011 | Nil | Commerce / Commerce | INFLUENCES OF WORKPLACE SPIRITUALITY ON EMPLOYEE OUTCOMES: A STUDY AMONG EMPLOYEES OF HEALTHCARE SECTOR IN KERALA |
| 24 | 73390/AC A14-3/2025/AC A14 | Smt. Athira Divakaran<br>Maroorthekkethil (H)<br>Pachady P.O.<br>Nedumkandam<br>Idukki<br>Pin – 685 553 | Dr. Latha S Nair<br>Associate Professor & Research Guide<br>PG & Research Department of Mathematics<br>Mar Athanasius College (Autonomous)<br>Kothamangalam | Nil | Mathematics / Science | STUDIES ON THE MAKER-BREAKER DOMINATION GAME |
| 25 | 30251/AC A15-2/2025/AC A15 | Smt. Diya Jose<br>Kizhakkekara<br>Jose Vilasom<br>Narickal P O,<br>Punalur<br>Kollam<br>Pin 691322 | Dr. Ratheesh Kumar A<br>Research Guide<br>Post Graduate and Research Department of English<br>Mar Thoma College,<br>Thiruvalla | Nil | English/ Language & Literature | Tracing the Discursive Paradigms of Narcoculture:<br>An Analysis of Select Narratives |
| 26 | 101642/AC A14-3/2025/AC A14 | Jayasree Thomas<br>Kalapurackal (H)<br>Edathua P.O.<br>Edathua<br>Alappuzha<br>Pin – 689 573 | Dr. Antony Mathews<br>Associate Professor of Mathematics<br>St.Berchmans College<br>Changanassery<br>Pin: 686 101<br>Kottayam (Dist.), Kerala | Nil | Mathematics/ Science | A STUDY ON THE AXIOMATIC CHARACTERISATION OF THE CENTER FUNCTION AND THE RELAXED EQUIDISTANT FUNCTION ON GRAPHS |
| 27 | 83539/AC A14-1/2025/AC A14 | Smt. Alphonsa Paul<br>Thottam (H)<br>Elanji P.O<br>Ernakulam<br>PIN- 686 665 | Dr. Tina Sebastian<br>Associate Professor,<br>Department of Physics,<br>Maharaja's College (Autonomous),<br>Ernakulam. | Nil | Physics / Science | Integrating Nanomaterials in Photoanode Design for Enhanced Dye-Sensitized Solar Cell Performance |

| | | | | | | |
|---|---|---|---|---|---|---|
| 28 | 85489/AC A15-1/2025/AC A15 | Sri. Ashar S<br>Villikulathu (H)<br>Karukone P.O<br>Anchal<br>Kollam - 691306 | Dr. Sivakumar M. V.<br>Director<br>Capital Centre<br>Central University of Kerala<br>Thiruvananthapuram | Nil | Political Science/ Social Sciences | POLITICAL PARTICIPATION AND DEMOCRATIC REPRESENTATION OF DIFFERENTLY-ABLED PEOPLE IN KERALA: A STUDY OF LOCAL SELF-GOVERNMENTS IN KOLLAM DISTRICT |
| 29 | 8317/AC A15-2/2025/AC A15 | Smt. Akshaya T S<br>Thekkedath(H)<br>Kandamkulam P O<br>Methala<br>Thrissur-680 669 | Dr. V P Markose<br>Professor & Research Guide( Rtd. )<br>Department of Malayalam<br>U C College<br>Aluva- 683102 | Nil | Malayalam/ Language & Literature | പാഠപുസ്തകങ്ങളിലെ സ്ത്രീസ്വത്വനിർമ്മിതി - കേരള സ്കൂൾ പാഠ്യപദ്ധതിയിലെ പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠനം |
| 30 | 117704/AC A15-1/2025/AC A15 | Sri. Firosekhan S N<br>Kizhakkathil Veedu<br>Cheruvally<br>Pothencode<br>Santhigiri P.O<br>Trivandrum - 695589 | Prof. Dr. Joby Verghese<br>Professor & Research Guide<br>Research Department of Political Science<br>Maharaja's College<br>Ernakulam | Nil | Political Science/ Social Sciences | PARADIGMS IN CONFLICT : THE SUPREME COURT VERDICTS AND PERSONAL LAW IN INDIA |
| 31 | 109593/AC A14-1/2025/AC A14 | Smt. Fency Sunny<br>Payickadu<br>Kodinattukunnu<br>Thrikodithanam P O<br>Changanaserry<br>PIN- 686 105 | Dr. Nandakumar Kalarikkal<br>Senior Professor (Rtd.)<br>School of Pure and Applied Physics,<br>Mahatma Gandhi University,<br>Kottayam | Dr. Subila K.B<br>Assistant Professor,<br>School of Chemical Sciences,<br>Mahatma Gandhi University,<br>Kottayam,<br>Kerala-686 560 | Physics (Nanoscience) / Science | CATION ENGINEERING IN HALIDE PEROVSKITES: AN INTEGRATED EXPERIMENTAL AND COMPUTATIONAL APPROACH |

**ഇനംനമ്പർ: ഒ.എ്.03/26.03/140293/EBOQPM-1/2024 സർവ്വകലാശാലാ പരീക്ഷകൾക്ക് വേണ്ടിയുള്ള ചോദ്യ ബാങ്ക് രൂപീകരണം - സർവ്വകലാശാല ഉത്തരവ് നമ്പർ 472/EBOQPM1-1/2026/MGU തീയതി 15.01.2026 പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാല ഉത്തരവ് നമ്പർ:472/EBOQPM 1-1/2026/MGU തീയതി: 15.01.2026 താഴെ പറയുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

ഓരോ കോഴ്സ് കോഡിനും നിശ്ചയിച്ചിട്ടുള്ള കൺവീനർ/കോർഡിനേറ്റർ-ക്ക് ഒരു കോഴ്സ് കോഡിന്റെ ചോദ്യബാങ്ക് തയ്യാറാക്കുന്നതിനും Distribution സെറ്റ് ചെയ്യുന്നതിനും ഉൾപ്പെടെ, 150 ചോദ്യങ്ങൾക്ക് വരെ 1000 (ആയിരം രൂപ മാത്രം) രൂപയും, ബാക്കി ചോദ്യങ്ങൾക്ക് ഒരു ചോദ്യത്തിന് 5/- രൂപ എന്ന നിരക്കിലും പ്രതിഫലം നൽകാവുന്നതാണ്. ടി പ്രതിഫലം കണക്ക് കൂട്ടുമ്പോൾ decimal സംഖ്യ വരുമ്പോൾ Round up ചെയ്യുകയാണോ അതോ Round down ചെയ്യുകയാണോ വേണ്ടത് എന്നത് സംബന്ധിച്ച് Kerala Financial Code-ൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധന പാലിക്കേണ്ടതാണ്.

**ഇനംനമ്പർ: ഒ.എ.04/26.03/26844/DSW 1/2026** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2024-25) ന്റെ ആഭിമുഖ്യത്തിൽ തിരുവല്ലയിൽ വച്ച് ഫെബ്രുവരി 27 മുതൽ മാർച്ച് 05 വരെ 'സർവകലാശാലാ കലോത്സവം 2026' നടത്തിപ്പിന്റെ ചെലവിലേയ്ക്കായി അനുവദിച്ച താൽക്കാലിക മുൻകൂർ തുക 50,00,000/- രൂപയുടെ ക്രമീകരണവും, അധികമായി ചെലവഴിച്ച തുക തിരികെ നൽകുന്നതും സംബന്ധിച്ച് :-**

1) സർവകലാശാലാ യൂണിയൻ 2024-25 ന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 27 മുതൽ മാർച്ച് 5 വരെ തീയതികളിൽ തിരുവല്ലയിൽ വെച്ച് 'സർവകലാശാലാ കലോത്സവം-2026' സംഘടിപ്പിക്കുന്നതിനായി സർവകലാശാലയിൽ നിന്നും അനുവദിച്ച 50,00,000/- രൂപയും (അൻപതുലക്ഷം രൂപ മാത്രം), സ്റ്റാളുകൾ നടത്തുവാൻ അനുമതി നൽകിയതിലൂടെ ലഭിച്ച 2,00,000/- രൂപയുമടക്കം (രണ്ടു ലക്ഷം രൂപ മാത്രം) ആകെ വരവ് 52,00,000/- രൂപ (അമ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) ആയി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

2) സർവകലാശാലാ കലോത്സവം-2026-ന്റെ ആകെ ചെലവ് 65,35,588/- രൂപ (അറുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തയ്യായിരത്തി അഞ്ഞൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) ആയി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

3) അധികമായി ചെലവഴിച്ച 13,35,588/- രൂപ (പതിമൂന്നു ലക്ഷത്തി മുപ്പത്തയ്യായിരത്തി അഞ്ഞൂറ്റെൺപത്തെട്ടു രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

4) കലോത്സവത്തിനായി അനുവദിച്ച തുകയിൽ ബാക്കി നൽകാനുള്ള 25% ആയ 12,50,000/- രൂപ (പന്ത്രണ്ടുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

5) കലോത്സവം നടത്തുന്നതിനായി, സർവകലാശാലാ ഉത്തരവ് നം. 1081/AD A5/2025/MGU തീയതി 02/02/2026 പ്രകാരം DSW വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിൽ അനുവദിച്ച 50,00,000/- രൂപ (അൻപതുലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷ ബജറ്റിലെ '22 402 61 (a) - University Union activities' എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.05/26.03** **ആർ.എൽ.വി. കോളേജ് ഓഫ് ഫൈൻ ആർട്സ് ആൻഡ് മ്യൂസിക്, തൃപ്പൂണിത്തുറ - ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - പ്രിൻസിപ്പലിന്റെ അപേക്ഷയിന്മേലുള്ള റിപ്പോർട്ട് - അംഗീകരിക്കുന്നത് - സംബന്ധിച്ച്.**

സിൻഡിക്കേറ്റ് അംഗം ഡോ. സുജ ടി വി സമർപ്പിച്ച 07.04.2026-ലെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ശിപാർശകൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.06/26.03/16624/AC B5-2/2025** **അസോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റം - ഡോ. രാജു ജേക്കബ് (Rtd.) - ന്യൂമാൻ കോളേജ്, തൊടുപുഴ - സെലക്ഷൻ കമ്മിറ്റി അനുവദിക്കുന്നത് - സംബന്ധിച്ച്.**

09.02.2026-ൽ നടന്ന സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-അപ്രൂവലിൽ ഇനം നം.16624/AC B5-2/2025 പ്രകാരം എടുത്ത തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.07/26.03/107524/CDOE 1-3/2024** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ - ഓൺലൈൻ പ്രോഗ്രാമുകളുടെ ഡിജിറ്റൽ മാർക്കറ്റിംഗ് - Concept Communication-ന് നൽകേണ്ട തുക - സംബന്ധിച്ച്**

പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. ബിജു തോമസ്, ഡോ. ആർ. വാസന്തഗോപാൽ എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.08/26.03** Standard Operating Procedure (SOP for Autonomous Colleges Affiliated to Mahatma Gandhi University - **അംഗീകാരം നൽകുന്നത് - സംബന്ധിച്ച്**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-അഫിലിയേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.09/26.03** **സർവ്വകലാശാലയിലെ ടെലിഫോൺ എക്സ്ചേഞ്ച് സംവിധാനം – കാൾ സെന്റർ, സ്റ്റുഡന്റ് സർവ്വീസ് ഡെസ്ക് എന്നിവയുടെ പ്രവർത്തനം – റിപ്പോർട്ട് സംബന്ധിച്ച്**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി–പ്ലാനിംഗ് & ഡവലപ്മെന്റിന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.10/26.03** **ഗ്രാജ്വേറ്റ് സ്കൂൾ വിദ്യാർത്ഥിനികൾക്ക് വേണ്ടി ഏർപ്പെടുത്തിയ ഹോസ്റ്റലുമായി ബന്ധപ്പെട്ട കരാർ പുതുക്കുന്നതും, വാടക തുകയുടെ പകുതി തുക അനുവദിച്ച് നൽകുന്നതും – സംബന്ധിച്ച്:-**

ഗ്രാജ്വേറ്റ് സ്കൂളിലെ വിദ്യാർത്ഥിനികളുടെ താമസ സൗകര്യത്തിന് ഉപയോഗിക്കുന്ന ഹോസ്റ്റലിന്റെ വാടകയിനത്തിൽ, 11 മാസത്തെ വാടകയുടെ പകുതി തുകയായ ₹5,51,650/- (GST ഉൾപ്പടെ) സർവ്വകലാശാലയുടെ 2026-27 സാമ്പത്തിക വർഷ ബജറ്റിലെ "22 339 05 Rent Rates Tax and Insurance" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി, ഗ്രാജുവേറ്റ് സ്കൂൾ ഡയറക്ടറുടെ എസ്.ബി.ഐ. എം. ജി. യൂണിവേഴ്സിറ്റി ക്യാമ്പസ് ബ്രാഞ്ചിലെ "43086189804" അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു. കൂടാതെ, കെട്ടിട ഉടമയായ ശ്രീ. ടിബിൻ മാത്യുവുമായുള്ള വാടക കരാർ 28.04.2026 മുതൽ 11 മാസത്തേയ്ക്ക് കൂടി പുതുക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.11/26.03** **IIRBS, IMPSS, Graduate School എന്നിവിടങ്ങളിലേക്ക് നിയോഗിച്ചിട്ടുള്ള കരാർ അദ്ധ്യാപകരുടെ (അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട്) സേവനം സമ്മർ വെക്കേഷൻ കാലത്ത് ലഭ്യമാക്കുന്നത് – സംബന്ധിച്ച്:-**

ഗ്രാജ്വേറ്റ് സ്കൂൾ വിജ്ഞാപനം ചെയ്തിട്ടുള്ള രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായി ടി പരീക്ഷകളുടെ ഫലം പ്രഖ്യാപിക്കുന്നതിനും അദ്ധ്യാപകരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ, ഗ്രാജ്വേറ്റ് സ്കൂൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസേർച്ച് ഇൻ ബേസിക് സയൻസസ് (IIRBS), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ് (IMPSS) എന്നിവിടങ്ങളിലേക്ക് നിയോഗിച്ചിട്ടുള്ള കരാർ അദ്ധ്യാപകരെ (അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട്) 17.04.2026 മുതൽ ഒരു മാസത്തേക്ക് കൂടി നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.12/26.03** **വിദ്യാർത്ഥികൾക്കായി ബാഡ്മിന്റൺ കോർട്ട് സ്ഥാപിക്കുന്നതു വരെ സർവ്വകലാശാലയിൽ നിലവിലുള്ള ഇൻഡോർ ബാഡ്മിന്റൺ കോർട്ട് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നത് – സംബന്ധിച്ച്.**

01.04.2026 തീയതിയിലെ രജി.29/3/2026 നമ്പർ കുറിപ്പ് പ്രകാരം രജിസ്ട്രാർ സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനും, വിദ്യാർത്ഥികൾക്ക് ബാഡ്മിന്റൺ കോർട്ട് പ്രയോജനപ്പെടുത്തുന്നതിനായി ഒരാൾക്ക് മാസം 100 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും, തദനുസരണം 16.09.2025 തീയതിയിലെ 8663/Estate 2/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവ് ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.13/26.03/1041/IQAC-2/2026** **'22 418 49 - Mobility Fund for Researchers' എന്ന ഹെഡ് ഓഫ് അക്കൗണ്ട് – ധനവിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നത് – സംബന്ധിച്ച്.**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി–റിസർച്ച് & ഡവലപ്മെന്റിന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.14/26.03/115608/AD A2-1/2023** **ശ്രീമതി രശ്മി എസ്.എസ്, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ്ബയോസയൻസസ്- അനധികൃതമായി ജോലിയിൽ ഹാജരാകാത്തതിനാൽ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തത്- സസ്പെൻഷൻ കാലാവധി നീട്ടിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് .**

അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനാൽ, 14.08.2025 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം 20.08.2025 തീയതി മുതൽ അന്വേഷണ വിധേയമായി സസ്പെൻഷനിലുള്ള സ്കൂൾ ഓഫ്ബയോസയൻസസിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി രശ്മി എസ്. എസ്.-ന്റെ സസ്പെൻഷൻ കാലാവധി, മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 4, പാർട്ട് III, സ്റ്റാറ്റ്യൂട്ട് 29.(3)(b) പ്രകാരം മൂന്ന് മാസത്തേക്ക് കൂടി നീട്ടുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.15/26.03/AdAII/3/3157/2006** **Hon'ble High Court Judgment in WP(C) No. 35420/2017 regarding the Career Advancement Scheme (CAS) promotion and counting of prior service of Dr. Antony S., Associate Professor, School of Pure and Applied Physics - Reg.**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-സ്റ്റാഫ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.16/26.03/35112/AC A2-1/2025** **ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2000 ജൂലൈ സെഷൻ - ഇന്ദു കെ എസ് - ഗവേഷണ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടിരിക്കെ 06.02.2026 ലെ സ.ഉ.നം. 1287/AC A10/2026/MGU പ്രകാരം പ്രബന്ധ സമർപ്പണത്തിനു നൽകിയ സമയപരിധിയിലും പ്രബന്ധം സമർപ്പിക്കാത്തതിനാൽ മൂന്നു മാസത്തെ ദീർഘിപ്പിക്കൽ കൂടി അനുവദിക്കുന്നത് സംബന്ധിച്ച്.**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി- റിസർച്ച് & ഡവലപ്മെന്റിന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.17/26.03/4484/P&D 2-1/2026** **സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫസർ ഡോ.രാധാകൃഷ്ണൻ ഇ.കെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ റിസർച്ച് പ്രോജക്ടിന്റെ ഭാഗമായി ANERT, തിരുവനന്തപുരവും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫസർ ഡോ. രാധാകൃഷ്ണൻ ഇ കെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ "Development and Optimisation of Technologies for Enhanced and Sustainable in-situ Biodiesel Production from Oleaginous Microbes- Phase 1 (Maximisation of lipid production)" എന്ന പ്രോജക്ടിന്റെ ഭാഗമായി ANERT, തിരുവനന്തപുരവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.18/26.03/19926/CD 1-2/2026** **നാലു വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സേവനങ്ങൾ നൽകുന്നതിനായി Internify powered by Qelora Technologies Pvt. Ltd. എന്ന സ്ഥാപനവുമായി യൂണിവേഴ്സിറ്റി പെർഫോമൻസ് ബോണ്ട് എഗ്രിമെന്റിൽ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അംഗീകാരം നൽകുന്നതിനെ സംബന്ധിച്ച്:**

പെർഫോമൻസ് ബോണ്ട് എഗ്രിമെന്റിന്റെ കരടിൽ നിയമോപദേശ പ്രകാരം നടത്തുന്ന തിരുത്തലുകൾ തൃപ്തികരമാണെങ്കിൽ എഗ്രിമെന്റ് execute ചെയ്യുന്നതിനും, IPO പട്ടികയിൽ പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.19/26.03/70593/SF 1-2/2025** **സർവകലാശാല മുൻപ് നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനമായ STAS പുല്ലരിക്കുന്നിൽ സർവകലാശാല ഇൻസ്പെക്ഷൻ ടീം നടത്തിയ പരിശോധന - റിപ്പോർട്ട് - സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

STAS, പുല്ലരിക്കുന്നിൽ സർവകലാശാല ഇൻസ്പെക്ഷൻ ടീം നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട് രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ട്, CPAS കോടതിയലക്ഷ്യ കേസുകളും കരാറും മറ്റനുബന്ധ കാര്യങ്ങളും സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള സിൻഡിക്കേറ്റുതല സമിതിയുടെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.20/26.03/74388/DASP-3/2025** **DASP ന്റെ അക്കാദമിക് പാർട്നർ ആകുന്നതിന് ശുപാർശ ചെയ്യപ്പെട്ട ഏഴ് കോളേജുകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള അംഗീകാരം തേടുന്നത് സംബന്ധിച്ച്.**

DASP-ന്റെ അക്കാദമിക് പാർട്നർ ആകുന്നതിന് അസ്സെസ്സ്മെന്റ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള താഴെ പറയുന്ന 7 കോളേജുകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് തീരുമാനിച്ചു.

1. St. George's College, Aruvithura.
2. MES T.O Abdulla Memorial College, Kunnukara.
3. Newman College, Thodupuzha.
4. St. Teresa's College, Ernakulam.
5. CMS College, Kottayam.
6. Bishop Chulaparambil Memorial College, Kottayam.
7. National College for Teacher Education, Ernakulam.

**ഇനംനമ്പർ: ഒ.എ.21/26.03** **ഗവേഷണ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി (Centre for Excellence) മാറ്റുന്നത് - സിൻഡിക്കേറ്റുതല സമിതി രൂപീകരിക്കുന്നത് - സംബന്ധിച്ച്.**

ഗവേഷണ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി (Centre for Excellence) അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. സുമേഷ് എ. എസ്, ഡോ. റോബിനറ്റ് ജേക്കബ്, ഡോ. ബാബു മൈക്കിൾ, ഡോ. പ്രമോദ് ഗോപിനാഥ് എന്നിവരടങ്ങുന്ന ഒരു സിൻഡിക്കേറ്റുതല സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.22/26.03/1739/AD A7-1/2026** **സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)-ലെ ടെക്നിക്കൽ അസിസ്റ്റന്റ് (LC-MS/MS) എന്ന താത്കാലിക തസ്തികയിലേയ്ക്ക് നിയോഗം നടത്തുന്നതിനായി പുറപ്പെടുവിക്കേണ്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ട പ്രായപരിധി, സംവരണ വ്യവസ്ഥ എന്നിവ ഭേദഗതി ചെയ്യുന്നത് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, അനുച്ഛേദം 10 (17) അനുശാസിക്കുന്ന അധികാരം വിനിയോഗിച്ച് വൈസ് ചാൻസിലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)-ലെ ടെക്നിക്കൽ അസിസ്റ്റന്റ് (LC-MS/MS) എന്ന താത്കാലിക തസ്തികയിലേയ്ക്ക് നിയോഗം നടത്തുന്നതിനായി പുറപ്പെടുവിക്കേണ്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ട പ്രായപരിധി, സംവരണവ്യവസ്ഥ എന്നിവ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഭേദഗതി ചെയ്ത് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.03.2026 തീയതിയിലെ 2660/ADA7/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ്.23/26.03/28319/AC A1-2/2026** **Cultural Activities ഫീസ് അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

എല്ലാ വകുപ്പുകളിലും/സ്കൂളുകളിലും/കേന്ദ്രങ്ങളിലും, മുഴുവൻ സമയ റഗുലർ പിഎച്ച്ഡി വിദ്യാർത്ഥികൾ ഉൾപ്പെടെ, 2026-2027 അധ്യയന വർഷം മുതൽ ക്യാമ്പസിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ വികസനത്തിനായി ഓരോ വിദ്യാർത്ഥിക്കും ₹150/- എന്ന നിലയിൽ Cultural Activities ഫീസ് ഈടാക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 30.03.2026 തീയതിയിലെ 3486/ACA1/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: ഒ.എ്.24/26.03/29847/ACA16-2/2026** **Medical Microbiology (Minor) - രണ്ടാം സെമസ്റ്റർ സിലബസിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ -മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

കൺവീനർ, വിദഗ്ധ സമിതി, മൈക്രോബയോളജി (UG & PG), Medical Microbiology മൈനർ സിലബസ്സിൽ രണ്ടാം സെമസ്റ്ററിലെ MG2MDCMBG102: Microbes in Daily Life, എന്ന കോഴ്സിന്റെ Course Content, End Semester Evaluation-ന്റെ പാറ്റേൺ (Theory), എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 01.04.2026 തീയതിയിലെ 3630/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: ഒ.എ്.25/26.03/15827/AC B7-2/2025** **Revision of approved fee structure of the Dual Master's Degree Programme in Journalism & Mass Communication conducted by St. Teresa's Autonomous College, Ernakulam in collaboration with Leeds Beckett University, UK - Approval of revised fee structure based on Committee recommendation - Orders issued by Vice Chancellor - Reg**

The Vice-Chancellor, by exercising the powers of the Syndicate under Section 10(17), Chapter III of the Mahatma Gandhi University Act, 1985, accorded sanction to revise the fee structure of the Dual Master's Degree Programme in Journalism & Mass Communication conducted by St. Teresa's Autonomous College, Ernakulam in collaboration with Leeds Beckett University, United Kingdom, subject to the following conditions:

1. The total fee for the St. Teresa's College component shall be ₹2,90,000 (Rupees Two Lakh Ninety Thousand only).
2. The revised fee shall be implemented strictly in accordance with the Mahatma Gandhi University Regulations for Academic Collaboration with Foreign Higher Educational Institutions, 2022.
3. The College shall ensure transparency in fee collection and adherence to all norms and regulations of the University.
4. All other conditions stipulated in the University Order No. 69/AC B7/2026/MGU dated 03.01.26 shall remain unchanged.

The action of the Vice Chancellor by exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985 and the issuance of U.O.No. 3551/ACB7/2026/MGU dated 31.03.2026 was reported to the Syndicate.

**ഇനംനമ്പർ: ഒ.എ.26/26.03/67799/AC A3-1/2025** **B.Ed പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് മൾട്ടിപ്പിൾ ഡിസബിലിറ്റി, ഇന്റലക്ച്വൽ ഡിസബിലിറ്റി, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ എന്നീ ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് PD കാറ്റഗറി സംവരണം അനുവദിക്കണമെന്ന ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

Multiple disability/intellectual disability/autism spectrum disorder വിഭാഗങ്ങളിലെ ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക്, സർവകലാശാലയിൽ, B.Ed പ്രവേശനത്തിന് PD കാറ്റഗറിയിൽ സംവരണം അനുവദിച്ച് പ്രവേശനം നല്കാവുന്നതാണെന്ന ഡോ. പി ടി ബാബുരാജ്, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ, IUCDS ഡയറക്ടർ-ന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 10.03.2026 തീയതിയിലെ 2545/AC A3/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.27/26.03/33000/SF 1-3/2023** **Self Financing Institutions formerly run by Mahatma Gandhi University- Compliance of the Order dated 14.10.2022 of the Hon'ble High Court of Kerala in IA No. 1&2 of 2022 in Contempt Case (C) No. 658/2020 filed by Sri Anilkumar V V and others –Releasing of eligible benefits to the legal heirs of Late Sri. Suresh Babu P – sanctioned under Chapter III, Section 10(17) of MGU Act 1985- Reported to the Syndicate.**

The action taken by the Vice Chancellor, by exercising powers under Chapter III, Section 10(17) of the MGU Act 1985, approving the amount of ₹11,54,600/-. (Rupees Eleven lakh fifty-four thousand six hundred only) as arrears of salary/wages admissible to Late Sri. Suresh Babu P for the period from 01.07.2017 to 31.05.2019, to Smt. C K Retnamma , the lawful heir and wife of Late Sri. Suresh Babu P and the U.O No. 2746/SF 1/2026/MGU dated 13.03.2026 issued to this effect was reported to the Syndicate.

**ഇനംനമ്പർ: ഒ.എ.28/26.03/91906/AC A7-3/2025** **സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് - 2026-2027 അദ്ധ്യയന വർഷത്തേയ്ക്ക് എരുമേലി MES കോളേജിൽ BSc (Hons) Artificial Intelligence and Data Science എന്ന പുതിയ പ്രോഗ്രാമിന്റെ അപേക്ഷയിന്മേൽ നിയമിതയായിരുന്ന Subject Expert നെ മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൻമേൽ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2026-27 അധ്യയന വർഷത്തിലേക്ക എരുമേലി MES കോളേജിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായുള്ള അപേക്ഷ പ്രകാരം, സർവകലാശാല ഉത്തരവ് നമ്പർ 2766/ACA 7/2026/എം.ജി.യു, തീയ്യതി 13.03.2026 പ്രകാരം പരിശോധന സമിതികളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം എരുമേലി MES കോളേജിൽ BSc (Hons) Artificial Intelligence and Data Science എന്ന പുതിയ പ്രോഗ്രാമിന് subject expert ആയി നിയമിതനായ Dr.Binu Thomas, Marian College Kuttikkanam -നെ നേരിട്ട് ബന്ധപ്പെടാൻ സാധിക്കുന്നില്ലെന്നു കാണിച്ചുകൊണ്ട് കോളേജ്

പ്രിൻസിപ്പൽ 25.03.2026 തീയ്യതിയായി സർവകലാശാലയെ അറിയിച്ചുകൊണ്ട് കത്തയച്ചരുന്നു. തുടർന്ന്, പരിശോധന സമിതിയെ മാറ്റി Dr. Rajimol A, Marian college Kuttikkanam-യെ നാമനിർദ്ദേശം ചെയ്തുകൊണ്ട്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 01.04.2026 തീയതിയിലെ 3601/AC A7/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.29/26.03/97072/AC A12-3/2025 എം.എഡ്. സയൻസ് പ്രോഗ്രാം പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോഗ്രാം വൈസ് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി Ms. Athira K Rajan സമർപ്പിച്ച അപേക്ഷ - അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും അനുസൃതമായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:**

യൂണിവേഴ്സിറ്റി ഓഫ് മുംബൈയിൽ നിന്നും ബി.എസ്.സി, എം.എസ്.സി ബോട്ടണി, ബി.എഡ്. സയൻസ് ആൻഡ് മാത്തമാറ്റിക്സ് പ്രോഗ്രാമുകൾ പൂർത്തിയാക്കിയ Ms. ആതിര കെ രാജൻ, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എം.എഡ്. സയൻസ് പ്രോഗ്രാം പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോഗ്രാം വൈസ് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു.

16.02.2026 ലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി "Recommended to issue programme wise eligibility certificate to Ms Athira K Rajan for admission to M.Ed. Science Stream in the Academic Year 2025-26." എന്ന് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിക്കുകയും ചെയ്തു.

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 10.03.2026 തീയതിയിലെ 2539/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.30/26.03/28464/AC A12-2/2026 എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 - Business Law and Management (Minor) - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധിസർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

26.03.2026 തീയതിയിൽ Accounting and Banking വിദഗ്ദ്ധ സമിതിയുടെ കൺവീനർ, Business Law and Management (Minor) ന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Business Regulatory Framework (MG2MPCBLM100) എന്ന കോഴ്സിന്റെ Mode of Assessment-ൽ Continuous Comprehensive Assessment (CCA), End Semester Evaluation (ESE) എന്നിവയിൽ - Theory, Practicum (Both) എന്നത് Theory ആയി മാറ്റുന്നതിനും, CCA, ESE മാർക്കുകൾ പരിഷ്കരിക്കുന്നതിനും ശിപാർശ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 06.04.2026 തീയതിയിലെ 3654/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.31/26.03/66462/ACA12-3/2025** **Bachelor of Physical Education and Sports, Master of Physical Education and Sports പ്രോഗ്രാമുകൾ പ്രൊഫഷണൽ കോഴ്സുകൾ ആണോയെന്നതിൽ വ്യക്തത സംബന്ധിച്ച് - അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും അനുസൃതമായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:**

Bachelor of Physical Education & Sports (BPES) പ്രോഗ്രാമിന്റെ റിസൾട്ട് നോട്ടിഫിക്കേഷനിലെ റീ വാല്യൂവേഷൻ, സ്ക്രൂട്ടിനി - ഫീസ് എന്നിവയെല്ലാം നോൺ പ്രൊഫഷണൽ കോഴ്സിന് സമാനമായാണ് ഉൾപെടുത്തിയിരിക്കുന്നത് എന്നും ഗ്രേസ് മാർക്ക് വിതരണത്തിനായി ടി പ്രോഗ്രാം പ്രൊഫെഷണൽ കോഴ്സ് ആണോ അതോ നോൺ പ്രൊഫഷണൽ കോഴ്സ് ആണോയെന്നതിൽ വ്യക്തത വരുത്തി നൽകണമെന്നും പരീക്ഷാ വിഭാഗത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.

വിഷയം പരിഗണിച്ച 16.02.2026 ലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി "Recommended to classify BPES and MPES programmes as Professional Courses." എന്ന് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തു.

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 11.03.2026 തീയതിയിലെ 2575/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.32/26.03/107663/AC A12-3/2025** **എം.എഡ്. ഇംഗ്ലീഷ് പ്രോഗ്രാം പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോഗ്രാം വൈസ് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി ശ്രീ ക്ലെമന്റ് തോമസ് സമർപ്പിച്ച അപേക്ഷ - അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും അനുസൃതമായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:**

ബെംഗളൂരു യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ., ബി.എഡ്. പ്രോഗ്രാമുകൾ പൂർത്തിയാക്കിയ ശ്രീ ക്ലെമന്റ് തോമസ്, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എം.എഡ്. ഇംഗ്ലീഷ് പ്രോഗ്രാം പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോഗ്രാംവൈസ് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു.

വിഷയം പരിഗണിച്ച 16.02.2026 ലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി "Recommended to issue programme wise eligibility certificate to Mr Clement Thomas for admission to M.Ed. English Stream in the Academic Year 2025-26." എന്ന് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തു.

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 09.03.2026 തീയതിയിലെ 2513/ACA12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.33/26.03/47532/AC A12-2/2024** **എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 - ഇംഗ്ലീഷ് (UG) വിദഗ്ധ സമിതി കൺവീനർ സമർപ്പിച്ച മൂന്നാം സെമസ്റ്ററിലെ AEC ഇംഗ്ലീഷ് സിലബസ്- അംഗീകരിക്കുന്നതിനായി - ബി.വോക് റെഗുലേഷൻ സമിതിയുടെ ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

എം.ജി.യൂ ബി.വോക് (ഓണേഴ്സ്) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഉടൻ ആരംഭിക്കാനിരിക്കുന്നതും, മൂന്നാം സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നതിനു മുൻപ് AEC English കോഴ്സ് അംഗീകരിക്കേണ്ട അത്യാവശ്യ സാഹചര്യവും പരിഗണിച്ച്, English(UG) വിദഗ്ധ സമിതി കൺവീനർ സമർപ്പിച്ച മൂന്നാം സെമസ്റ്ററിലെ AEC English കോഴ്സായ "English for Professional Communication" ന്റെ സിലബസ് വൈസ് ചാൻസലർ 23.03.2026 തീയതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.03.2026 തീയതിയിലെ 3388/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: ഒ.എ.34/26.03/1048/AC A12-2/2026** **എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 - Banking and Financial Services - ഒന്ന് മുതൽ എട്ടുവരെയുള്ള സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധിസർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

05.03.2026 തീയതിയിൽ Accounting and Banking വിദഗ്ധ സമിതിയുടെ കൺവീനർ, Banking and Financial Services പ്രോഗ്രാമിലെ ഒന്ന് മുതൽ മൂന്നു വരെയുള്ള സെമസ്റ്ററുകളിലെ On the Job Training (MG1SDCBFS103), (MG2SDCBFS103), (MG3SDCBFS203) കോഴ്സുകളുടെ Course Outcome - ൽ PO നമ്പറും, CO- PO Articulation Matrix ഉം ഉൾപ്പെടുത്തുന്നതിനും, നാലാം സെമസ്റ്ററിലെ Summer Internship (MG4INTBFS203), 7 & 8 സെമസ്റ്ററുകളിലെ Apprenticeship (MG7APPBFS400), Research Internship (MG8RINBFS400) എന്നീ കോഴ്സുകൾക്ക് Course Outcome ഉം, CO- PO Articulation Matrix ഉം ഉൾപ്പെടുത്തുന്നതിനും ശിപാർശ നൽകിയിരുന്നു.

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.03.2026 തീയതിയിലെ 3501/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: ഒ.എ).35/26.03/60811/AcA41/M.ArchNew Syllabus approval/ASADI/2023** **2024 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വന്ന Master of Architecture (Advanced Architecture) പ്രോഗ്രാമിന്റെ സിലബസുമായി ബന്ധപ്പെട്ട് ജൂറി അധിഷ്ഠിത വിഷയങ്ങളിലെ Nomenclature സംബന്ധിച്ച് ചെയർപേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG Combined) നൽകിയ ശിപാർശകൾ – വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

2024 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വന്ന Master of Architecture (Advanced Architecture) പ്രോഗ്രാമിന്റെ സിലബസുമായി ബന്ധപ്പെട്ട് ജൂറി അധിഷ്ഠിത വിഷയങ്ങളിലെ Nomenclature സംബന്ധിച്ച് ചെയർപേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG Combined) നൽകിയ ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.03.2026 തീയതിയിലെ 3504/AC A 4/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: ഒ.എ).36/26.03/106307/AD A1-1/2024** **ജീവനക്കാര്യം – സൂപ്പർന്യൂമററി അസിസ്റ്റന്റ് തസ്തികയിൽ നിയമിതരായ ശ്രീമതി അനിത നീലകണ്ഠൻ, ശ്രീമതി സീനിയ സെബാസ്റ്റ്യൻ, എന്നിവരുടെ പെൻഷൻ പദ്ധതി- സാമൂഹ്യനീതി (ബി) വകുപ്പിൻറെ ഉത്തരവ് നമ്പർ 8/2026/SJD, തീയതി 08.03.2026 – മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3. 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടി – സർവകലാശാല സിൻഡിക്കറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

•ശ്രീമതി. അനിത നീലകണ്ഠൻ, ശ്രീമതി സീനിയ സെബാസ്റ്റ്യൻ എന്നിവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി ബാധകമാക്കുന്നതിന്

•ശ്രീമതി അനിത നീലകണ്ഠനെ 2025-26 സാമ്പത്തിക വർഷം വിരമിക്കുന്ന ജീവനക്കാരുടെ അന്തിമ വിരമിക്കൽ പട്ടികയിൽ ഉൾപ്പെടുത്തി 30.04.2025 പ്രാബല്യത്തിൽ ടിയാളുടെ വിരമിക്കൽ നടപടികൾ സ്വീകരിക്കുന്നതിന്

സൂപ്പർന്യൂമററി അസിസ്റ്റന്റ് തസ്തികയിൽ നിയമിതരായ ശ്രീമതി അനിത നീലകണ്ഠൻ, ശ്രീമതി സീനിയ സെബാസ്റ്റ്യൻ, എന്നിവരുടെ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ മേൽ ശിപാർശകൾ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.03.2026 തീയതിയിലെ 3593/ADA1/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: ഒ.എ.37/26.03/66391/AC A14-1/2025** **Smt. Lekshmi Priya R ന് "A STUDY ON POPULAR LEGAL NARRATIVES AND ITS IMPLICATIONS ON JUDICIAL INDEPENDENCE: A GENDER PERSPECTIVE" എന്ന ശീർഷകത്തിൽ Law വിഷയത്തിൽ പി.എച്ച്.ഡി. അവാർഡ് ചെയ്ത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവായത് – സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:**

Smt. Lekshmi Priya R സമർപ്പിച്ച A STUDY ON POPULAR LEGAL NARRATIVES AND ITS IMPLICATIONS ON JUDICIAL INDEPENDENCE: A GENDER PERSPECTIVE എന്ന ശീർഷകത്തിൽ ഉള്ള പ്രബന്ധത്തിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പി.എച്ച്.ഡി ബിരുദം നൽകുവാൻ വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.04.2026 തീയതിയിലെ AC A14/Ph.D/317/2026 നമ്പർ വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.38/26.03/5285/AD A1/1/2019** **ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ വൈസ് ചാൻസലറുടെ 01.04.2026 തീയതിയിലെ ഉത്തരവ് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

താഴെ പരാമർശിച്ചിരിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അനുവദിച്ചുകൊണ്ട് വൈസ് ചാൻ സലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.04.2026 -ലെ 3616/AD A1/2026/എം.ജി.യു. നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽറിപ്പോർട്ട് ചെയ്തു.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീ. സാദിക് പി. (PEN-1931, UPEN-U13192), അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -2 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.04.2026 പൂർവ്വാഹ്നം മുതൽ | ശ്രീ. ഷീജ പി.ആർ., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 3616/ADA1/2026/എം.ജി.യു. തീയതി: 01.04.2026. |

**ഇനംനമ്പർ: ഒ.എ.39/26.03/46546/AD A1-2/2025** **ശ്രീ. സുനിൽമോൻ വൈ., സെക്ഷൻ ഓഫീസറുടെ ഭാഗത്തു നിന്നുമുണ്ടായ കൃത്യ വിലോപം – 2026 മാർച്ച് 30 ന് കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – സ്റ്റാഫ് യോഗ നടപടിക്രമം – മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

EG 5 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. സുനിൽമോൻ വൈ., പി.കെ. വിഷ്ണു എന്ന വിദ്യാർത്ഥി ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച കേസുമായി ബന്ധപ്പെട്ട് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി നൽകുന്നതിൽ വീഴ്ച വരുത്തുകയും മേലധികാരികളുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്തതിനെത്തുടർന്ന് ടിയാനെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, ചാപ്റ്റർ 4, പാർട്ട് III, സ്റ്റാറ്റ്യൂട്ട് 29 പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട്, സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങളുടെ ഇനം നമ്പർ:46546/ADA 1-2/2025 പ്രകാരമുള്ള ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.04.2026 തീയതിയിലെ 3648/AD A1/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽറിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.40/26.03/16863/AC A12-3/2026 MGU B.Voc. (Honours) Fashion and Apparel Design – രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

13.02.2026 തീയതിയിൽ Creative Knowledge based Careers വിദഗ്ദ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Fashion and Apparel Design (Minor) വിഷയത്തിന്റെ രണ്ടാം സെമസ്റ്ററിലെ Fibre to Fabric എന്ന Course -ന്റെ Assessment type -ൽ ESE -യിൽ രേഖപ്പെടുത്തിയിരിക്കുന്ന Theory, Total Marks: 70, Assessment Method: Written Examination, Duration of Examination: 2 Hours, Pattern of Examination: Non-MCQ, Structure of Question Paper: Part A - 20, Part B - 10, Part C - 20, Part D - 20 എന്നിവ തിരുത്തൽ വരുത്തി Practical, Total Marks: 70 Assessment Method: Practical Examination ,Break-up of Marks: Skill Assessment - 40 Viva - 10 Record - 20 എന്ന് പരിഷ്ക്കരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.04.2026 തീയതിയിലെ 3659/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.41/26.03/28636/AC A12-1/2026 എം.എസ്.സി ബയോ-മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡം - ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് Principal, SME, Gandhinagar ൽ നിന്നും ലഭിച്ച ശിപാർശ – മഹാത്മാഗാന്ധിസർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

എം.എസ്.സി ബയോ-മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ കോഴ്സിലേക്കുള്ള യോഗ്യതാ മാനദണ്ഡം മുൻപുണ്ടായിരുന്ന തരത്തിൽ പരിഷ്കരിക്കണം എന്ന Principal, SME, Gandhinagar-ന്റെ ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ 27.03.2026 തീയതിയിൽ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 06.04.2026 തീയതിയിലെ 3669/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.42/26.03/22374/FO SECTION-ASSISTANT1/2026/FO SECTION 2025-26 സാമ്പത്തിക വർഷത്തിലെ -22 420 27 - Payment to Contingent Employees", "22 419 27 - Payment to Contingent Employees" എന്നീ ബജറ്റ് ശീർഷകങ്ങളിൽ അധിക തുക വകയിരുത്തി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് -**

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ, University Hostel for Men - "22 419 27 - Payment to Contingent Employees" എന്ന ശീർഷകത്തിൽ അധിക തുകയായി ₹2,50,000/- രൂപ കൂടി വകയിരുത്തി അടങ്കൽ തുക ₹17,50,000/- (പതിനേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ ആയും, University Hostel for Women - "22 420 27 - Payment to Contingent Employees" എന്ന ശീർഷകത്തിൽ അധിക തുകയായി ₹4,50,000/- കൂടി വകയിരുത്തി അടങ്കൽ തുക:₹44,50,000/- (നാല്പത്തി നാല് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ ആയും വർദ്ധിപ്പിക്കുന്നതിന് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.03.2026 തീയതിയിലെ 3256/FO SECTION/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.43/26.03/122360/AC A1-2/2025** **2026-2027 അദ്ധ്യയന വർഷം സർവ്വകലാശാലയിൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ 01.04.2026 തീയതി മുതൽ 5% വർദ്ധിപ്പിച്ച പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) അനുസരിച്ച്, വൈസ് ചാൻസലർ ഉത്തരവായതിൻ പ്രകാരം, ഉത്തരവ് നമ്പർ. 3614/AC A1/2026/എം.ജി.യു തീയതി 01.04.2026 പുറപ്പെടുവിച്ച വിവരം സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2026-2027 അദ്ധ്യയന വർഷം സർവ്വകലാശാലയിൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ 01.04.2026 തീയതി പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.04.2026 തീയതിയിലെ 3614/AC A1/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.44/26.03/6076/AD B6-2/2026/AD B 6** **സർവകലാശാലയിൽ FYUGP യുടെ ഭാഗമായി ഉപയോഗിച്ചുവരുന്ന QnSmart i Apllication-സോഫ്റ്റ്വെയറിനു വാർഷിക പരിപാലന കരാർ മൂന്ന് വർഷത്തേക്ക് ഏർപ്പെടുന്നത് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17)-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

QnSmart i Apllication സോഫ്റ്റ്വെയറിന്റെ വാർഷിക പരിപാലന കരാർ 01.02.2026 മുതൽ 31.01.2029 വരെ മൂന്ന് വർഷത്തേക്ക് M/s. IPSR Solutions Pvt. Ltd. എന്ന സ്ഥാപനവുമായി നികുതിയുൾപ്പെടെ 6,65,742/-(ആറ് ലക്ഷത്തി അറുപത്തയ്യായിരത്തി എഴുന്നൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) രൂപയ്ക്ക് ഏർപ്പെടുന്നതിനും കരാർ തുകയിലെ 50% തുക 3,32,871/- (മൂന്നുലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) രൂപ ടി സ്ഥാപനത്തിന്, കരാർ ഒപ്പ് വച്ചതിനു ശേഷവും, 30% തുക 1,99,723/- (ഒരുലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന് മാത്രം) രൂപ സ്ഥാപനത്തിന്റെ ഒരു വർഷത്തെ തൃപ്തികരമായ സേവനത്തിന് ശേഷവും, ബാക്കി 20% തുക 1,33,148/- (ഒരുലക്ഷത്തി മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) രൂപ രണ്ട് വർഷത്തെ സ്ഥാപനത്തിന്റെ തൃപ്തികരമായ സേവനത്തിന് ശേഷവും അനുവദിക്കുന്നതിനും, പ്രസ്തുത ചെലവ് 2025-2026 സാമ്പത്തിക വർഷത്തെ "22 101 09- Repairs & Maintenance" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നത് അനുവദിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.03.2026 തീയതിയിലെ 3584/AD B 6/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.45/26.03/123839/ACA14/2025** **Smt. Geethu Joseph ന് "MULTIFACETED CHARACTERIZATIONS OF BINARY AND TERNARY POLYANILINE NANOCOMPOSITES FOR SUPERCAPACITOR APPLICATIONS" എന്ന ശീർഷകത്തിൽ Physics വിഷയത്തിൽ പി.എച്ച്.ഡി. അവാർഡ് ചെയ്ത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവായത് - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:**

വൈസ് ചാൻസലർ, Smt. Geethu Joseph സമർപ്പിച്ച MULTIFACETED CHARACTERIZATIONS OF BINARY AND TERNARY POLYANILINE NANOCOMPOSITES FOR SUPERCAPACITOR APPLICATIONS എന്ന ശീർഷകത്തിലുള്ള പ്രബന്ധത്തിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പി.എച്ച്.ഡി ബിരുദം നൽകുവാൻ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.04.2026 തീയതിയിലെ AC A14/Ph.D/318/2026 നമ്പർ സർവ്വകലാശാല വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ.46/26.03**

**സർവകലാശാല വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ – നിലവിലുള്ള ഹോസ്റ്റലുകളുടെ മുകളിൽ താമസ സൗകര്യം ഒരുക്കുന്നത് – മീനച്ചിൽ, കബനി ഹോസ്റ്റലുകളിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് – സംബന്ധിച്ച്.**

സർവ്വകലാശാലയിൽ നിലവിലുള്ള ഹോസ്റ്റലുകളുടെ മുകളിൽ വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി, മീനച്ചിൽ, കബനി ഹോസ്റ്റലുകളിലെ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹70,01,600/–, ₹82,99,700/– എന്നീ തുകകളിലുള്ള എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് സമർപ്പിക്കുന്നതിന് സർവ്വകലാശാല എൻജിനീയർക്ക് നിർദ്ദേശം നൽകുന്നതിനും തദനുസരണമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,

07.04.2026

**രജിസ്ട്രാർ**